*നമ്മുടെ രാജ്യത്തിന്റെ പേര് ഭാരതം എന്ന് മാത്രമാക്കാനുള്ള കൊണ്ടു പിടിച്ച ശ്രമങ്ങൾ നടക്കുകയാണ്. സ്കൂൾ പാഠപുസ്തകങ്ങളിൽ ഇനി 'ഇന്ത്യ' വേണ്ടെന്ന് എൻ.സി.ഇ.ആർ.ടി. സമിതിയുടെ നിർദേശവും വന്നു. പൂർണമായും സംഘപരിവാർ താൽപര്യമാണ് ഈ പേര് മാറ്റം. ഇന്ത്യ, ഭാരതം എന്നീ പേരുകളുടെ ചരിത്രയാത്രകളും ഭരണകൂടത്തിന്റെ സങ്കുചിത ലക്ഷ്യങ്ങളും വിശദീകരിക്കുന്ന പഠനം*

ഇന്ത്യയെന്ന പേരിന്റെ പൊരുളെന്താണ്? അതൊരു ദേശനാമം മാത്രമാണോ? അതോ അതൊരു സാമൂഹികജീവിതാദർശമാണോ? വൈദേശികമായ വേരുകളുള്ളതും അതുകൊണ്ടുതന്നെ കൈയൊഴിയപ്പെടേണ്ടതുമാണോ ഇന്ത്യയെന്ന പേര്? അതോ ചരിത്രപരിണാമത്തിന്റെ പല പടവുകളെ സംഗ്രഹിക്കുന്ന സംയോജന സ്ഥാനമാണോ അത്?

ഇന്ത്യ, ഭാരതം എന്നീ പേരുകളെ ച്ചൊല്ലി സമീപകാലത്ത് ഉയർന്നുവന്ന ചർച്ചകൾ അതിനനുബന്ധമായി ഇത്തരം ചോദ്യങ്ങളും ഉയർത്തിക്കൊണ്ട് വന്നിട്ടുണ്ട്. കഴിഞ്ഞ എഴുപത്തിയഞ്ച് വർഷമായി ഇന്ത്യയെന്നും ഭാരതമെന്നും സ്വാഭാവികമായി ഉപയോഗിച്ചുപോന്ന മനുഷ്യർക്കിടയിൽ വിതച്ച വിഭാഗീയതയുടെ മറ്റൊരു വിത്തായി മാറാൻ ഈ ചർച്ചകൾക്ക് കഴിഞ്ഞിട്ടുമുണ്ട്. വിപുലവും വൈവിധ്യപൂർണവുമായ ജനസഞ്ചയത്തെ തമ്മിലിണക്കി ഐക്യബോധമുള്ള ജനതയും രാജ്യവുമായി അതിനെ രൂപാന്തരപ്പെടുത്തിയ പ്രക്രിയയുടെ ആധാര ശിലയായി നിലകൊണ്ട ഒരു പേരിനെ വിഭാഗീയതയുടെ മറ്റൊരു പകരണമാക്കി മാറ്റാൻ വർഗീയശക്തികൾക്ക് ഇതിനകം തന്നെ കഴിഞ്ഞിട്ടുമുണ്ട്.

മേല്പറഞ്ഞ ചോദ്യങ്ങളുടെ ഉള്ളടക്കത്തിലേക്കും അതേച്ചൊല്ലിയുണ്ടായ ചർച്ചകളുടെ കാതലിലേക്കും കടക്കണമെങ്കിൽ ഇന്ത്യ, ഭാരതം, ഹിന്ദുസ്ഥാൻ, അൽഹിന്ദ് എന്നിങ്ങനെയുള്ള വിവിധ പേരുകൾ രൂപപ്പെട്ടതിന്റെയും അവയോരോന്നും ഈ രാജ്യത്തെ ഏതെല്ലാം നിലകളിൽ പ്രതിപാദിക്കുന്നു എന്നതിന്റെയും ചരിത്രത്തിലേക്ക് കടന്നുചെല്ലേണ്ടതുണ്ട്.

**ഒന്ന്**

'ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ യൂണിയനായിരിക്കുന്നതാണ്' (India, that is Bharat shall be a union of states) എന്ന വാക്യത്തിലാണ് നമ്മുടെ ഭരണഘടന ആരംഭിക്കുന്നത്. നിലവിൽ വരുന്ന റിപ്പബ്ലിക്കിന്റെ പേരായി അത് ഇന്ത്യ എന്ന പദത്തെ നിർദേശിക്കുന്നു.

ഇന്ത്യയെ സൂചിപ്പിക്കുന്ന മറ്റൊരു പേരാണ് ഭാരതം എന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഈ രാഷ്ട്രത്തിന്റെ ബഹുസ്വര സംസ്കാരത്തെയും അതിനെ കൂട്ടിയിണക്കുന്ന ഫെഡറലിസത്തിൽ അധിഷ്ഠിതമായ രാഷ്ട്രസ്വരൂപത്തെയും കുറിച്ച് സൂചിപ്പിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ ഒന്നാം അനുച്ഛേദത്തിന്റെ പ്രാരംഭവാക്യം ഇത്രയും ആശയങ്ങളെ സംഗ്രഹിക്കുന്ന ഒന്നാണ്. 'ഭാരതം' എന്ന പൗരാണിക സങ്കല്പത്തെയും 'ബ്രിട്ടീഷ് ഇന്ത്യ' എന്ന ഭൂമിശാസ്ത്രപരമായ കൊളോണിയൽ വിശദീകരണത്തെയും കൈയൊഴിഞ്ഞ് 'ഇന്ത്യ' എന്ന ഭരണഘടനാപരമായ നിർവചനത്തിലേക്ക് എത്തിച്ചേരുകയാണ് ഭരണഘടനാ നിർമാണസഭ ചെയ്തത്. സുദീർഘമായ ഒരു ചരിത്രാനുഭവത്തിന്റെ ക്രോഡീകരണമാണത്.

ഇന്ത്യ എന്ന പേരിന് രേഖീയമായ പരിണാമചരിത്രമല്ല ഉള്ളത്. സിന്ധു നദിയിൽനിന്നാണ് ആ പേരിന്റെ പിറവി. ഒഴുക്ക് എന്നർഥം വരുന്ന സ്യന്ദനം എന്നതിൽ നിന്നാണ് സിന്ധു എന്ന പേര് ഉരുത്തിരിഞ്ഞതെന്ന് ഇന്ത്യയിലെ സ്ഥലനാമങ്ങളുടെ സാംസ്കാരികചരിത്രം വിപുലമായ പരിശോധനയ്ക്ക് വിധേയമാക്കിയ അനുകപൂർ തന്റെ ഗ്രന്ഥത്തിൽ (Mapping Place Names of India) സൂചിപ്പിക്കുന്നുണ്ട്. പ്രാചീനകാലം മുതൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ അതിർത്തിയായി ഈ മഹാനദി പരിഗണിക്കപ്പെട്ടു. ഹിമാലയ ശൃംഗങ്ങളിൽ ടിബറ്റിനോട് ചേർന്ന് കൈലാസത്തിൽനിന്ന് ഉദ്ഭവിച്ച് ആദ്യം പടിഞ്ഞാറേക്കും പിന്നീട് തെക്കോട്ടേക്കും ഒഴുകി അത് കറാച്ചിക്കടുത്ത് അറബിക്കടലിൽ പതിക്കുന്നു. ഝലം, ചെനാബ്, രവി, ബിയാസ്, സത്‌ലജ് എന്നീ നദികളും പിൽക്കാലത്ത് നിലച്ചുപോയ ഘഗ്ഗർ അഥവാ സരസ്വതിയും സിന്ധുവിലേക്ക് ഒഴുകിച്ചേരുന്നു. ഈ ഉപശാഖകളെക്കൂടി ഉൾപ്പെടുത്തി സപ്തസിന്ധു എന്നപേരിൽ അത് പരാമർശിക്കപ്പെടുകയും ചെയ്തു. പല കാലങ്ങളിലായി ഇന്ത്യയിലേക്ക് വന്ന യവനർ, തുർക്കികൾ, അറബികൾ, പേർഷ്യക്കാർ എന്നിവരെല്ലാം ഈ മഹാനദിയുടെ തീരത്ത് അതിന്റെ ഗംഭീരതയെ മുഖാമുഖം കണ്ടുനിന്നു. അവരതിന്റെ തീരമേഖലയെ സിന്ധ് എന്ന് വിളിച്ചു.

പാണിനിയുടെ കാലമായ പൊതുവർഷത്തിന് മുൻപ് ആറാംശതകത്തിൽ (ആഇള്ള ആറാം നൂറ്റാണ്ട്) തന്നെ സിന്ധു എന്ന പേര് പ്രചാരത്തിലുണ്ട്. ഈ പേരിൽനിന്നാണ് 'സിന്ധ്' എന്ന പദം ഉരുത്തിരിഞ്ഞുവന്നത്. സിന്ധു പ്രാചീന പേർഷ്യനിൽ ഹിന്ദു ആയി പരിണമിച്ചു. 'സ'കാരത്തെ 'ഹ'കാരമായി ഉച്ചരിക്കുന്ന പേർഷ്യൻ ഉച്ചാരണ സമ്പ്രദായമാണ് ഇതിന് കാരണമായത്. പേർഷ്യൻ വേദഗ്രന്ഥമായ അവസ്തെയിൽ 'ഹിന്ദു' എന്ന പദം പ്രദേശസൂചകമായി വരുന്നുണ്ട്. അക്കാമെനീഡ് വംശത്തിന്റെ ഭരണമേഖലകളിലൊന്നായി 'ഹിന്ദു'വിനെ പരാമർശിക്കുന്ന ശിലാലിഖിതം ആറാം ശതകത്തിലേതായി നിലവിലുണ്ട്. അവസ്തെയുടെ ഒന്നാം ഭാഗത്തിൽ വരുന്ന 'ഹപ്തഹിന്ദു' എന്ന പ്രയോഗത്തിലാണ് ഹിന്ദുശബ്ദം ആദ്യം കടന്നുവരുന്നതെന്ന് വില്യംസ് ജാക്സൺ രേഖപ്പെടുത്തുന്നു. ഹിന്ദു, ഹപ്തഹിന്ദു, ഹിന്ദ് തുടങ്ങിയ പ്രയോഗങ്ങൾ നിലവിൽ വന്നതങ്ങനെയാണ്. പൊതുവർഷാരംഭത്തിന് മുൻപ് (BCE) 518-515

കാലയളവിൽ രേഖപ്പെടുത്തപ്പെട്ട ദാരിയസ് ഒന്നാമന്റെ ശിലാലിഖിതത്തിൽ 'ഹിദു' (Hidu) എന്ന പദം 'ഹിന്ദു' എന്നതിന്റെ തദ്ഭവരൂപമായി വരുന്നുണ്ട്. ഗ്രീക്കുകാർ ഈ പ്രയോഗത്തെ പിന്നെയും പരിഷ്ക്കരിച്ചു. അങ്ങനെ, ഇൻഡോസ് (കിറീേ) എന്നും ഇൻഡിക് (കിറശസല) എന്നുമെല്ലാമുള്ള പ്രയോഗത്തിലേക്ക് അത് പരിണമിച്ചെത്തി. ആദ്യഘട്ടത്തിൽ സിന്ധുതീരപ്രദേശത്തെക്കുറിക്കുന്ന പദമായാണ്, പ്രത്യേകിച്ചും സിന്ധുനദി അറബിക്കടലിൽ പതിക്കുന്ന പ്രദേശത്തെ ക്കുറിച്ചുവന്ന പദമായാണ് അതു പയോഗിക്കപ്പെട്ടിരുന്നതെങ്കിൽ പിന്നീടതിന്റെ അർഥസൂചന വികസിച്ചുവന്നു. മൗര്യ സാമ്രാജ്യ സ്ഥാപകനായ ചന്ദ്രഗുപ്തന്റെ കാലത്ത് ഇന്ത്യയിലെത്തിയ മെഗസ്തനീസ്, ഇൻഡോസ് (Indos) എന്നുപയോഗി ക്കുന്നുണ്ട്. നിലവിലുള്ള പേർഷ്യൻ രൂപത്തിൽനിന്ന് ഒരു ശബ്ദം (H) ഒഴിവാക്കിയും മറ്റൊന്ന് (S) കൂട്ടിച്ചേർത്തുമാണ് ഗ്രീക്കുകാർ അവരുടെ പതിവുരീതിയിൽ ഈ പദം സൃഷ്ടിച്ചതെന്ന് അനുകപൂർ ചൂണ്ടിക്കാട്ടുന്നു. അപ്പോഴേക്കും അത് വിന്ധ്യ പർവതത്തിനപ്പുറമുള്ള പ്രദേശങ്ങളെയാകമാനം സൂചിപ്പിക്കുന്ന പദമായി മാറി. ഗ്രീക്ക് ഭാഷയിൽനിന്നും ലത്തിനിലേക്കും അവിടെനിന്നും ഇംഗ്ലീഷി ലേക്കുമുള്ള സഞ്ചാരത്തിനിടയിൽ ഇൻഡോസ് ഇൻഡെ (inde)യും പിന്നാലെ ഇന്ത്യയുമായി. പേർഷ്യക്കാരും അറബികളും ഈ പരിവർത്തനത്തിന് മുമ്പുള്ള 'ഹിന്ദ്' എന്ന രൂപം തന്നെയാണ് തുടർന്നും ഉപയോഗിച്ചത്. അവരുടെ പ്രമാണങ്ങളിലും പ്രതിപാദന ത്തിലും ഈ ഭൂപ്രദേശം 'അൽ ഹിന്ദ്' എന്ന് സൂചിപ്പിക്കപ്പെട്ടു. യൂറോപ്പ് 'ഇന്ത്യ' എന്നും ഉപയോഗിച്ചു. ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ ഭരണമേഖല എന്ന അർഥത്തിൽ 'ബ്രിട്ടീഷ് ഇന്ത്യ' പ്രയോഗമായും അത് നിലനിന്നു.

മേൽപ്പറഞ്ഞ പരിണാമ ചരിത്രത്തിലൂടെ കടന്നുപോയാൽ ഇന്ത്യൻ സംസ്കൃതി യെയും നാഗരികതയെയും രൂപപ്പെടുത്തിയ നിരവധി പ്രഭാവങ്ങളെയും പ്രേരണകളെയും ഉൾക്കൊണ്ടുനിൽക്കുന്നതാണ് ഇന്ത്യയെന്ന പേര് എന്ന വസ്തുത വ്യക്തമാവും. സിന്ധു എന്ന സംസ്കൃതപദത്തിൽ തുടങ്ങി പേർഷ്യൻ, ഗ്രീക്ക്, അറബി, ലത്തീൻ, ഫ്രഞ്ച്, ഇംഗ്ലീഷ് ഭാഷകളിലൂടെയും അവയുൾപ്പെട്ടു നിൽക്കുന്ന സംസ്കൃതികളിലൂടെയും കൈമാറ്റം ചെയ്യപ്പെട്ടതാണത്. അടിസ്ഥാനപരമായി ബഹുഭാവനിഷ്ഠവും ചരിത്രപരവുമായ ഒന്ന്. ഒരു ദേശനാമം എന്നതിനോടൊപ്പം ആ ദേശത്തിന്റെ സ്വഭാവനിർവചനം കൂടി അതിലുണ്ട്. ഭാരതം എന്ന പൗരാണിക നിർവചനത്തിനും 'ബ്രിട്ടീഷ് ഇന്ത്യ' എന്ന കൊളോണിയൽ-ഭൂമി ശാസ്ത്ര നിർവചന ത്തിനും ഉപരിയായി 'ഇന്ത്യ' എന്ന പേര് ഭരണഘടനാപരമായ ദേശനിർവചന ത്തെയാണ് ഉൾക്കൊണ്ടിരി ക്കുന്നതെന്ന് വിശദീകരിക്കപ്പെടുന്നതിന്റെ സാംഗത്യവും മറ്റൊന്നല്ല. ചരിത്ര പരിണാമങ്ങളുടെയും സാംസ്കാരിക ധാരകളുടെയും സംയോജിതസ്ഥാനം എന്ന നിലയിൽ, ഇന്ത്യയിലെ സാമൂഹിക ജീവിതത്തെ ക്കുറിച്ചുള്ള ഭരണഘടനാ പരമായ ധാർമികാദർശത്തെക്കൂടി 'ഇന്ത്യ' എന്ന പേര് ഉൾക്കൊണ്ടിരിക്കുന്നു എന്നർത്ഥം.

ഇതിൽനിന്ന് കുറെയേറെ വ്യത്യസ്തമാണ് ഭാരതം എന്ന പേരിന്റെ കഥ. ഭരതനോടും ഭരതന്റെ വംശ

പാരമ്പര്യത്തോടും ബന്ധപ്പെട്ട നിലയിലാണ് അത് പൊതുവേ വിശദീകരിക്കപ്പെടാറുള്ളത്. ആ നിലയിൽ പുരാണഭാരതത്തിന് പ്രാഥമികമായി ഐതിഹ്യാത്മകം എന്നുപറയാവുന്ന ഉള്ളടക്കമാണുള്ളത്. കൊളോണിയൽ കാലഘട്ടത്തിൽ ദേശപരവും ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ ഉള്ളടക്കത്തിലേക്ക് അത് വികസിച്ചുവന്നു. രണ്ട് സഹസ്രാബ്ദങ്ങളുടെ അകലം ഈ പരിവർത്തനത്തി നിടയിലുണ്ടെന്ന് പറയാം.

ഭരതനെ ജൈനതീർഥങ്കരനായ ഭരതേശ്വരനോട് ബന്ധപ്പെടുത്തി ഭാരതം എന്ന പേരിനെ വിശദീകരിക്കാനുള്ള ശ്രമം ഉണ്ടായിട്ടുണ്ട്. ഒന്നാമത്തെ തീർഥങ്കരനായ ഋഷഭനാഥന്റെ മകനാണ് ഭരതേശ്വരൻ. ഋഷഭനാഥന്റെ പിതാവായ നാഭിയെ മുൻനിർത്തി നാഭിവർഷം എന്ന പ്രയോഗം നിലവിലുള്ള കാര്യം സ്ഥലനാമപഠിതാക്കൾ ചൂണ്ടിക്കാണിക്കുന്നുണ്ട് ജൈനപാരമ്പര്യവുമായി ബന്ധപ്പെട്ട ഈ വിശദീകരണത്തിന് കാര്യമായ വേരോട്ടം ലഭിച്ചിട്ടില്ല. തദ്ദേശീയമായ ഭരത ഗോത്രത്തെയും അവരുടെ വാസ കേന്ദ്രമായ ഭാരതത്തെയും മുൻനിർത്തി ഭാരതം എന്ന പേര് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതും വ്യാപകമായി അംഗീകാരമുള്ള ഒന്നല്ല. രാമായണ കഥാപാത്രമായ ഭരതന്റെ രാജ്യം എന്ന വിശദീകരണവും ഇതിനിടയിലുണ്ട്. കൂടുതൽ വ്യാപ്തി കൈവന്നത് മഹാഭാരതപാരമ്പര്യത്തിലെ ഭരതനോട് ബന്ധപ്പെട്ട വിശദീകരണത്തിനാണ്. ഭരതന്റെ വംശം ഭാരതവംശവും അവരുടെ ഭരണദേശം ഭാരതവും. ഭരതൻ എന്ന പേരിന് വ്യത്യസ്ത സൂചനകൾ വേറെയുമുണ്ട്. പൊതുവർഷത്തിന് മുൻപ് ആറാം ശതകത്തിൽ (BCE) നിലവിൽ വന്ന ശതപഥബ്രാഹ്മണം ഭരതനെ അഗ്നിയോടും വായുവിനോടും സൂര്യനോടും ബന്ധിപ്പിക്കുന്നു. നിരുക്തകാരനായ യാസ്കൻ ഭരതശബ്ദത്തെ പുരോഹിതൻ എന്ന അർഥത്തോട് ബന്ധിപ്പിക്കുന്നുണ്ട്. ഇറാനിലെ ബെഹിസ്താൻ കുന്നിലെ ലിഖിതത്തിൽ കാണുന്ന 'സുബൃതം' എന്ന പദം, ആദരിക്കപ്പെടുന്നത് എന്ന അർഥസൂചനയുൾക്കൊള്ളുന്നതായി പഠിതാക്കൾ ചൂണ്ടിക്കാണിക്കുന്നു. പുതുവർഷാംരംഭത്തിന് മുൻപ് ആറാം ശതകത്തിലേതാണ് ആ ലിഖിതം. 'ബൃ' ധാതുവിലെ ആദരിക്കപ്പെടുന്നത് എന്ന അർഥസൂചനയാണ് ഇതിലുള്ളതെന്നാണ് വി. പഥക് അഭിപ്രായപ്പെടുന്നത്. എന്നാൽ, ഇവയൊന്നും ഇതിഹാസ പാരമ്പര്യത്തിലെ ഭരതനോട് ബന്ധപ്പെട്ടവയല്ല. സ്ഥല സൂചകമായ പദമായി ഭാരതം താരതമ്യേന പിൽക്കാലത്ത് പുരാണ കാലത്താണ് തെളിഞ്ഞുവരുന്നത്. വായുപുരാണം ആ നിലയിൽ ഭാരതം എന്ന പദം ഉപയോഗിക്കുന്നുണ്ട്. പൊതുവർഷാരംഭത്തോട് ചേർന്ന കാലമാണ് അതിനുള്ളത്. ഹിമാലയത്തിനും ദക്ഷിണസമുദ്രത്തിനും ഇടയിലെ പ്രദേശത്തെ സൂചിപ്പിക്കാൻ ഭാരതം എന്നതിന് പകരം 'ആര്യാവർത്തം' എന്ന പേരാണ് പൊതുവിൽ ഉപയോഗിക്ക പ്പെട്ടിരുന്നത്. 'ഭാരതവർഷം' എന്ന പേരും ഉപയോഗിച്ചുപോന്നു. ഋതുഭേദങ്ങളി ലൊന്നിനെയല്ല, ഭൂഖണ്ഡത്തെയാണ് 'വർഷം' എന്ന പദം സൂചിപ്പിക്കുന്നതെന്ന് പുരാണ പഠിതാവുകൂടിയായ പർജീറ്റർ കരുതുന്നു. അശോകന്റെ കാലത്തിനുശേഷം പലനൂറ്റാണ്ടുകളോളം ആ പദം ഉപയോഗിക്കപ്പെട്ടിരുന്നില്ല. ജംബൂദ്വീപം, മനുദ്വീപം തുടങ്ങിയ പേരുകളാണ്

പുരാണപാരമ്പര്യത്തിൽ കൂടുതലായി കാണാനാവുന്നത്. ഭൂവിജ്ഞാനീയം 'ഗ്വാണ്ടനാമ' എന്ന് വിശേഷിപ്പിക്കുന്ന പ്രാക്തന ഭൂഖണ്ഡത്തെയാണത് സൂചിപ്പിക്കുന്നതെന്ന് ചിലർ വാദിക്കുന്നുണ്ട്.

ഈ നിലയിൽ മനസ്സിലാക്കിയാൽ ഭാരതം എന്ന പേരിന്റെ പ്രഭവം ഏറിയ പങ്കും പുരാണങ്ങളുമായി ബന്ധപ്പെട്ടതും ഐതിഹ്യാത്മകവും മതാത്മകവുമാണെന്ന് കാണാനാവും. അത്തരം ഐതിഹ്യാത്മക സൂചനകളിൽനിന്ന് പുറത്തു കടന്ന് ആധുനികഘട്ടത്തിൽ അത് രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ വിവക്ഷകൾ കൈവരിച്ചു. അപ്പോഴും പഴയ മതാത്മകപരിവേഷം ഇല്ലാതായതുമില്ല. ഭരണഘടനാ അസംബ്ലിയിൽ ഇന്ത്യയ്ക്ക് പകരമായി ഭാരതം എന്ന പേര് ഉന്നയിക്കപ്പെട്ടതിന് പിന്നിലും ആ പ്രേരണകളുണ്ടായിരുന്നു. ഇപ്പോൾ കേൾക്കുന്ന വാദഗതികളിലും അത് തുടരുന്നുണ്ട്. ദേശീയപ്രസ്ഥാനകാലത്ത് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നെങ്കിലും 'ഹിന്ദുസ്ഥാൻ' എന്ന പേരും അതുമായി ബന്ധപ്പെട്ട സാംസ്കാരിക സവിശേഷതകളും സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ദേശീയ സാംസ്കാരിക ഭൂപടത്തിൽനിന്ന് മാഞ്ഞുപോയി. 'ഹിന്ദ്' എന്ന പദത്തോട് സ്ഥല സൂചകമായ 'സ്ഥാൻ' കൂട്ടിയിണക്കിയാണ് പേർഷ്യക്കാർ 'ഹിന്ദുസ്ഥാൻ' എന്നുപയോഗിച്ചത്. പൊതുവർഷാരംഭത്തിനും മൂന്ന് നൂറ്റാണ്ടുകൾക്കു മുൻപേ ഈ പദം നിലവിലുണ്ട്. 'ഹിന്ദ്' നോട് അതിർത്തി സൂചകം കൂടിയായ 'സ്ഥാന'ത്തെ കൂട്ടിയിണക്കി 'ഹിന്ദുസ്ഥാനം' എന്ന സംസ്കൃതപ്രയോഗവും ''ഹിന്ദ്'-നോട് അതിർത്തിസൂചകം കൂടിയായ 'സ്ഥാന'ത്തെ കൂട്ടിയിണക്കി 'ഹിന്ദുസ്ഥാനം' എന്ന സംസ്കൃതപ്രയോഗവും നിലവിൽ വന്നു. ഹിന്ദുക്കളുടെ രാജ്യം എന്ന അർഥവിവക്ഷയിലാണ് ആ പദം ഉപയോഗിക്കപ്പെട്ടത്. ദില്ലി സുൽത്താനേറ്റ് രാജാക്കന്മാരും മുഗൾ രാജാക്കന്മാരും 'ഹിന്ദുസ്ഥാൻ' എന്ന പേർഷ്യൻ രൂപമാണ് ഉപയോഗിച്ചിരുന്നത്. പതിനൊന്നാം ശതകത്തിൽ അൽ ബിറൂനി ഇന്ത്യാചരിത്രം എന്ന അർഥത്തിൽ 'താരിഖ് അൽ ഹിന്ദ്' എന്ന് പ്രയോഗിക്കുന്നു. ദേശീയപ്രസ്ഥാന കാലത്ത് ഇന്ത്യയുടെ പേരുകളിലൊന്നായി അഭിമാനപൂർവം ഉയർത്തിപ്പിടിക്കപ്പെട്ട പദമായിരുന്നു 'ഹിന്ദുസ്ഥാൻ.' മുഹമ്മദ് ഇഖ്ബാലിന്റെ 'ഹിന്ദുസ്ഥാൻ ഹമാരാ' എന്ന പ്രയോഗത്തിന്റെ അലയടികൾ അക്കാലത്ത് ഇന്ത്യ മുഴുവൻ പടർന്നു. എങ്കിലും വിഭജനാനന്തരം ആ പേരിന് ഇടം കുറഞ്ഞു. പാക്കിസ്ഥാന്റെ മറുപുറം പോലെയാവും എന്നതിനാൽ ഒരുകൂട്ടരും മുഗൾ ബന്ധത്തെ മുൻനിർത്തി മറ്റൊരു കൂട്ടരും അതിനോട് വൈമുഖ്യം കാണിച്ചു. ഇഖ്ബാൽ പാക്കിസ്ഥാൻ പക്ഷത്തേക്ക് തിരിഞ്ഞതും അതിന് കാരണമായിട്ടുണ്ടാവണം. പതിയെപ്പതിയെ സ്വതന്ത്ര ഇന്ത്യയുടെ സാമൂഹിക ഭൂപടത്തിൽനിന്ന് ആ പദവും അതുൾക്കൊള്ളുന്ന സാംസ്കാരിക ചരിത്രവും പിൻവാങ്ങി. ആറേഴ് പതിറ്റാണ്ടുകൾ ഉത്തരഭാരതത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ കേന്ദ്രമായി നിലകൊണ്ട പേർഷ്യൻ ബന്ധങ്ങളുടെ തമസ്കരണം കൂടിയായി അത് മാറുകയും ചെയ്തു. അപ്പോഴും 'ജയ്ഹിന്ദ്' എന്ന അഭിവാദനത്തിൽ അതിന്റെ മുദ്രകൾ തുടരുന്നുണ്ട്. ഹിന്ദുസ്ഥാൻ, അൽ ഹിന്ദ് എന്നീ പേരുകൾ അസ്വീകാര്യമായതോടെ

അവശേഷിക്കുന്ന പദങ്ങൾ ഇന്ത്യ, ഭാരതം എന്നിവയായി. ഇതിലേതിനെയാണ് രാഷ്ട്രനാമമായി പരിഗണിക്കേണ്ടതെന്ന് ഭരണഘടനാ അസംബ്ലി തീരുമാനിച്ചത് അവയുടെ ചരിത്രപശ്ചാത്തലവും സാംസ്കാരികവിവക്ഷകളും മാത്രം മുൻനിർത്തിയല്ല. ദേശീയപ്രസ്ഥാനത്തിന്റെയും ദേശീയ ഭാവനയുടെയും പരിണാമ ചരിത്രവുമായി അതിന് ആഴമേറിയ ബന്ധമുണ്ടായിരുന്നു. ഇന്ത്യൻ ദേശീയതയുടെ ഉള്ളടക്കത്തോടുകൂടി ബന്ധപ്പെട്ടാണ് 'ഇന്ത്യ അതായത് ഭാരതം' എന്ന തീർപ്പിലേക്ക് ഭരണഘടനാ അസംബ്ലി എത്തിച്ചേർന്നത്. അങ്ങനെ, നിലവിലുള്ള രണ്ടുപദങ്ങളിൽ ഏതെങ്കിലുമൊന്ന് അന്തിമമായി നിലനിർത്താതെ രണ്ടു പേരുകളെയും ഇണക്കിച്ചേർത്ത ഒരു പ്രയോഗം രാഷ്ട്രനാമമായി ഭരണഘടന നിർദേശിച്ചു, 'ഇന്ത്യ അതായത് ഭാരതം'!

**രണ്ട്**

ഇന്ത്യയെന്ന ആശയത്തിലേക്കുള്ള ഈ രാജ്യത്തിന്റെ സഞ്ചാരചരിത്രം ഇന്ത്യൻ ദേശീയതയുടെ പരിണാമ ചരിത്രവുമായി ആഴത്തിൽ കെട്ടു പിണഞ്ഞതാണ്. പൗരാണികകാലം മുതലോ, ചരിത്രാതീതകാലം മുതൽ തന്നെയോ, നിലനിന്നുപോരുന്ന 'ഭാരതീയത'യെയും അതിനെ മുൻനിർത്തുന്ന ഇന്ത്യൻ ദേശിയതയെയും കുറിച്ചുള്ള വാദഗതികൾ തീവ്രദേശീയവാദികളും ഹിന്ദുത്വരാഷ്ട്രീയത്തിന്റെ പ്രതിനിധികളും ഉന്നയിച്ചുകാണാറുണ്ട്. എങ്കിലും ദേശീയതയെ ചരിത്രപരവും ആധുനികവുമായ രാഷ്ട്രീയ പ്രതിഭാസമായി വിലയിരുത്തുന്ന സമീപനം ആ വാദത്തെ ഒരുനിലയ്ക്കും ഉൾക്കൊള്ളുന്ന ഒന്നല്ല. ദേശീയതയുടെ സംസ്ഥാപന സാമഗ്രികളിലൊന്നായി 'ഭാരതീയത' എന്ന മൂല്യസങ്കല്പമോ, ആ സങ്കല്പത്തിനുപിന്നിൽ മറഞ്ഞിരിക്കുന്ന മതാത്മകതയോ ഉപയോഗപ്പെട്ടിരിക്കാമെന്നത് ശരിയാണെങ്കിലും ദേശീയത അതിൽത്തന്നെ മതാത്മകമായ ഭൂതകാല ഉത്പന്നമല്ല. നിരവധി വിഭിന്ന ഘടകങ്ങളുടെ കൂടിക്കലരലിലൂടെ നിലവിൽ വന്നതും, ആധുനികവുമായ ഒരു സാമൂഹിക-രാഷ്ട്രീയ പ്രയോഗരൂപമാണ് ഇന്ത്യൻ ദേശീയത. അത്യന്തം വൈവിധ്യപൂർണവും ചരിത്രപരവും പരിവർത്തനവിധേയവുമായ ഒന്നാണത്. സത്താപരവും കേവലവും എന്നതിനപ്പുറം ചരിത്രപരവും പ്രക്രിയാപരവുമായ ഒന്നാണത്.

ഇന്ത്യൻ ദേശീയതയുടെ സാമൂഹികാടിസ്ഥാനങ്ങളെക്കുറിച്ച് വിശദമായി ആലോചിച്ച എ.ആർ. ദേശായ് (Social Background of Indian Nationalism എന്ന ഗ്രന്ഥം) വിശ്രുതമായ തന്റെ ഗ്രന്ഥത്തിൽ അതിന്റെ അഞ്ച് പരിവർത്തനദശകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പത്തൊൻപതാം ശതകത്തിന്റെ രണ്ടാംപകുതിയിൽ പാശ്ചാത്യ വിദ്യാഭ്യാസം നേടിയ ഉപരി-മധ്യവർഗ വിഭാഗങ്ങളുടെ രാഷ്ട്രീയാശയം എന്ന നിലയിലാണ് ദേശീയഭാവനയുടെ രൂപപ്പെടൽ. സവിശേഷമായ സാമൂഹിക ഭൗതികാവശ്യങ്ങളോട് കാര്യമായ ബന്ധമൊന്നുമില്ലാതെ നിലവിൽ വന്നതും, ആധുനിക രാഷ്ട്രമീമാംസയിലെ ആശയാവലികളോട് ബന്ധപ്പെട്ട് ബീജരൂപത്തിൽ നിലകൊള്ളുന്നതുമായ ഒന്നായിരുന്നു അത്. പത്തൊൻപതാം ശതകത്തിന്റെ അവസാനവേളയിൽ ഇന്ത്യയിലെ വാണിജ്യ മുതലാളിത്തം

ദേശീയത എന്ന ആശയത്തെ ഏറ്റെടു ത്തു. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നികുതി നയങ്ങളുമായി സംഘർഷത്തിലായ ഇന്ത്യയിലെ വാണിജ്യമുതലാളിത്ത വിഭാഗം തങ്ങളുടെ സാമ്പത്തിക താത് പര്യങ്ങളോട് ദേശീയതാ സങ്കല്പത്തെ ബന്ധിപ്പിക്കുകയാണ് ചെയ്തത്. കേവലമായ രാഷ്ട്രീയാശയം എന്നതിനപ്പുറം ദേശീയതയ്ക്ക് ഭൗതികവും സാമൂഹികവുമായ അടിസ്ഥാനങ്ങൾ കൈവരുന്നത് അതുവഴിയാണ്.

ദേശീയഭാവനയുടെ ഈ ആദ്യ ഘട്ടങ്ങൾ തമ്മിൽ ചില സാദൃശ്യങ്ങളും വൈസാദൃശ്യങ്ങളും ഉണ്ടായിരുന്നു. സമൂഹത്തിലെ അതിന്യൂനപക്ഷത്തിന്റെ, ഉന്നതവിദ്യാഭ്യാസം ലഭിച്ച ഉപരി മധ്യവർഗത്തിന്റെ, അവബോധത്തോടാണ് ദേശീയതാസങ്കല്പം ഈ ഘട്ടങ്ങളിൽ ബന്ധപ്പെട്ടിരുന്നത് എന്നതാണ് പൊതുവായി കാണാൻ കഴിയുന്ന സവിശേഷത. അതേസമയം തന്നെ മിക്കവാറും കേവലമായ ഒരാശയമെന്ന നിലയിൽനിന്ന് സവിശേഷമായൊരു സാമൂഹിക വിഭാഗത്തിന്റെ വർഗപരമായ താത്പര്യ ങ്ങളുമായി കൂടിക്കലർന്ന് ഭൗതികമായ ചില അടിസ്ഥാനങ്ങളിലേക്ക് പരിണ മിച്ചെത്തി എന്നതാണ് രണ്ടാം ഘട്ടത്തിൽ ദേശീയതാസങ്കല്പത്തിന് കൈവന്ന പ്രധാന വ്യത്യാസം. എത്ര പരിമിതമായ തോതിലാണെങ്കിലും അതൊരു സവിശേഷ ജനവിഭാഗം ഏറ്റെടുക്കുന്ന, രാഷ്ട്രീയാശയമായി മാറി എന്നർഥം.

ഇവിടെ ഉയരാവുന്ന ഒരു ചോദ്യമുണ്ട്. ഒന്നാം സ്വാതന്ത്ര്യസമരം എന്ന് വിശേഷിപ്പിക്കപ്പെട്ടതുൾപ്പെടെയുള്ള പത്തൊൻപതാം നൂറ്റാണ്ടിലെ സമരങ്ങളെ ദേശീയതയുടെ ആവിഷ്കാരമായി കാണേണ്ടതല്ലേ എന്ന ചോദ്യം. പിൽക്കാലത്ത് ബ്രിട്ടീഷ് വിരുദ്ധമായ ദേശീയാവബോധത്തിന്റെ നിർമിതിയിൽ അതിപ്രധാനമായ പങ്കുവഹിച്ച ഒന്നാണീ സമരങ്ങൾ. പഴശ്ശിയും താന്തിയാതോപ്പിയും റാണിലക്ഷ്മീബായിയും നാനാസഹേബും മറ്റും ഉൾപ്പെടുന്നവരുടെ പോരാട്ടവീര്യവും അവർ ബ്രിട്ടീഷ് അധികാരത്തിനെതിരേ ഉയർത്തിയ ചെറുത്തു നിൽപ്പും അത്യന്തം ആദരണീയവും ധീരവുമായിരുന്നു. അതേസമയം ആ പോരാട്ടങ്ങളെ അതേപടി ദേശീയതയുടെ ആവിഷ് കാരങ്ങളായി കാണുന്നതിൽ ചില വൈരുധ്യങ്ങളുമുണ്ട്. സാമ്രാജ്യാധി കാരത്തിനെതിരായ ജനകീയ പ്രതിരോധം എന്നതിലുപരി, മധ്യകാല നാടു വാഴിത്തത്തിന്റെയും രാജാധികാരത്തിന്റെയും അവശിഷ്ടാധികാരങ്ങളുടെ സംരക്ഷണമോ പുനഃസ്ഥാപനമോ ആയിരുന്നു അവയുടെ പ്രധാന താത്പര്യം. അവിടെനിന്ന് ആധുനികമായ ജനാധിപത്യ സങ്കല്പത്തിലേക്കും പിൽക്കാലത്ത് ദേശീയപ്രസ്ഥാനം ഉയർത്തിക്കൊണ്ടുവന്ന ദേശീയതാസങ്കല്പത്തിലേക്കും സാമാന്യം നല്ല അകലമുണ്ട്.

മേല്പറഞ്ഞ പരിമിതവൃത്തത്തെ ഭേദിച്ച് ദേശീയഭാവന ജനകീയവ്യാപ്തി കൈവരിക്കുന്നതും, സാമൂഹിക ജീവിതത്തിന്റെ കീഴ്ത്തട്ടുകളിലേക്ക് വ്യാപിക്കുന്നതും ഇരുപതാം ശതകത്തിന്റെ ആദ്യപതിറ്റാണ്ടുകളോടെയാണ്. ബംഗാൾ വിഭജനവും സ്വദേശിപ്രസ്ഥാനവും എല്ലാം ഉൾപ്പെട്ട ഒരു കാലയളവിന്റെ ഉത്പന്നമാണത്. സാമ്രാജ്യവിരുദ്ധമായ ജനകീയാവബോധവും പ്രത്യക്ഷമായ രാഷ്ട്രീയപ്രതിരോധവുമായി ദേശീയതാസങ്കല്പം ഈ കാലയളവിൽ

വികസിച്ചുവന്നു എന്നുപറയാം. ഗാന്ധിക്കു മുൻപുള്ള ഏറ്റവും സമുന്നത നായ ദേശീയനേതാവായ ബാലഗംഗാധരതിലകൻ ഈ കാല ഘട്ടത്തിന്റെ ഉത്പന്നമാണ്. ദേശീയതാസങ്കല്പം അതിന്റെ അമൂർത്തസ്വഭാവം കൈ വെടിഞ്ഞ് മൂർത്തവും ജനകീയവുമായ ഉള്ളടക്കവും വ്യാപ്തിയും കൈവരിച്ചു എന്നർഥം.

ജനകീയവ്യാപ്തി കൈവരിച്ചു എന്നിരിക്കെത്തന്നെ ഈ ഘട്ടത്തിലെ ദേശീയതാസങ്കല്പത്തിന് വലിയൊരു പരിമിതിയുണ്ടായിരുന്നു. അടിസ്ഥാനപരമായി അത് മതാത്മകമായിരുന്നു. മതാത്മകമായ ദേശീയഭാവനയിൽ അടിയുറച്ച് ലാലാലജ്പത്റായി ഉൾപ്പെടെയുള്ള നേതാക്കൾ മുതൽ അരവിന്ദഘോഷും ഖുദിറാം ബോസും രാംപ്രസാദ് ബിസ്മിലും ഉൾപ്പെടെയുള്ള പ്രക്ഷോഭ കാരികൾവരെയുള്ളവരുടെ ദേശീയ ഭാവനയുടെ അടിപ്പടവ് മതമായിരുന്നു. ഹൈന്ദവമായ മതാത്മക മൂല്യങ്ങൾ ദേശീയതയുടെ ആധാരസാമഗ്രികളായി വിഭാവനം ചെയ്യപ്പെട്ടു. അടിസ്ഥാനപരമായി ദേശീയത ഹൈന്ദവദേശീയതയായി. ബലിഷ്ഠ ഹൈന്ദവ ദേശീയത (Militant Hindu Nationalism) എന്ന് എ.ആർ. ദേശായ് അതിനെ വിശേഷിപ്പിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഒരുഭാഗത്ത് ദേശീയഭാവനയുടെ ജനകീയ വ്യാപനത്തിനും സാമ്രാജ്യത്വ വിരുദ്ധമായ രാഷ്ട്രീയ സമരങ്ങൾക്കും വഴി തുറന്നപ്പോൾതന്നെ മറുഭാഗത്ത് അത് മുസ്ലീങ്ങൾ അടക്കമുള്ള വലിയൊരു വിഭാഗത്തിന്റെ അപരവത്കരണത്തിനും വഴിതുറന്നു. ആ നിലയിൽ അകമേ വൈരുധ്യ നിർഭരമായ അടിസ്ഥാനത്തിലാണ് ഇന്ത്യൻ ദേശീയതയുടെ ജനകീയ വ്യാപനം സംഭവിച്ചത് എന്നുപറയാം.

ഈ വൈരുധ്യത്തെ ആഴത്തിൽ അഭിസംബോധന ചെയ്യാനും അതിനെ മറികടക്കാൻ പോന്ന വിധത്തിൽ ദേശീയതാസങ്കല്പത്തെ പുനർവിഭാവനം ചെയ്യാനും കഴിഞ്ഞു എന്നതിലാണ് ഗാന്ധിയുടെ പ്രാധാന്യം കുടികൊള്ളുന്നത്. ജനകീയവും മതനിരപേക്ഷവുമായ ദേശീയഭാവനയുടെ സംയോജന സ്ഥാനമായാണ് (convergence point) ഗാന്ധി ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽ ഉയർന്നുവന്നത്. ഖിലാഫത്ത് മുതൽ ഹിന്ദുസ്ഥാനിയെ ദേശീയഭാഷയായി ഉയർത്തിക്കൊണ്ടുവരുന്നതുവരെയുള്ള വിവിധ ശ്രമങ്ങളിലൂടെ ദേശീയതാ സങ്കൽപ്പത്തിനുള്ളിലെ മതപരമായ വൈരുദ്ധ്യങ്ങളെ മറകടക്കാൻ ഗാന്ധി ശ്രമിച്ചു. ആ ശ്രമങ്ങളിൽ അദ്ദേഹം പൂർണവിജയം നേടിയെന്ന് പറയാനാവില്ല. ഇന്ത്യൻ ദേശീയതയുടെ അടിത്തട്ടിൽ നിന്ന് മതാത്മകമായ മുൻവിധികളെയും അതിന്റെ വിഭാഗീയ യുക്തികളെയും ഒഴിവാക്കാൻ ദേശീയപ്രസ്ഥാനത്തിന് കഴിഞ്ഞതുമില്ല. അംബേദ്കർ ഉൾപ്പെടെയുള്ളവർ ഉയർത്തിക്കൊണ്ടു വന്ന ജാതി വിമർശനത്തെ ദേശീയ പ്രസ്ഥാനത്തിന്റെ കേന്ദ്രമായി പരിഗണിക്കാൻ മടിക്കുന്നതിലൂടെ, ഗാന്ധി തന്നെ ദേശീയഭാവനയുടെ മതനിരപേക്ഷവത്കരണത്തെ ദുർബല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അത്തരം പരിമിതികൾക്കുള്ളിലും ഇന്ത്യൻ ദേശീയതയുടെ ജനകീയവും മത നിരപേക്ഷവുമായ വ്യാപനത്തിന്റെ കേന്ദ്രമായി ഗാന്ധി നിലകൊണ്ടു.

ദേശീയഭാവനയുടെ ഈ പുതിയ പ്രകരണത്തെ രൂപപ്പെടുത്തുന്നതിൽ

ഗാന്ധിജിക്ക് ഏറ്റവുമധികം തുണയായത് അദ്ദേഹം ഉയർത്തിക്കൊണ്ടുവന്ന പുതിയ സമരതന്ത്രമാണ്. അമൂർത്തമായ രാഷ്ട്രീയമുദ്രാവാക്യങ്ങൾ ഉന്നയിക്കുന്നതിനു പകരം മൂർത്തമായ ഭൗതിക പ്രശ്നങ്ങളിൽ നിന്ന് സമരം ആരംഭിക്കണമെന്ന ഇടതുപക്ഷ സമരതന്ത്രം ഇന്ത്യയിൽ ഏറ്റവും ഫലപ്രദമായി നിറവേറ്റിയത് ഗാന്ധിയാണെന്ന് ഇർഫാൻ ഹബീബ് നിരീക്ഷിക്കുന്നുണ്ട്. 1915 ജനുവരിയിൽ ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ എത്തിയ ഗാന്ധി രണ്ടുവർഷത്തോളം ഇന്ത്യ മുഴുവൻ സഞ്ചരിച്ചതിനുശേഷമാണ് ചമ്പാരൻ സമരം ആരംഭിക്കുന്നത്. ചമ്പാരൻ സത്യാഗ്രഹത്തിന്റെ മുദ്രാവാക്യം അതുവരെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മുഴങ്ങിക്കേട്ട രാഷ്ട്രീയ മുദ്രാവാക്യങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒന്നായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്നോ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം വേണമെന്നോ പോലുള്ള മുദ്രാവാക്യങ്ങളല്ല ഗാന്ധി ഉയർത്തിയത്. മറിച്ച് കർഷകർക്ക് വിളവിന് വിലകിട്ടണം എന്നാണ്. കർഷകർ എന്ന സാമൂഹ്യ വിഭാഗം ഇന്ത്യയുടെ രാഷ്ട്രീയ ചക്രവാളത്തിൽ ആദ്യമായി ഇടംനേടുന്ന സന്ദർഭമാണിത്. അക്കാലംവരെ മധ്യ-ഉപരിവർഗ വിഭാഗങ്ങളുടെയോ, മധ്യകാല നാടുവാഴിത്തത്തിന്റെ അവശിഷ്ടാധി കാരങ്ങൾക്കുവേണ്ടിയോ ഉന്നയിക്കപ്പെട്ട മുദ്രാവാക്യങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമായിരുന്നു ഗാന്ധി ഉയർത്തിയ മുദ്രാവാക്യം. കർഷകർ എന്ന വിഭാഗം സമരകേന്ദ്രത്തിലേക്ക് വന്നതോടെ അത് ജാതിക്കും മതത്തിനും ഭാഷയ്ക്കും പ്രദേശത്തിനും കുറുകെ നീങ്ങുന്ന, അഥവാ അവയെല്ലാം അതിവർത്തിക്കുന്ന പുതിയൊരു സമരമുഖത്തിന്റെ പ്രാരംഭമായിത്തീർന്നു. അക്കാലംവരെ ഭാഷയാലും മതത്താലും ജാതിയാലും സംസ്കാരത്താലും വിഭജിക്കപ്പെട്ട നിലയിൽനിന്ന് മാറി, ഏകീകരിക്കപ്പെട്ട ഒരു ജനതയുടെ രൂപപ്പെടലിന് അടിത്തറയൊരുക്കുന്നതായിരുന്നു ഈ സമരതന്ത്രം. ചമ്പാരനിലെ സമരം പിന്നീട് പലയിടങ്ങളിലേക്ക് പടർന്നു. ഉപ്പുസത്യാഗ്രഹമായും സ്വദേശി വസ്ത്ര മായും നിർമ്മാണ പ്രവർത്തനങ്ങളായും അയിത്തോച്ചാടനമായും പലരൂപത്തിൽ അത് വികസിച്ചുവന്നു. ഈ സമരങ്ങൾ ജാത്യാതീതവും മതേതരവുമായ സാമൂഹിക സ്വത്വത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ കേന്ദ്രത്തിൽ ഉയർത്തിക്കൊണ്ടുവന്നു. 1920-കൾ മുതൽ ഏതാണ്ട് കാൽനൂറ്റാണ്ടുകാലം പല നിലകളിൽ അരങ്ങേറിയ ഈ പുതിയ സമരതന്ത്രമാണ് മതനിരപേക്ഷമായ സാമൂഹിക-രാഷ്ട്രീയാവിഷ്കാരമായി ഇന്ത്യയിലെ ദേശീയപ്രസ്ഥാനത്തെ പുതുക്കിപ്പണിതത്. പത്തൊമ്പതാം നൂറ്റാണ്ടിലെ ഉപരിവർഗ/മധ്യ വർഗ വിഭാഗങ്ങളുടെ രാഷ്ട്രീയ അഭിലാഷങ്ങൾ എന്നതിൽനിന്നും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ മതാത്മക ദേശീയ ഭാവന എന്നതിൽനിന്നും വ്യത്യസ്തമായി മതനിരപേക്ഷവും ജനാധിപത്യപരവും സമഭാവനാനിഷ്ഠവുമായ ദേശീയതാ സങ്കല്പം ദേശീയപ്രസ്ഥാനത്തിന്റെ കേന്ദ്രത്തിൽ ഇടംപിടിച്ചു. തിലകനും മറ്റും നേതൃത്വം നൽകിയിരുന്ന മതാത്മക രാഷ്ട്രഭാവനയെ പിന്തള്ളി മതനിരപേക്ഷവും ജനാധിപത്യപരവുമായ ദേശീയസങ്കല്പം ഇന്ത്യയിൽ വേരുപിടിക്കുന്നതിന്റെ അടിസ്ഥാനമായത് ഈ സമരതന്ത്രമാണ്.

ഗാന്ധിയുടെ നേതൃത്വത്തിൽ വികസിച്ചു വന്ന ഈ ദേശീയ ഭാവനയിലേക്ക് വിവിധ ധാരകൾകൂടിയിണങ്ങിനിന്നു എന്ന കാര്യവും ഇവിടെ പരിഗണിക്കേണ്ടതുണ്ട്. കർഷകപ്രസ്ഥാനങ്ങൾ, സോഷ്യലിസ്റ്റുകൾ, ഇടതുപക്ഷക്കാർ, കമ്യൂണിസ്റ്റുകാർ എന്നിങ്ങനെ ഗാന്ധിജിയുടെ വീക്ഷണങ്ങളോട് യോജിക്കുകയും വിയോജിക്കുകയും ചെയ്ത വിവിധ ധാരകളുടെ സംഗമബിന്ദുവായി ഗാന്ധി മാറിത്തീർന്നു. ഗാന്ധി എന്നത് ഒരാളുടെ പേരെന്നതിനപ്പുറം 1920-കൾക്കുശേഷം ദേശീയ പ്രസ്ഥാനത്തിൽ വന്നുചേർന്ന വിവിധപ്രവണതകളുടെ ആകെത്തുകയായിമാറി. 1930-കളോടെ ട്രേഡ് യൂണിയൻ പ്രസ്ഥാനം, യുവജന പ്രസ്ഥാനം, വിദ്യാർഥി പ്രസ്ഥാനം, സ്ത്രീകളുടെ പ്രസ്ഥാനം തുടങ്ങിയവയെല്ലാം നിലവിൽ വരികയും ഇവയിലൂടെ ജാതിക്കും മതത്തിനും, ഭാഷയ്ക്കും സംസ്കാരത്തിനും, പ്രദേശത്തിനും വംശത്തിനും അതീതമായ സാമൂഹിക ഐക്യം രൂപപ്പെടുകയും ചെയ്തു. ഈ സാമൂഹിക ഐക്യമാണ് പിൽക്കാലത്ത് 'ഇന്ത്യയെന്ന ആശയ'ത്തിന്റെ അടിത്തറയായി നിലകൊണ്ടത്. 1946 ഡിസംബർ 9 മുതൽ 1949 നവംബർ 26 വരെ നീണ്ടു നിന്ന ഭരണഘടനാ നിർമ്മാണ സഭ രൂപം നൽകിയ ഇന്ത്യൻ ഭരണഘടന മത നിരപേക്ഷ ജനാധിപത്യ ദേശീയത എന്ന സങ്കല്പത്തെയാണ് രാഷ്ട്രസ്വരൂപത്തിന്റെ അടിത്തറയായി ഉയർത്തിപ്പിടിച്ചത്. അതോടെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിമുതൽ ആരംഭിച്ചതും ഒരുനൂറ്റാണ്ട് പിന്നിട്ടതുമായ പരിണാമത്തിന്റെ അവസാന പടവിലേക്ക് ഇന്ത്യൻ ദേശീയത എത്തിച്ചേർന്നു. ആദ്യഘട്ടത്തിലെ മധ്യവർഗ പ്രകൃതത്തെയും പിന്നാലെവന്ന മതരാഷ്ട്രഭാവനയെയും നിരസിച്ചുകൊണ്ട് മതനിരപേക്ഷ ജനാധിപത്യദേശീയത എന്ന സങ്കല്പമായി അത് ഭരണഘടനയിൽ ഇടം നേടി. ഈ മതനിരപേക്ഷ ജനാധിപത്യ ഭാവനയാണ് ഇന്ത്യ എന്ന ആശയമായി പരിണമിച്ചത്. ഇന്ത്യ കേവലം ഒരു ഭൂപ്രദേശത്തിന്റെ പേരല്ലെന്നും അതൊരു സാമൂഹിക ജീവിതാദർശം കൂടിയാണെന്നും പറയുന്നതിന്റെ അടിസ്ഥാനമിതാണ്. ഇന്ത്യ എന്ന ആശയത്തിന്റെ നിർമാണ ചരിത്രത്തിലെ കേന്ദ്ര ബിംബം എന്ന നിലയിലാണ് മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവായി വിലയിരുത്തിപ്പോരുന്നതും. ഒരു ആലങ്കാരികപ്രയോഗം എന്നതിനപ്പുറം അത് വലിയൊരു ചരിത്രപ്രക്രിയയുടെ സംഗമസ്ഥാനമാണ്.

ഇവിടെ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യംകൂടിയുണ്ട് ഇന്ത്യ എന്ന ആശയത്തിന്റെ കേന്ദ്രമായി ഉയർന്നുവന്ന മതനിരപേക്ഷ ദേശീയതാ സങ്കല്പത്തിന്റെ വിപരീത സ്ഥാനമായിരുന്നു ഇന്ത്യയിലെ മത രാഷ്ട്രവാദം എന്ന കാര്യമാണത്. 1920-കൾ മുതൽ മതരാഷ്ട്രവാദികളായ വർഗീയ ശക്തികൾ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന മതനിരപേക്ഷ-ജനാധിപത്യ ദേശീയതാസങ്കല്പത്തിന്റെ വിപരീത സ്ഥാനമായാണ് സ്വയംനിലകൊണ്ടത്. ഒരുഭാഗത്ത് സ്വാതന്ത്ര്യ പ്രക്ഷോഭത്തിനെതിരേ ബ്രിട്ടീഷ് അനുകൂലനിലപാടുകൾ സ്വീകരിച്ചുകൊണ്ടും, മറുഭാഗത്ത് ഹിന്ദു-മുസ്‌ലിം ഐക്യത്തിനെതിരേ വർഗീയ വിഭജനത്തിന്റെ വക്താക്കളായി പ്രവർത്തിച്ചു കൊണ്ടും ഇന്ത്യൻ ദേശീയതയുടെ വിപരീതസ്ഥാനമായി വർഗീയശക്തികൾ 1920-കൾ മുതൽ ഇന്ത്യയിൽ നിലനിന്നു പോന്നു. ആ നിലയിൽ ഇന്ത്യ എന്ന ആശയത്തിന്റെ വിപരീതസ്ഥാനമായിരുന്നു

മതരാഷ്ട്ര വാദം. ഗാന്ധിയായിരുന്നു ഈ വർഗീയ രാഷ്ട്രീയത്തിന്റെ മുഖ്യശത്രു. ഈ ശത്രുതയുടെ അന്തിമമായ ആവിഷ്കാരമായിരുന്നു ഗാന്ധിയുടെ വധം. അത് ഗോഡ്സെ എന്ന മതഭ്രാന്തന്റെ ഒറ്റതിരിഞ്ഞ പ്രവൃത്തിയായിരുന്നില്ല. മറിച്ച് മതനിരപേക്ഷ ജനാധിപത്യരാഷ്ട്രം എന്ന സങ്കല്പത്തിനെതിരേ നിലകൊണ്ട മത രാഷ്ട്രവാദത്തിന്റെ കാര്യനിർവഹണമായിരുന്നു.

**മൂന്ന്**

1949 സെപ്റ്റംബർ 18-നാണ് ഭരണഘടനാ അസംബ്ലി 'ഇന്ത്യ' എന്ന പേരിനെ സംബന്ധിക്കുന്ന ഭാഗം ചർച്ചയ്ക്കെടുത്തത്. 'ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ യൂണിയൻ ആയിരിക്കും' എന്ന് പ്രഖ്യാപിക്കുന്ന ഭരണഘടനയുടെ ഒന്നാം അനുച്ഛേദത്തിലെ ആദ്യവാക്യമാണ് രാഷ്ട്രത്തിന്റെ പേരെന്തെന്ന് വിശദീകരിക്കുന്നത്. അതോടൊപ്പം ഇന്ത്യ സംസ്ഥാനങ്ങളുടെ യൂണിയൻ ആയിരിക്കുന്നതാണ് എന്ന് പറയുന്നതിലൂടെ ഭാവിരാഷ്ട്രത്തിന്റെ സ്വരൂപത്തെയും അതിന്റെ ബഹുസ്വര പ്രകൃതത്തെയും സൂചനാരൂപത്തിൽ സംഗ്രഹിക്കാനും ഒന്നാം അനുച്ഛേദത്തിലെ ആദ്യവാക്യം ശ്രമിക്കുന്നുണ്ട്.

ഏഴരപ്പതിറ്റാണ്ടുകാലം സാർവത്രിക സമ്മതിയോടെ നിലകൊണ്ടെങ്കിലും 'ഇന്ത്യ' എന്ന പേര് ഭരണഘടനാ അസംബ്ലിയിൽ ദീർഘമായ ചർച്ചകൾക്കു ശേഷമാണ് അംഗീകരിക്കപ്പെട്ടത് എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. അരമണിക്കൂർ കൊണ്ട് തീർപ്പാക്കാവുന്ന വിഷയമായാണ് അംബേദ്കർ ചർച്ചയുടെ തുടക്കത്തിൽ ഇതിനെ കണ്ടതെങ്കിലും സുദീർഘമായ ചർച്ചതന്നെ ആ വിഷയത്തിൽ നടക്കുകയുണ്ടായി. ഭാരതം, ഇന്ത്യ, ആര്യാവർത്തം, ആർഷഭാരതം, ഭാരത വർഷം തുടങ്ങിയവ മുതൽ ഹിന്ദ്, ഹിന്ദുസ്ഥാൻ എന്നതുവരെയുള്ള പേരുകൾ നിർദേശിക്കപ്പെട്ടു. 'ഇൻക്വിലാബ് സിന്ദാബാദ് (വിപ്ലവം വിജയിക്കട്ടെ) എന്ന മുദ്രാവാക്യത്തിന് രൂപംനൽകിയ ഹസ്രത്ത് മൊഹാനി യൂണിയൻ ഓഫ് സോവറിൻ സ്റ്റേറ്റ്സ് ഓഫ് ഇന്ത്യ (USSI) എന്ന പേരാണ് നിർദേശിച്ചത്.

രാഷ്ട്രനാമമായി മേൽപ്പറഞ്ഞ പലപേരുകളും ഉയർന്നുവന്നെങ്കിലും മൂന്ന് പേരുകളാണ് ഭരണഘടനാ അസംബ്ലിയിൽ അന്തിമമായി പരിഗണിക്കപ്പെട്ടത്. ഇന്ത്യ, ഭാരതം, ഹിന്ദുസ്ഥാൻ എന്നീ പേരുകൾ. 'അൽഹിന്ദ്' അതിന്റെ അറേബ്യൻ-പേർഷ്യൻ പശ്ചാത്തലത്തെ മുൻനിർത്തിയും, ആര്യാവർത്തം, ആർഷഭാരതം, ഭാരത ഖണ്ഡം മുതലായവ അവയുടെ ഐതിഹ്യാത്മകവും മതപരവുമായ പ്രകൃതത്തെ മുൻനിർത്തിയും പെട്ടെന്നു തന്നെ കയ്യൊഴിയപ്പെട്ടു, ഹിന്ദുസ്ഥാൻ എന്നപേരിന് കുറേയേറെ പിൻതുണ കിട്ടുകയുണ്ടായി. ഹിന്ദു മുസ് ലിം വിഭാഗങ്ങളിൽനിന്ന് ഒരുപോലെ പിന്തുണലഭിച്ച പേരായിരുന്നു അത്.! ഹിന്ദുക്കളുടെ നാട് എന്ന അർഥമാണ് ഹൈന്ദവ നിലപാടുകാരെ അതിലേക്ക് ആകർഷിച്ചതെങ്കിൽ ദൽഹി സുൽത്താനേറ്റിന്റെയും മുഗൾ ഭരണകാലത്തിന്റെയും ഓർമകൾപേറുന്നു എന്നതാണ് മുസ്ലിം പക്ഷത്തുള്ളവർക്ക് പ്രചോദനമായത്. എങ്കിലും രണ്ടുകാരണങ്ങളാൽ ഹിന്ദുസ്ഥാൻ എന്ന പേര് സ്വീകരിക്കപ്പെട്ടില്ല. മതരാഷ്ട്രമായി മാറിയ പാകിസ്താന്റെ മറുപുറം പോലെയായി ഇന്ത്യയുടെ പേര് മാറിത്തീരും എന്നതായിരുന്നു

ഒന്നാമത്തെ കാരണം. ഇന്ത്യ കൈക്കൊണ്ട മതനിരപേക്ഷഭാവത്തെ നിരാകരിക്കുന്ന ഒന്നായി 'ഹിന്ദുസ്ഥാൻ' എന്ന പേര് വിലയിരുത്തപ്പെട്ടു. അതോടൊപ്പം പത്തൊമ്പതാം നൂറ്റാണ്ടുവരെ ഹിന്ദുസ്ഥാൻ എന്ന പേര് ഉത്തരേന്ത്യയെ മാത്രമേ സൂചിപ്പിച്ചിരുന്നുള്ളൂ എന്നതും പരിഗണിക്കപ്പെട്ടു. പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ ബ്രിട്ടീഷ് ഭൂപടങ്ങളിൽ ഹിന്ദുസ്ഥാന്റെ അതിർത്തി നിരന്തരമായി പരിണമിക്കുന്നകാര്യവും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ ആ പേരിന് കാര്യമായ പ്രചാരമുണ്ടായിരുന്നില്ല. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ രേഖകളിലടക്കം ദക്ഷിണേന്ത്യ 'ഡെക്കാൺ' എന്നാണ് അറിയപ്പെട്ടത്. 'ദക്ഷിണം' എന്നതിൽനിന്ന് പരിണമിച്ചുണ്ടായ ഡെക്കാൻ ആണ് പ്രദേശപരമായ സൂചനയായി ദക്ഷിണേന്ത്യയെ കുറിക്കുന്ന വാക്കായി ഉപയോഗിച്ചുപോന്നിരുന്നത്.

ഹിന്ദുസ്ഥാൻ എന്ന പേര് നിരസിക്കപ്പെട്ടതോടെ ഇന്ത്യ, ഭാരതം എന്നീ പേരുകൾ മാത്രം ബാക്കിയായി. ഭരണഘടനാ അസംബ്ലിയിൽ ഏറ്റവുമധികം ചർച്ചനടന്നതും ഇതിലേതുപദം സ്വീകരിക്കണം എന്നതിനെച്ചൊല്ലിയായിരുന്നു. എച്ച്.വി. കാമത്ത്, ഹസ്രത്ത് മൊഹാനി, കമലാപതി ത്രിപാഠി, സേത്ത് ഗോവിന്ദദാസ്, ഹർഗോവിന്ദ് പന്ത്, ബ്രജേശ്വർ പ്രസാദ്, പി.എസ്. ദേശ്മുഖ്, എസ്. നാഗപ്പ എന്നിങ്ങനെ നിരവധിപേർ ഇതേക്കുറിച്ചുള്ള ചർച്ചകളിൽ പങ്കുചേരുന്നുണ്ട്. ഇന്ത്യ എന്നത് വൈദേശികമായ പ്രഭവമുള്ള പദമായതിനാൽ അത് രാഷ്ട്രനാമമായി സ്വീകരിക്കരുതെന്ന വാദം കാര്യമായിത്തന്നെ ഉന്നയിക്കപ്പെട്ടു. തദ്ദേശീയമായ പദം എന്ന നിലയിൽ 'ഭാരതം' എന്ന പേരാണ് രാഷ്ട്രത്തിന് നൽകേണ്ടത് എന്നായിരുന്നു 'ഇന്ത്യ'യ്ക്കെതിരേ നിലകൊണ്ടവരുടെ വാദം. എച്ച്.വി. കാമത്ത് 'ഭാരതം അഥവാ ഇംഗ്ലീഷിൽ ഇന്ത്യ' എന്ന ഭേദഗതി നിർദേശിച്ചു. കമലാപതി ത്രിപാഠി 'ഭാരതം അതായത് ഇന്ത്യ' എന്ന പേരാണ് നിർദേശിച്ചത്. 'ഭാരത'ത്തിന്റെ ഉദ്ഭവചരിത്രം ചർച്ചയിൽ വിശദമായിത്തന്നെ പ്രതിപാദിക്കപ്പെട്ടു. എന്തിനാണിങ്ങനെ സമയം പാഴാക്കുന്നതെന്ന് അംബേദ്കർ ചോദിക്കുന്ന നിലയിൽ ചർച്ചകൾ വഴിമാറി സഞ്ചരിക്കുന്നുണ്ട്. ഒടുവിൽ മുപ്പത്തെട്ടിനെതിരേ അൻപത്തിയൊന്ന് വോട്ടുകൾക്ക് 'ഇന്ത്യ അതായത് ഭാരതം' എന്ന പേര് ഭരണഘടനാ അസംബ്ലി അംഗീകരിച്ചു. പുതിയ രാഷ്ട്രത്തിന്റെ ഔദ്യോഗികവും പ്രഥമവുമായ പേരായി 'ഇന്ത്യ' ഉറച്ചു. ഭരണഘടനയടക്കമുള്ള ആധികാരിക രേഖകളെല്ലാം പുതിയ രാഷ്ട്രത്തെ 'ഇന്ത്യ' എന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

'ഇന്ത്യ അതായത് ഭാരതം' എന്ന പേര് ഭരണഘടനാ അസംബ്ലിയിൽത്തന്നെ പരിഹസിക്കപ്പെട്ടിട്ടുണ്ട്. ഏതാണ് രാജ്യം എന്ന് ചോദിച്ചാൽ 'ഇന്ത്യ അതായത് ഭാരതം' എന്നാണോ പറയേണ്ടതെന്ന് ചില അംഗങ്ങൾ ചർച്ചകൾക്കിടയിൽ അംബേദ്കറോട് പരിഹാസപൂർവം ചോദിക്കുന്നുണ്ട്. അതെല്ലാം നിലനിൽക്കെത്തന്നെ ഒരു രാജ്യത്തിന് ഇരുനാമങ്ങൾ കൂട്ടിയിണക്കി നൽകിയ ഈ പ്രക്രിയ ചരിത്രപരമായി പ്രാധാന്യമുള്ള ഒന്നാണെന്ന് കാണാനാവും. ഒരുഭാഗത്ത് തദ്ദേശീയമായ രാഷ്ട്ര ഭാവനയെയും മറുഭാഗത്ത് രാഷ്ട്രത്തിന്റെ ചരിത്ര

പരിണാമത്തെയും ബഹുസ്വര പാരമ്പര്യത്തെയും ഉൾക്കൊള്ളുന്ന പേരുകളെ ഒരുമിച്ചുനിർത്തുകയാണ് ഭരണഘടനാ അസംബ്ലി ചെയ്തത്. 'ഇന്ത്യ' എന്ന പദം മാത്രം നിലനിർത്തി ഭാരതം എന്ന പേരിനെ കയ്യൊഴിയാൻ അത് തയ്യാറായില്ല. പ്രഥമ നാമമായി 'ഇന്ത്യ'യെ നിലനിർത്തിക്കൊണ്ടും 'ഭാരത'ത്തെ അതിനൊപ്പം ചേർത്തു കൊണ്ടുമാണ് ഭരണഘടനാ നിർമ്മാതാക്കൾ രാഷ്ട്രനാമം സ്വീകരിച്ചത്. ഇന്ത്യയുടെ ചരിത്രപരിണാമത്തെയും ബഹുസ്വര പാരമ്പര്യത്തെയും ഉൾക്കൊള്ളുന്ന ഒരു പ്രയോഗമായി രാഷ്ട്രനാമം ഭരണഘടനയുടെ ഒന്നാം അനുച്ഛേദത്തിൽ ഇടംനേടി. 'ഇന്ത്യ അതായത് ഭാരതം'.

ഭരണഘടനയിൽ 'ഭാരത്' എന്ന വാക്ക് ഒരുതവണ മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ എന്നതാണത്. 'ഇന്ത്യ'യെക്കുറിക്കുന്ന സമാനപദമാണ് 'ഭാരതം' എന്നതിനപ്പുറം 'ഇന്ത്യ'യ്ക്കുപകരമായി ഉപയോഗിക്കാവുന്ന ഒന്നായി ഭരണഘടന അതിനെ പരിഗണിക്കുന്നില്ല. ഭരണഘടനയുടെ അൻപത്തിരണ്ടാം അനുച്ഛേദം ഇക്കാര്യം വ്യക്തമാക്കുന്നതായി ഭരണഘടനാപണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്ത്യ/ ഭാരതം എന്നീ രണ്ടുപദങ്ങളും സമാനാർഥത്തിൽ ഔദ്യോഗികമായി ഉപയോഗിക്കാമെന്ന നിലപാട് ഭരണഘടനയിൽ നിന്ന് കണ്ടെത്താനാവില്ല എന്നർഥം.

അതുകൊണ്ട് ഇന്ത്യ എന്ന പേരിനെ കേവലം ഒരു രാഷ്ട്രനാമമായല്ല നാം കാണേണ്ടത്. അതൊരു സവിശേഷ പാരമ്പര്യത്തിന്റെ അടയാളവാക്കാണ്. രാജ്യത്തിന്റെ ബഹുസ്വര സംസ്കാരത്തിന്റെ, ചരിത്രത്തിന്റെ പല പടവുകളിലൂടെയുള്ള അതിന്റെ പ്രയാണത്തിന്റെ അത് ജന്മം നൽകിയ സംവാദാത്മകതയുടെ, അതിന്റെ നിലനിൽപ്പിന് അസ്തിവാരം ചമച്ച മതനിരപേക്ഷതയുടെയെല്ലാം ഉള്ളടക്കം പേറി നിൽക്കുന്ന പേരാണ് ഇന്ത്യ. സാമ്രാജ്യത്വവിരുദ്ധമായ ദേശീയ ഭാവനയുടെ ആകെത്തുകയായി നിലവിൽവന്ന പേരാണത്. അത് സുനിശ്ചിതമായ അതിർത്തികൾക്കുള്ളിലെ ഒരു ഭൂപ്രദേശം മാത്രമല്ല. ഈ രാജ്യത്തെ ജനങ്ങളുടെ സാമൂഹിക ജീവിതത്തെക്കുറിക്കുന്ന ഒരാദർശത്തെക്കൂടി അതുൾക്കൊള്ളുന്നുണ്ട്. മതനിരപേക്ഷവും ജനാധിപത്യപരവും ബഹുസ്വരവും സമഭാവനാനിഷ്ഠവുമായ സമൂഹം എന്ന ആശയം. ഇന്ത്യ എന്ന ആശയത്തിന്റെ പൊരുളും അതുതന്നെയാണ്.

**മാതൃഭൂമി ആഴ്ചപതിപ്പ്,**

**12 നവംബർ 2023.**

# ഡീപ്ഫെയ്ക് നിയന്ത്രണം വേണ്ടത് നിയമമോ നടപ്പാക്കലോ?

**കെ. അൻവർ സാദത്ത്**

*ഡീപ് ഫെയ്ക്ക് എന്ന പദം സാധാരണ വിചാരിക്കുന്നപോലെ ആഴത്തിലുള്ള (ഡീപ്) വ്യാജൻ (ഫെയ്ക്ക്) എന്ന അർഥത്തിലല്ല ഉദ്ഭവിച്ചത്. എ.ഐ.യുടെ അടിസ്ഥാന ശിലകളിലൊന്നായ (യന്ത്രത്തെ പഠിപ്പിക്കുന്ന, യന്ത്രം പഠിക്കുന്ന) ഡീപ് ലേണിങ്ങിലെ 'ഡീപും' ഒറിജിനലല്ലാതെ നിർമിച്ചെടുക്കുന്ന സൃഷ്ടികളും (ഫെയ്ക്ക്) കൂടിച്ചേർന്നുണ്ടായ പദമാണ് 'ഡീപ് ഫെയ്ക്ക്'.*

നിർമിതബുദ്ധി ലോകത്തെ കീഴടക്കുന്നത് കാലാവസ്ഥാ വ്യതിയാന ഭീഷണിയെക്കാളും അടിയന്തരപരിഗണന അർഹിക്കുന്നു എന്ന് പറഞ്ഞത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഗോഡ് ഫാദറായി വിശേഷിപ്പിക്കപ്പെടുന്ന ജിയോ ഫ്രേ ഹിന്റൺ തന്നെയാണ്. ഇന്ത്യയിൽ നവംബർ ആദ്യവാരം നടിമാർക്കെതിരേയും മറ്റും ഡീപ്ഫെയ്ക്ക് വീഡിയോ പ്രചരിപ്പിച്ചതിന്റെ കൂടി പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ അടിയന്തര നിയമനിർമ്മാണം ഉടൻ നടത്തും എന്ന സൂചന കേന്ദ്ര ഐ.ടി. വകുപ്പ് കഴിഞ്ഞ ആഴ്ചകളിൽ നൽകുകയുണ്ടായി. ഇന്ത്യയിൽ നിലവിലുള്ള നിയമങ്ങൾ ഇക്കാര്യത്തിൽ എത്രമാത്രം പര്യാപ്തമാണെന്നും യൂറോപ്യൻ യൂണിയൻ പുറപ്പെടുവിച്ചപോലെ ഉത്തരവാദിത്വ പൂർണമായ എ.ഐ. ഉപയോഗത്തിന് പൊതുവായി നിയമം മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനു പകരം 'ഡീപ് ഫെയ്ക്കു' മാത്രം ചർച്ചാ വിഷയമാക്കുന്നത് കാടുകാണാതെ മരം കാണുന്നതിന് തുല്യമാണോ എന്നും പരിശോധിക്കേണ്ടതുണ്ട്.

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിലെ കുട്ടികളെ പ്രചോദിപ്പിക്കാൻ മൺമറഞ്ഞുപോയ ശാസ്ത്രജ്ഞന്മാരുടെ ചിത്രമുപയോഗിച്ച് അവർ ആശംസകൾ നേരുന്ന രൂപത്തിലുള്ള വീഡിയോകൾ സൃഷ്ടിച്ചെടുത്തതും വാർത്താമുറികളിൽ ന്യൂസ് ആങ്കർക്കു പകരം അവരുടെ അവതാർ വാർത്തകൾ വായിക്കുന്നതും എല്ലാം ഡീപ് ഫെയ്ക്ക് വിഭാഗത്തിലാണ്. അതായത് 'ഡീപ്ഫെയ്ക്ക്' ആണ് എന്നതുകൊണ്ടുമാത്രം ഒരു ചിത്രമോ, വീഡിയോയോ, ശബ്ദസന്ദേശമോ കുറ്റകൃത്യമായി മാറുന്നില്ല എന്നർഥം.

എന്നാൽ, ഡീപ് ഫെയ്ക്കിന്റെ ഭാഗമായി പ്രചരിക്കുന്ന ബഹുഭൂരിഭാഗം സൃഷ്ടികളും സ്ത്രീകളെ അവരുടെ അറിവോ സമ്മതമോ ഇല്ലാതെത്തന്നെ അശ്ലീലരൂപത്തിൽ ചിത്രീകരിക്കുന്നതാണ് എന്നതാണ് നിലവിലെ അവസ്ഥ. അതോടൊപ്പം തെരഞ്ഞെടുപ്പുകളെ തെറ്റായി സ്വാധീനിക്കൽ, സാമ്പത്തികത്തട്ടിപ്പ്, ജനങ്ങളുടെ ഇടയിൽ വിദ്വേഷവും സ്പർധയും സൃഷ്ടിക്കൽ, തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയ

വിധ്വംസക പ്രവർത്തനങ്ങൾക്കും അവ ഒറിജിനലോ വ്യാജമാണോ എന്ന് സ്വീകർത്താവിന് തിരിച്ചറിയാൻ പറ്റാത്ത വിധം നൽകാനാവും എന്നതിനാലാണ് ഡീപ് ഫെയ്ക്കുകളുടെ തെറ്റായ ഉപയോഗം വലിയ ആശങ്ക ആഗോള തലത്തിൽത്തന്നെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

1989-ൽ പുറത്തിറങ്ങിയ 'ചാണക്യൻ' എന്ന മലയാള സിനിമയിൽ മിമിക്രി ആർട്ടിസ്റ്റായ ജയറാമിന്റെ ശബ്ദം ഉപയോഗിച്ച് മുഖ്യമന്ത്രിയോട് പകരംവീട്ടുന്ന കമൽഹാസന്റെ വിദ്യ മുതൽ ഒട്ടേറെ ചലച്ചിത്രങ്ങളിൽ ഫോട്ടോഷോപ്പും മോർഫിങ്ങും എല്ലാം ഉപയോഗിച്ച് തലമാറ്റുന്നതും ശബ്ദം മാറ്റുന്നതുമെല്ലാം നാം കണ്ടിട്ടുണ്ട്. ഇതിനായി അതിവൈദഗ്ധ്യവും സങ്കേതങ്ങളും ഭീമമായ ചെലവും ആവശ്യംവന്നിരുന്ന കാലം ഇല്ലാതായി. ജുറാസിക് പാർക്കിലെ കഥാപാത്രങ്ങളെ വെല്ലുന്ന സൃഷ്ടികൾ നമ്മുടെ മൊബൈൽ ഫോൺ ഉപയോഗിച്ച് സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ സാങ്കേതികവിദ്യ പ്രാപ്യവും ചെലവുകുറഞ്ഞതും കുറഞ്ഞ വൈദഗ്ധ്യം ആവശ്യമുള്ളതുമായി മാറി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സങ്കേതങ്ങൾ വർഷങ്ങളായി നിലവിലുണ്ടായിരുന്നെങ്കിലും കൃത്യം ഒരുവർഷം മുമ്പ് ചാറ്റ് ജി.പി.ടി.ക്ക് ലഭിച്ച സ്വീകാര്യതയും മിഡ്ജേണി, ഡാൽ-ഇ തുടങ്ങിയ നൂറുകണക്കിന് എ.ഐ. ആപ്പുകൾ വ്യാപകമായതും ഈ മേഖലയെ ആകെ പിടിച്ചുലച്ചു.

**ഇന്ത്യൻ സൈബർ നിയമങ്ങൾ**

നിലവിലുള്ള ഇന്ത്യൻ സൈബർ നിയമങ്ങളിലും ചട്ടങ്ങളിലും തെറ്റായ തരത്തിലുള്ള ഡീപ് ഫെയ്ക്ക് ഉപയോഗത്തിന് ശിക്ഷകൾ ഉൾപ്പെട്ടിട്ടുണ്ട് എന്നുകാണാം. ഒരു വ്യക്തിയുടെ അനുവാദമില്ലാതെ അവരുടെ സ്വകാര്യ ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നതും പ്രസരിപ്പിക്കുന്നതും ഐ.ടി. ആക്റ്റ് 2000-ലെ 66 ഇ വകുപ്പ് പ്രകാരം മൂന്നുവർഷംവരെ തടവും രണ്ടുലക്ഷം രൂപ പിഴയും ലഭിക്കുന്ന കുറ്റമാണ്. അതുപോലെ ഐ.ടി. ആക്റ്റിലെ 67, 67എ, 67ബി വകുപ്പുകളിൽ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള അശ്ലീല പ്രസരണം, കുട്ടികളെ ലൈംഗികമായി ചിത്രീകരിക്കൽ (കുട്ടികളുടെ ചിത്രങ്ങളും വിഡിയോകളും ഡൗൺലോഡ് ചെയ്യുന്നതുൾപ്പെടെ) ശക്തമായ ശിക്ഷ വിധിക്കുന്നുണ്ട്. വകുപ്പ് 66ഡി-യിൽ ആൾമാറാട്ടത്തിനുള്ള ശിക്ഷയുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമം (ഐ.പി.സി.) അനുസരിച്ചുള്ള ശിക്ഷകൾ വേറെയുമുണ്ട്.

2023 ഏപ്രിൽ ആറിന് പുറത്തിറക്കിയ ഐ.ടി. ഭേദഗതിച്ചട്ടം അനുസരിച്ച് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകൾക്ക് (ഇൻർമീഡിയറീസ്) ഇക്കാര്യങ്ങളിൽ വലിയ ബാധ്യത ചുമത്തിയിട്ടുണ്ട്. ചട്ടം 3 (1) (b) പ്രകാരം മറ്റൊരാൾക്ക് അധികാരപ്പെട്ട വിവരങ്ങൾ, അസഭ്യം, അശ്ലീലം, സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, വർഗം, ലിംഗം, വംശം തുടങ്ങിയവയുടെ പേരിലുള്ള ആക്ഷേപം, കുട്ടികൾക്ക് ഹാനികരമായവ, ബൗദ്ധിക സ്വത്തവകാശം ഇല്ലാത്തവ, കേന്ദ്ര സർക്കാർ ഏജൻസികൾ വ്യാജമോ, തെറ്റോ ആണെന്ന് കണ്ടെത്തിയവ, സൈബർ ആൾമാറാട്ടം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഉള്ളടക്കം പ്രസിദ്ധീകരിക്കാനും സൃഷ്ടിക്കാനും പങ്കുവെക്കാനും പാടില്ല എന്ന് പ്ലാറ്റ്ഫോമുകൾ ഉപയോക്താക്കളെ അറിയിക്കണം.

ഈ പരാതികൾ ലഭിച്ചാൽ പ്ലാറ്റ്ഫോമുകൾ 36 മണിക്കൂറിനുള്ളിൽ നിയമവിരുദ്ധമായ ഉള്ളടക്കം നീക്കം ചെയ്യേണ്ടതുണ്ട്. ഒരാളുടെ സ്വകാര്യഭാഗങ്ങൾ പ്രദർശിപ്പിക്കുകയോ ലൈംഗിക സ്വഭാവത്തിൽ ചിത്രീകരിക്കുകയോ ചെയ്യുന്ന (മോർഫിങ്, ഡീപ് ഫെയ്ക്ക്) രൂപത്തിലുള്ള പരാതികളിന്മേൽ 24 മണിക്കൂറിനുള്ളിൽ അത്തരം ഉള്ളടക്കം പ്ലാറ്റ്ഫോമുകൾ നീക്കം ചെയ്യണമെന്നും ചട്ടത്തിലുണ്ട്. 50 ലക്ഷത്തിലധികം ഉപയോക്താക്കളുള്ള പ്രബല സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകൾ ആകട്ടെ ബലാത്സംഗം, ലൈംഗികചൂഷണം തുടങ്ങിയ കാര്യങ്ങൾ കണ്ടെത്താൻ ഓട്ടോമേറ്റഡ് ടൂളുകൾ ഉപയോഗിക്കണമെന്നും ഇത്തരം ടൂൾ അധിഷ്ഠിത സമ്പ്രദായങ്ങൾ നിശ്ചിത ഇടവേളകളിൽ മനുഷ്യർ നേരിട്ട് വിലയിരുത്തണമെന്നും ചട്ടത്തിലുണ്ട്.

പ്ലാറ്റ്ഫോമുകളിലൂടെ നൽകുന്ന ഉള്ളടക്കം തിരഞ്ഞെടുക്കാനും മാറ്റംവരുത്താനും അവർക്ക് പങ്കില്ലാത്ത പക്ഷം അവരുടെ ശൃംഖലയിലൂടെ നടത്തുന്ന നിയമലംഘനങ്ങൾക്കും ഇവർ ഉത്തരവാദികളല്ല എന്നും ഇക്കാര്യത്തിൽ അതിശ്രദ്ധ ഇവർ പുലർത്തണമെന്നും ഐ.ടി. ആക്റ്റിന്റെ 79-ാം വകുപ്പിൽ പറയുന്നുണ്ട്. പക്ഷേ, 2023-ലെ ഐ.ടി. ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം സോഷ്യൽ മീഡിയ കമ്പനികൾക്ക് ലഭിക്കുന്ന ഈ പരിരക്ഷ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഉപയോക്താക്കൾക്ക് പ്ലാറ്റ്ഫോമുകൾക്കെതിരേ നിയമനടപടി സ്വീകരിക്കാം. ആതായത് 'ഡീപ് ഫെയ്ക്ക്' എന്ന പേരിലല്ലെങ്കിലും ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്കെതിരേ നടപടിയെടുക്കാനുള്ള നിയമങ്ങൾ നമ്മുടെ രാജ്യത്ത് കുറവല്ല. ഇക്കാര്യങ്ങളിൽ നടപടിയെടുക്കാൻ നവംബർ ഏഴിന് ഐ.ടി. മന്ത്രാലയം പ്ലാറ്റ്ഫോമുകൾക്ക് നോട്ടീസ് നൽകുകയും ഐ.ടി. മന്ത്രിമാർ ഇവരുമായി നേരിട്ട് കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

**യൂറോപ്പിലെ എ.ഐ. ആക്റ്റ്**

നിർമിതബുദ്ധി സൃഷ്ടിക്കുന്ന ആശങ്കകളെ പൊതുവായിക്കണ്ട് അവയുടെ സാമൂഹിക വെല്ലുവിളികൾ (റിസ്ക്) അടിസ്ഥാനമാക്കി നാലുവിഭാഗങ്ങളായി തിരിച്ചാണ് യൂറോപ്യൻ യൂണിയന്റെ എ.ഐ. ആക്റ്റ്. അസ്വീകാര്യം (Unacceptable), കൂടിയ റിസ്ക് (High Risk), പരിമിത റിസ്ക് (Limited Risk), കുറഞ്ഞ റിസ്ക് (Minimum Risk) എന്നിങ്ങനെയാണ് ഈ തരംതിരിക്കൽ. ഇതിൽ തത്സമയ (Real-time) ബയോ മെട്രിക് തിരിച്ചറിയൽ സംവിധാനവും പൗരന്മാരെ ഓൺലൈൻ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തരംതിരിക്കുന്നതും (Social Scoring) മനുഷ്യന്റെ വിവേചനാധികാരത്തിൽ അവിഹിതമായി സ്വാധീനം ചെലുത്തുന്ന സംവിധാനങ്ങളും കുട്ടികളിൽ ആക്രമണ സ്വഭാവം വളർത്തുന്ന തരത്തിൽ ശബ്ദത്താൽ നിയന്ത്രിക്കുന്ന കളിപ്പാട്ടങ്ങളുമൊക്കെ അസ്വീകാര്യമായ എ.ഐ. ആപ്ലിക്കേഷനുകളാണ്.

ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ (നിയമനം), ക്രമസമാധാനം, നീതിന്യായം തുടങ്ങിയ മേഖലകളിലെ എ.ഐ. ആപ്ലിക്കേഷനുകൾ കൂടിയ റിസ്കുള്ള വിഭാഗത്തിലാണ്. ഇപ്രകാരമുള്ള ആപ്ലിക്കേഷനുകളുടെ വിപുലമായ ഒരു ഡേറ്റാബേസ് തയ്യാറാക്കാനും അത്തരം സാഹചര്യങ്ങളിൽ സാമൂഹികാഘാതം ഇല്ലാതാക്കാനുള്ള മാർഗങ്ങൾ നിർദേശിക്കാനും ആക്റ്റ് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഹൈറിസ്ക് ആപ്ലിക്കേഷനുകൾ കമ്പോളത്തിലെത്തുന്നതിനുമുമ്പ് അവയുടെ അനുയോജ്യത നിർണയിക്കാൻ എ.ഐ. ടൂളുകൾകൂടി പ്രയോജനപ്പെടുത്തി മുല്യനിർണയം നടത്തണം.

എന്നാൽ, യൂറോപ്യൻ യൂണിയന്റെ എ.ഐ. ആക്റ്റിൽ സൈബർ ആൾമാറാട്ടം, ചാറ്റ് ബോട്ടുകൾ, ഡീഫെയ്ക്ക് തുടങ്ങിയവയെ പരിമിതമായ തോതിൽ റിസ്കുള്ള വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം സംവിധാനങ്ങൾക്ക് സുതാര്യതാ ഉടമ്പടി (Transparency Obligation) എ.ഐ. ആക്റ്റ് നിഷ്കർഷിക്കുന്നുണ്ട്. ഈ സുതാര്യതാ ഉടമ്പടി എന്നുപറയുന്നത് 'ഞാനൊരു റോബോട്ടാണ്', 'ഈ വീഡിയോ വ്യാജമായി നിർമിച്ചതാണ്' തുടങ്ങിയ കാര്യങ്ങൾ എ.ഐ. ആപ്ലിക്കേഷനുകളാൽ നിർമിച്ച ഉത്പന്നങ്ങളിൽ വെളിപ്പെടുത്തണം എന്നുള്ളതാണ്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ നിലവിൽ പ്രധാന പ്ലാറ്റ്ഫോമുകൾ (ഗൂഗിൾ, മെറ്റ, എക്സ്.) നടപ്പാക്കുകയോ നടപ്പാക്കിക്കൊണ്ടിരിക്കുകയോ ചെയ്യുന്നുണ്ട്.

**ഡേറ്റാ സംരക്ഷണ നിയമം**

ഇന്ത്യയിലെ ഒരു സ്റ്റാർട്ടപ്പ് തയ്യാറാക്കിയ ഒരു ആപ്ലിക്കേഷനിൽ നിങ്ങളുടെ പതിനഞ്ച് സെക്കൻഡ് വീഡിയോയിൽനിന്ന് രക്തസമ്മർദം ഉൾപ്പെടെ അതിനിർണായകമായ ആരോഗ്യവിവരങ്ങൾ വെളിപ്പെടും. ആരോഗ്യ ഇൻഷുറൻസ് ഏജൻസികൾ ഇതെങ്ങനെ ഉപയോഗിക്കും എന്ന് വ്യക്തമാണല്ലോ! മാത്രമല്ല ഇത്രയും വിവരങ്ങൾ നിങ്ങളുടെ സ്വകാര്യത പൂർണമായും ഇല്ലാതാക്കാൻ മാത്രമല്ല നിങ്ങളുടെ ജീവൻ അപായപ്പെടുത്താൻവരെ പര്യാപ്തമാണ്. പൗരന്റെ സ്വകാര്യ വിവരങ്ങൾ അനധികൃതമായി ശേഖരിച്ചാണ് എ.ഐ. സങ്കേതങ്ങൾ നമുക്ക് ഭീഷണി ഉയർത്തുന്ന വിധത്തിൽ വളർന്നുവരുന്നത്. വ്യക്തികളുടെ അനുവാദമില്ലാതെ അവരുടെ വിവരങ്ങൾ കമ്പനികൾ ഉപയോഗിക്കാൻ പാടില്ല എന്നു മാത്രമല്ല. സമ്മതമുണ്ടെങ്കിൽപ്പോലും അതെന്തിനാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്താനും എപ്പോൾ വേണമെങ്കിലും വ്യക്തികൾ നൽകിയ അനുമതി പിൻവലിക്കാനും ഡി.പി.ഡി.പി. ആക്റ്റിൽ വ്യവസ്ഥയുണ്ട്. നാം പരസ്യപ്പെടുത്തിയ വിവരങ്ങൾ (സോഷ്യൽ മീഡിയ പോസ്റ്റുകൾ) ഉപയോഗിക്കുന്നതിൽ ഈ നിബന്ധന ഇല്ല എന്ന പരിമിതി ഇവിടെയുണ്ട്. രക്ഷിതാക്കളുടെ അനുമതിയില്ലാതെ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കരുത് എന്ന് ഏറെ പ്രാധാന്യത്തോടെ പറയുന്ന ആക്റ്റിന്റെ ഗസറ്റ് വിജ്ഞാപനം വരുമ്പോൾ ത്തന്നെയാണ് സർക്കാർ തന്നെ ഇന്ത്യയിലെ മുഴുവൻ കുട്ടികളുടെയും ആധാർ നമ്പർ ഉൾപ്പെടെ 65-ഓളം വിവരങ്ങൾ യുഡൈസ് പ്ലസ് പോർട്ടൽ വഴി ശേഖരിക്കുന്നത്. ഡേറ്റാ സംരക്ഷണനിയമം നടപ്പാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഇതുവരെ പുറപ്പെടുവിച്ചില്ല എന്ന യാഥാർഥ്യവും നമ്മുടെ മുന്നിലുണ്ട്.

എ.ഐ. വഴിയുണ്ടാകുന്ന അപകടങ്ങൾ രാജ്യാന്തര കൂട്ടായ്മയിലൂടെ മാത്രമേ ഒഴിവാക്കാനാകു എന്നാണ് ഇന്ത്യ, യു.എസ്., ചൈന തുടങ്ങിയ 28 രാജ്യങ്ങൾ പങ്കെടുത്ത ബ്രിട്ടനിലെ ബ്ലെച്‌ലി

പാർക്കിലെ ഉച്ചകോടി വിലയിരുത്തിയത്. ഡിസംബർ 12 മുതൽ 14 വരെ ഡൽഹിയിൽ നടക്കുന്ന അടുത്ത യോഗത്തെ പ്രതീക്ഷയോടെയാണ് ലോകം ഉറ്റു നോക്കുന്നത്.

**പുതിയ നിയമം വരുമ്പോൾ?**

ഡീപ് ഫെയ്ക്കിനെക്കുറിച്ച് വിവരങ്ങൾ പരിശോധിക്കുമ്പോൾ ടെഡ് ടോക്കിലടക്കം പരാമർശിക്കപ്പെട്ടത് നാലുവർഷംമുമ്പ് (2018-ൽ) പത്രപ്രവർത്തകയായ റാണാ അയ്യൂബിന് നേരിട്ട ദുരനുഭവമാണ്. അവരുടെ ട്വിറ്റർ ഹാൻഡിലുകളും മറ്റും വ്യാജ ചിത്രങ്ങളും ചേർത്ത് ( 'ഐ ലവ് പാകിസ്താൻ' തുടങ്ങി) പ്രചരിപ്പിക്കുന്നതിലൂടെ തുടങ്ങിയ സൈബർ ആക്രമണത്തിന്റെ ഒരു ഘട്ടം ഒരു കഫേയിൽ നിന്ന് അവരുടേതായി തോന്നുന്ന (തല മാറ്റിയ) അശ്ലീല വീഡിയോ പ്രചരിപ്പിച്ചുകൊണ്ടായിരുന്നു. 40,000-ൽ കൂടുതൽ ഈ വീഡിയോ ഷെയർ ചെയ്യപ്പെടുക മാത്രമല്ല അതിനുശേഷവും മാനസികമായി തളർത്തുന്ന തരത്തിലുള്ള ഫോൺ കോളുകളും മറ്റുമായി ആക്രമണം മാസങ്ങളോളം തുടർന്നു. ഇതിനെതിരേ അടിയന്തര നടപടികൾ എടുക്കാൻ നമ്മുടെ നാട്ടിൽ അന്ന് നിയമമില്ലാത്തതു കൊണ്ടല്ലല്ലോ അവർക്ക് നീതി കിട്ടാതിരുന്നത ?

അടുത്തകാലത്ത് നിലവിൽവന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും പ്രശ്നം സ്റ്റേറ്റിന് ഭരണഘടനയുടെയും മുകളിൽ അനിയന്ത്രിതമായ അധികാരം നൽകുന്ന 'ബ്ലാങ്ക് ചെക്കാ'യി അവ അനുഭവപ്പെടുന്നു എന്നതാണ്. അഭിപ്രായ സ്വാതന്ത്ര്യം എന്നത് മെല്ലെമെല്ലെ സ്വപ്നമായി മാറുന്നു എന്ന പ്രതീതി സൃഷ്ടിക്കുകയും 'ചില്ലിങ് എഫക്ടിലൂടെ' സെൻസർഷിപ്പിന് വഴി തെളിയിക്കുകയും ചെയ്യുന്നു എന്നത് ഒരു ജനാധിപത്യ രാഷ്ട്രത്തിന് എത്രമാത്രം ഭൂഷണമാണെന്ന് പരിശോധിക്കേണ്ടതുണ്ട്. കുനിയാൻ പറഞ്ഞാൽ നിലത്തിഴയുന്ന തരത്തിലേക്ക് മുഖ്യധാരാ മാധ്യമങ്ങൾ ഉൾപ്പെടെ മാറിക്കൊണ്ടിരിക്കുന്നു എന്ന വിമർശനം സജീവമാകുമ്പോൾ ഭരണകൂടം സ്വതന്ത്ര മാധ്യമങ്ങളെക്കൂടി ഭീതിയിലാക്കി കൂച്ചുവിലങ്ങിടാനുള്ള മാർഗമായി നിയമ നിർമാണങ്ങളെ കാണരുത്. പടിവാതിലിൽ തിരഞ്ഞെടുപ്പ് എത്തിനിൽക്കുന്ന അവസ്ഥയിൽ ദോശചുടുന്ന പോലെ നിയമങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതോടൊപ്പമെങ്കിലും നിലവിലുള്ള നിയമങ്ങളുടെ പ്രയോഗവും സാധ്യതയും വിലയിരുത്താനും വിഷയങ്ങളെ അവയുടെ സമഗ്രതയോടെയും ജനാധിപത്യ ബോധത്തോടെയും സമീപിക്കാനും കൂടി ഭരണകൂടം തയ്യാറാകേണ്ടതുണ്ട്.

*(സ്വതന്ത്ര വിജ്ഞാന ജനാധിപത്യ സഖ്യം (ഡി.എ.കെ.എഫ്.) സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ)*

**മാതൃഭൂമി,**

**7, ഡിസംബർ 2023.**

ൠൠൠൠൠൠൠ

# SOIL MATTERS

**Shagum**

*Unhealthy soil leads to unhealthy children. India needs to improve soil micronutrients not just to increase crop productivity, but also to achieve nutrition security*

IN 400 BC, Greek physician Hippocrates is said to have provided a list of things that should be considered during a proper medical evaluation. The list included the properties of local ground. Modern science recognises the distinct influence of soils on human health, but few studies have examined the connection outside Africa. In August 2023, researchers from the US and Australia published a study in the journal *Scientific Reports*, which for the first time conducts a large-scale evaluation of the relationship between the availability of micronutrients in the soil and nutritional status of people in India. Their findings hold clues for the country to not only improve soil health but also to address the long-standing challenge of malnutrition among children and women.

The researchers conducted a large-scale evaluation in which they analysed over 27 million soil tests, drawn from a nation-wide government programme on soil health called Soil Health Card, and the health data of 0.3 million children and 1 million women from the National Family Health Survey (NFHS). The study focuses on two key minerals-zinc, which plays a role in the growth of cells, building proteins and supporting a healthy immune system, and iron, which is used by the body to make haemoglobin that carries oxygen from the lungs to all parts of the body.

The researchers found that districts where soil zinc availability was low had significantly higher rates of stunting (when a child has low height for their age) and underweight conditions (low weight per age). The zincstunting relationship was the strongest even in wealthier households. The researchers also found clear association between soil iron availability and anaemia. At places where the availability of soil nutrients were satisfactory, they found a positive

correlation with the height and haemoglobin levels of children and women.

A one-standard deviation increase in soil zinc (equivalent to 24.3 per cent increase in the proportion of zinc tests) is associated with a reduction in stunting by 10.8 per 1,000 children and with a reduction in underweight conditions by 11.7 per 1,000 children, notes the study. Similarly, a one-standard deviation increase in soil zinc is associated with a 0.29 cm increase in women's heights. And, a one-standard deviation increase in iron (equivalent to a 26.8 per cent increase in the proportion of iron tests) is associated with 0.038 gram per decilitre (g/dl) increase in haemoglobin for children and 0.037 g/dI increase in hemoglobin for women, the report states.

The findings hold significance for India for two reasons. One, India is home to one-third of the 2 billion global population suffering from micronutrient deficiency. Though NFHS data shows a decline in child stunting between 2015-16 and 2019-21, the rate is still significantly high at 35 per cent among children under five years of age. In 161 districts, more than 40 per cent children under five years of age suffer from stunting.

Two, micronutrient deficiency in Indian soils has increased at a rapid scale in recent decades. "Initially, the country's soil was more deficient in nitrogen and phosphorous. It then developed potassium-deficiency, followed by sulphur-deficiency in the 1990s and 2000s. Now our soils are greatly deficient in zinc and other micronutrients," says Arvind Shukla, who led the All India Coordinated Research Project on Micro and Secondary Nutrients and Pollutant Elements in Soils and Plants (AICRP-MSPE) under the Indian Council of Agricultural Research from 2011 to 2022.

The project was launched in 1967 to analyse micro- nutrient deficiency in soil across the country. An analysis of 0.2 million soil samples from 28 states by scientists associated with AICRP-MSPE shows that 36.5 per cent of the country's soil is deficient in zinc and 12.8 per cent is deficient in iron. Other micronutrients like boron is deficient in 23.4 per cent of soils, copper in 4.20 per cent and manganese in 7.10 per cent of soils. Since 2014, the project has shifted focus to analysing the link between soil health and human health.

"Factors like women's nutrition and household wealth hold more importance when we look at child or adolescent stunting, and rightly so. But there is a need to simultaneously work on establishing a clear understanding

of how soil health affects human health," Leah Bevis, associate professor at the Department of Agricultural, Environmental and Developmental Economics, Ohio State University, US, tells *Down To Earth*. Bevis is also co-author of the *Scientific Reports* study.

### To the Aid

Studies are already underway to explore if the challenge of malnutrition can be addressed by improving the availability of micronutrients in soil and in plants.

In 2021, Bevis, along with the two other researchers from the World Bank and The Alliance of Biodiversity International Center for Tropical Agriculture, US, conducted a study in Nepal's Terai region, and found that a 1 ppm (parts per million) increase in soll zinc availability seems to increase child height by 7.5-25 per cent of a standard deviation, and decreases child stunting by 2-7.5 per cent.

In 2014, the AICRP-MSPE scientists also conducted a laboratory experiment in which they fed rats with zinc biofortified wheat (cultivated using foliar application of zinc) produced on zinc -deficient soil. They found that rats fed low-zinc wheat had low zinc in their blood serum as compared to the rats fed high-zinc wheat. In 2016, AICRP-MSPE along with doctors from the All India Institute of Medical Sciences (AIIMS), Bhopal, carried out a study in Samnapur, a tribal village in Madhya Pradesh's Mandla district. Some 15 families with teenagers were selected for biometric observations. For three years, the researchers surveyed the families for dietary recall, animal food intake, access to the food and fodder through external sources and use of inputs, especially zinc fertilisers, in their agricultural fields. Their blood samples were collected and analysed. "Analysis of zinc content in soil, grain, straw-feed, animal and human blood serum established a strong correlation and interdependence among the soil-plant-animal-human continuum," says Shukla.

A research, published in the journal *Applied Geochemistry* in March 2000, also analysed the impact of selenium concentrations in soil on human health. It studied the distribution of selenium in samples of soil, grain and human hair collected from the Keshan disease belt of Hebei Province, China, and found that villages with highest incidence of Keshan disease had the lowest selenium concentration in soil.

### Economic, Effective

Though limited, study results indicate that it is possible to address malnutrition and micronutrient deficiency among people by improving

soil health. This can also be an economic and effective way of addressing malnutrition in the country.

Consider this. In August 2022, the Union government approved fortification of the key staple rice in all government food schemes and entitlements under the National Food Security Act 2013. Since then, iron-fortified rice is being supplied as a pilot programme in 15 states. However, food and agriculture experts have time and again highlighted concerns regarding the indiscriminate distribution of fortified rice to even those suffering from thalassemia and sickle cell disease. Food Safety and Standards Authority of India's statutory regulations have warned patients with thalassemia and sickle cell anaemia against consuming iron-fortified food or using it only under strict medical supervision. Such concerns can be avoided by improving soil micronutrient availability.

The *Scientific Reports* study from August 2023 states that foliar and soil application of minerals like zinc, iron, boron and sulphur to wheat and rice has also been shown to increase crop yields. In India, application of zinc to crops on zinc-deficient soils increases yields of rice, wheat, maize, and oats by over 75 per cent more than application of only nitrogen, phosphorus and potassium fertiliser. Zinc-enriched fertilisers can enhance soil zinc for three to four years after application, which means that it could be an effective long-term intervention, requiring less short-term maintenance than other solutions. The study, however, calls for more studies to consider the costs of such an intervention and the human nutrition impacts of agronomic fortification. Shukla says doctors often prescribe zinc tablets or multi-vitamins or minerals for different health issues. One should compare spending on such multi-vitamins with the expenses involved in making the soil healthy.

Both Shukla and Bevis call for government initiated experimental research on a large scale in which zinc-enriched fertilisers or foliar application of zinc are promoted during sowing and then zinc levels in the blood are compared with a control group. "Research done by us and other scientists is the first step and an effective entry point for the governments to conduct their own experiments and develop policies," says Bevis.

**Down to Earth,**

**1-15 December 2023**.

# കാണുന്നുണ്ടോ ജീവൻ കാത്തിരിക്കുന്നവരെ

**രജി ആർ. നായർ**

*കേരളത്തിൽ കഴിഞ്ഞ പത്തുവർഷത്തിനിടയ്ക്ക് കാൽലക്ഷത്തിലേറെയാളുകൾ ആന്തരികാവയവങ്ങൾ കേടുവന്ന് മരണത്തിന് കീഴടങ്ങി. എന്നാൽ, ഈ കാലയളവിലെ മസ്തിഷ്ക മരണാനന്തര അവയവദാതാക്കളുടെ എണ്ണം 366 മാത്രം. ഒരിക്കൽ കേരളം അവയവദാനത്തിൽ മുന്നിലായിരുന്നു. പിന്നീടെന്തു സംഭവിച്ചു? ഒരന്വേഷണം*

കൈലാസ്നാഥിന് ആഴ്ചയിൽ മൂന്ന് ദിവസമാണ് ഡയാലിസിസ്. ഓരോന്നും നാലഞ്ചുമണിക്കൂറുണ്ടാവും. ജീവിതത്തിന്റെ നല്ലൊരു പങ്ക് സമയവും കണ്ണൂർ ധർമടം സ്വദേശി കൈലാസ് ഡയാലിസിസ് മുറിയിലാണ്. 26-ാം വയസ്സാണ്. ലോകം പ്രതീക്ഷകളാൽ നിറയേണ്ടതാണ്. പക്ഷേ, ഒന്നിനും വയ്യ. അമ്മ വൃക്ക നൽകാൻ തയ്യാറായിരുന്നു.പക്ഷേ പരിശോധിച്ചപ്പോളറിഞ്ഞു അമ്മയ്ക്ക് അർബുദമാണ്. കൈലാസിന് കൂട്ടാവാനാകാതെ അമ്മ ലോകത്തുനിന്നേ മടങ്ങി. വൃക്ക മാറ്റി വെക്കാനായാൽ ആരോഗ്യം നേരെയാകും, ജോലി ചെയ്ത് ജീവിക്കാനാകും.... കൈലാസിന് പ്രതീക്ഷയുണ്ട്.

കൈലാസ് നാഥിന് പുതുജീവൻ പകരാനാവുന്ന എത്രയോ വൃക്കകൾ മണ്ണിനടിയിലേക്ക് മറഞ്ഞുപോകുന്നു. അവയവം കാത്തിരിക്കുന്നവർക്കും ദാനയോഗ്യമായ അവയവങ്ങളുമായി ലോകം വിട്ടുപോകുന്നവർക്കും ഇടയിലുള്ള അകലം മരണത്തിന് സമമാണ്. ഒരിക്കൽ ഈ അകലം നീന്തിക്കയറാൻ തുടങ്ങിയിടത്തുനിന്നാണ് നമ്മൾ മുങ്ങിപ്പോയത്. മസ്തിഷ്ക മരണാനന്തര അവയവദാനം മറന്നതായി നടിക്കുകയാണ് കേരളം. ഇതിൽ മുൻനിരയിലുള്ള സംസ്ഥാനങ്ങളുടെ അയലത്തുപോലും ഇന്ന് നമ്മളില്ല.

- **ജീവൻതേടുന്ന മൃതസഞ്ജീവനി**

കേരളത്തിന്റെ അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി'ക്ക് തുടക്കമായത് 2012-ലാണ്. അന്നു മുതലിങ്ങോട്ട് ഏറ്റവും കൂടുതൽ മസ്തിഷ്ക മരണാനന്തര അവയവ ദാതാക്കളുണ്ടായത് 2015-ൽ 76 പേർ. 2022-ൽ അത് 14-ൽ ഒതുങ്ങുന്നു. കഴിഞ്ഞ പത്തുവർഷത്തിൽ കേരളത്തിന്റെ അവയവക്കാത്തിരിപ്പു പട്ടികയിൽ രജിസ്റ്റർ ചെയ്തത് പതിനായിരത്തിലധികം പേരാണ്. ജീവിച്ചിരിക്കുന്നവരിൽ നിന്ന് അവയവം കിട്ടാത്തവരാണ് ഇവരിലേറെയും. ഇതിൽ നിന്ന് 4000-ലധികം ആളുകളുടെ പേര് ഇതിനകം നീക്കംചെയ്യപ്പെട്ടു. ഇത്രയും വർഷംകൊണ്ട് കേരളത്തിൽ ആകെ നടന്നത് 1039 മസ്തിഷ്ക മരണാനന്തര അവയവദാനമാണ്. അപ്പോൾ 3000-ത്തോളം പേർക്ക് എന്തുസംഭവിച്ചു. അവർ മരണത്തിന് കീഴടങ്ങി എന്നതാണ് സത്യം.

**• എന്താണ് അവയവം മാറ്റിവെക്കൽ**

അവയവ ദാനത്തിന് തയ്യാറുള്ള ആളിൽ നിന്ന് ശസ്ത്രക്രിയയിലൂടെ അവയവം പുറത്തെടുത്ത് അവയവം കേടുവന്ന ആളിൽ വെച്ചുപിടിപ്പിക്കുന്ന പ്രക്രിയയാണ് അവയവം മാറ്റിവെയ്ക്കൽ. മസ്തിഷ്ക മരണാനന്തര അവയവദാനം പോലെ ജീവിച്ചിരിക്കുന്നവർക്കും അവയവങ്ങൾ ദാനം ചെയ്യാം

**• കടന്നുപോയത് കാൽലക്ഷം പേർ**

ഇതുവരെ പറഞ്ഞത് ഔദ്യോഗിക കണക്ക്. ഈ പട്ടികയിലെത്താതെതന്നെ മരണത്തിന്റെ പട്ടികയിലിടം പിടിക്കുന്നവർ പലമടങ്ങുവരും. ഒരു കണക്കുനോക്കാം. അവയവമാറ്റവുമായി ബന്ധപ്പെട്ട കേരളത്തിന്റെ ഔദ്യോഗിക സംവിധാനമായ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ തിരുവനന്തപുരത്തെ ഡയാലിസിസിനു വിധേയരാവുന്ന വൃക്കരോഗികളുടെ എണ്ണമെടുത്തു-1890. ഇവരിൽ 95 ശതമാനവും വൃക്കമാറ്റിവെക്കേണ്ടവർ തന്നെ. എന്നാൽ, കാത്തിരിപ്പുപട്ടികയിൽ രജിസ്റ്റർ ചെയ്തവർ വെറും 250 പേർ. രോഗികളുടെ ഏഴിലൊന്നുപേർപോലുമാവുന്നില്ല അത്. ഡയാലിസിസ് എന്ന താത്കാലികാശ്വാസത്തിന് പോലും അവസരം കിട്ടാത്തവർ വേറെയുമുണ്ടാകും. അവരെക്കൂടി കണക്കിലെടുത്താൽ 10,000 എന്ന കഴിഞ്ഞ പത്തു വർഷത്തെ കാത്തിരിപ്പുകണക്ക് വെറും കണക്ക് മാത്രമാണ്. അതിൽ രജിസ്റ്റർ ചെയ്യാത്ത ഏഴിലധികം മടങ്ങ് ആളുകളെയും ഒരു ചികിത്സയിലേക്കും എത്തിപ്പെടാത്ത മറ്റൊരു പതിനായിരത്തെയും കൂട്ടിച്ചേർത്ത് 80,000-ത്തിനപ്പുറമാണെന്നുവേണം ആ കണക്ക് വായിക്കാൻ. മരണത്തിലേക്ക് മറഞ്ഞുപോയവരുടെ കണക്ക് അതിന്റെ മൂന്നിലൊന്നിനടുത്തുവരും. പത്തു വർഷംകൊണ്ട് കാൽലക്ഷത്തിലേറെ ആളുകൾ. ഇത്രയുംപേർ നമുക്കിടയിൽ പോകേണ്ടവരായിരുന്നോ? അവരുടെ ജീവൻ പിടിച്ചുനിർത്താൻ നമുക്ക് ആവുമായിരുന്നില്ലേ?

ആവുമായിരുന്നു. ഒരിക്കൽ നമ്മൾ ആ വഴിയിലെത്തിയതാണ്. പത്തുവർഷം മുമ്പ് 36 പേർ മസ്തിഷ്ക മരണാനന്തര അവയവദാനത്തിനു തയ്യാറായവരുണ്ടായിരുന്നു. അടുത്ത വർഷം അതുയർന്ന് 58-ൽ എത്തി. 76-ഉം 72-ഉം ആയിരുന്നു പിന്നെയുള്ള രണ്ടുവർഷത്തെ കണക്കുകൾ. കാത്തിരിക്കുന്ന മനുഷ്യർക്ക് പ്രതീക്ഷ പകർന്ന വർഷങ്ങൾ. പക്ഷേ, പിന്നെ കണ്ടത് ആ വെളിച്ചം മങ്ങുന്നതാണ്. ദാനംചെയ്യാൻ തയ്യാറായവരുടെ എണ്ണം ഇരുപതിൽ ചുറ്റിപ്പറ്റിനിന്നു. ചിലപ്പോൾ എട്ടും പത്തുമായി കൂപ്പുകുത്തി.

**• കിട്ടാനുണ്ട്. പക്ഷേ കിട്ടുന്നില്ല**

കേരളത്തിൽ വാഹനാപകടങ്ങളിൽ തലച്ചോറിന് ക്ഷതമേറ്റ് മരിച്ചവർ 534 ആണെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം പറയുന്നു. ഹെൽമറ്റില്ലാത്തതുകൊണ്ട് സംഭവിച്ച വാഹനാപകട മരണങ്ങളുടെ 2022-ലെ കണക്കാണിത്. ഇതിൽ 25 ശതമാനമെങ്കിലും അവയവദാനത്തിന് പറ്റുന്നവരാണ്. കേരളത്തിൽ ഒരുവർഷം മസ്തിഷ്കാഘാത മരണത്തിനു വിധേയരാവുന്നവരിൽ 100-ലധികം പേർ അവയവം ദാനം ചെയ്യാവുന്ന അവസ്ഥയിലുള്ളവരാണെന്ന് ന്യൂറോ വിദഗ്ദ്ധരും സാക്ഷ്യപ്പെടുത്തുന്നു. ഇവയൊന്നിച്ചുചേർത്താൽ 240-നടുത്താണ്

കണക്കെത്തുന്നതെങ്കിലും ഇവരിൽ നിന്നൊന്നും അവയവങ്ങൾ കിട്ടുന്നില്ല. ഈ വർഷവും ഇതുതന്നെ സ്ഥിതി.

രാജ്യത്ത് അവയവം കിട്ടാതെ മരിക്കുന്നത് ദിവസം 20 പേരാണ്. മൂന്ന് ലക്ഷം പേർ അവയവം കാത്തുകഴിയുന്നു. ഓരോ പത്തുമിനിറ്റിലും ഈ പട്ടികയിലേക്ക് ഒരാൾ പുതുതായിവരുന്നു. എന്നാൽ കഴിഞ്ഞവർഷം മസ്തിഷ്കമരണാനന്തരം അവയവങ്ങൾ കിട്ടിയത് 941 പേരിൽ നിന്നുമാത്രം.

• **മസ്തിഷ്ക മരണം**

തലച്ചോറിന്റെ മരണമാണിത്. തലച്ചോറിന്റെ പ്രവർത്തനങ്ങൾ അവസാനിക്കുന്നു. കോശങ്ങൾ പ്രവർത്തനരഹിതമാവുന്നു. തലച്ചോറിനേൽക്കുന്ന പരിക്കുകൾ, മസ്തിഷ്കാഘാതം തുടങ്ങി പല കാരണങ്ങളാൽ ഇത് സംഭവിക്കാം. തലച്ചോർ മരിക്കുന്നതോടെ ശരീരത്തിലെ എല്ലാ അവയവങ്ങളും പ്രവർത്തനം നിർത്താൻ തുടങ്ങുന്നു. പിന്നെ യന്ത്ര സഹായത്തോടെ മാത്രമേ ശ്വസനം നടക്കൂ. വെന്റിലേറ്ററിൽ നിന്ന് വേർപ്പെടുത്തുന്നതോടെ എല്ലാം അവസാനിക്കും.

• **ആദ്യ അഞ്ചിലില്ല ആരോഗ്യകേരളം**

മൃതരാവുന്നതിൽ നിന്ന് ആയുസ്സ് സ്വീകരിക്കുന്നതിൽ മുന്നിലാണ് നമ്മുടെ അയൽനാടുകൾ. 555 അവയവമാറ്റങ്ങളാണ് തമിഴ്നാട് കഴിഞ്ഞ വർഷം നടത്തിയത്. കേരളത്തിന്റേത് വെറും 55 ആണ്. അവയവദാതാക്കളുടെ എണ്ണത്തിലോ ദാനംചെയ്യുന്ന അവയവങ്ങളിലോ ആദ്യ അഞ്ചിലെവിടെയും കേരളമില്ല.

ഏറ്റവുംകൂടുതൽ അവയവദാതാക്കളുള്ളത് തെലങ്കാനയിലാണ്-194. ഇതിന്റെ പതിനാലിലൊന്നാണ് കേരളത്തിന്റെ കണക്ക്. തമിഴ്നാട്ടിൽ മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിന്റെ എണ്ണം ജീവിച്ചിരിക്കുന്നവരിൽ നിന്നുള്ള അവയവ ദാനത്തിന്റെ മൂന്നിലൊന്ന് വരും. കേരളത്തിന്റെ 1423 അവയവക്കൈമാറ്റം ജീവിച്ചിരിക്കുന്നവരിൽ നിന്നാണ്. മസ്തിഷ്കമരണാനന്തര അവയവദാനം ഇതിന്റെ ഇരുപത്തിയാറിലൊന്നുമാത്രം.

**മാതൃഭൂമി,**

**19, ഡിസംബർ 2023.**

ഖഖഖഖഖഖഖഖ

# അറിയാം അകലാതിരിക്കാം

## രജി ആർ. നായർ

*അവയവദാനം ഒരു വെളിച്ചമാണ്. അതിന്മേൽ ഇരുട്ടുവീഴ്ത്തുന്ന തെറ്റിദ്ധാരണകളാണ് മാറ്റേണ്ടത്*

2009 നവംബറിലാണ് ഇടുക്കി ഉടുമ്പൻചോല സ്വദേശി വി. ജെ. എബിന് ബൈക്കപകടത്തിൽ തലയ്ക്ക് പരിക്കേൽക്കുന്നത്. ആദ്യം കോതമംഗലം മാർ ബസേലിയോസ് ആശുപത്രിയിലും പിന്നീട് ലേക്ഷോർ ആശുപത്രിയിലും പ്രവേശിപ്പിക്കുന്നു. മസ്തിഷ്കമരണം സ്ഥിരീകരിച്ച് അവയവദാനം നടത്തുന്നു. ഈ പ്രക്രിയയിൽ അവയവദാന നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചില്ലെന്ന പരാതിയുമായി കൊല്ലം മരുതാടി സ്വദേശി ഡോ. എസ്. ഗണപതി എറണാകുളം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയെ സമീപിച്ചത് 2020-ലാണ്. സംഭവത്തിൽ കേസെടുത്ത് അന്വേഷിക്കാൻ മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടു. എന്നാൽ, ഈ കേസിന്റെ തുടർനടപടികൾ ഹൈക്കോടതി ആറുമാസത്തേക്ക് സ്റ്റേ ചെയ്തു.

ഒരിക്കൽ അവയവദാനത്തെ മലയാളി മനസ്സിലേറ്റെടുത്തിരുന്നു. എന്നാൽ അവയവദാനത്തിൽ കച്ചവടം നടക്കുന്നു എന്ന പ്രചാരണമാണ് ഇപ്പോൾ മനസ്സിലേക്കെടുക്കുന്നത്. അവയവദാനം കുറഞ്ഞതിനുപിന്നിൽ ഇതും ഒരു കാരണമാണ് ‘‘പൊതുജനത്തിന് മസ്തിഷ്കമരണത്തെക്കുറിച്ച് ധാരണ യില്ലാത്തതുമൂലം സർട്ടിഫൈ ചെയ്യുന്ന ന്യൂറോളജിസ്റ്റുകൾക്കും ന്യൂറോ സർജൻമാർക്കും ഒരുപാട് ബുദ്ധിമുട്ടുകൾ വരാറുണ്ട്. ജനത്തിന് വിശ്വാസക്കുറവുണ്ട്. മസ്തിഷ്കമരണം സ്ഥിരീകരിക്കാൻ പോകുന്ന ഡോക്ടർമാരെ സംശയ ദൃഷ്ടിയോടെ നോക്കുന്നത് ശരിയല്ല. മരിക്കുന്ന ഒരാളിൽ നിന്ന് മറ്റൊരുപാട് പേർക്ക് പുതിയ ജീവിതം കിട്ടുന്നതിനെ കുറിച്ചാണ് ആലോചിക്കേണ്ടത്’’. ലേക്ഷോർ ആശുപത്രിയിലെ ന്യൂറോസർജൻ ഡോ. സുധീഷ് കരുണാകരൻ പറയുന്നു.

സത്യത്തിൽ ജീവദാനത്തിന്റെ ഈ പ്രക്രിയയിൽ ഏറ്റവും വിശ്വാസത്തി ലെടുക്കേണ്ടത് ഡോക്ടറെയാണ്. അവയവം ദാനംചെയ്യുന്നയാൾക്ക് അപ്പോഴും യന്ത്രസഹായത്തോടെ മിടിക്കുന്ന ഒരു ഹൃദയമുണ്ടാകും. ശ്വാസം ഉള്ളിലെത്തുന്നുണ്ടാകും. കരളും വൃക്കകളും പ്രവർത്തിക്കുന്നുണ്ടാകും. പക്ഷേ യന്ത്രസഹായമില്ലെങ്കിൽ ഒന്നുമില്ല. ആ സാഹചര്യത്തിൽ അതു പറഞ്ഞു മനസ്സിലാക്കാൻ ഒരു ഡോക്ടർക്കല്ലാതെ ആർക്കാവും? പ്രിയപ്പെട്ട ഒരാൾ നഷ്ടപ്പെടുന്നതിൽ ഹൃദയം മുറിഞ്ഞു നിൽക്കുമ്പോൾ മറ്റാരുപറഞ്ഞാൽ നമ്മൾ വിശ്വസിക്കും?

**വിൽക്കാനുണ്ട് അവയവങ്ങൾ**

വില അഞ്ചുമുതൽ പത്തുലക്ഷം വരെ. കമ്മീഷനും അത്ര തന്നെ. നിങ്ങൾ അത്യാവശ്യക്കാരനാണെങ്കിൽ വില ഇനിയും കൂടാം. ഇത് കേരളത്തിലെ അവയവ വിപണിയുടെ നേർക്കാഴ്ചയാണ്. വയനാട് സ്വദേശി (പേര് പറയാൻ തയ്യാറല്ല) മകനുവേണ്ടിയാണ് വൃക്ക അന്വേഷിച്ചത്. ആദ്യം ചെന്നുപെട്ടത് വൻമാഫിയയുടെ കൈയിൽ. കമ്മിഷൻ ഉൾപ്പെടെ അവർ വിലപറഞ്ഞത് 18 ലക്ഷം. കുറച്ചുകൂടി ചെറിയ ഒരു ബ്രോക്കർ വഴിയാണ് ഒടുവിൽ വൃക്ക കിട്ടിയത്. 10 ലക്ഷം. "എന്റെ മകന്റെ ജീവൻ രക്ഷിക്കാൻ മറ്റു വഴിയുണ്ടായിരുന്നില്ല, ആശുപത്രിച്ചെലവ് 18.32 ലക്ഷം വേറെയും വന്നു". അദ്ദേഹം പറയുന്നു. ബന്ധുക്കളല്ലാത്തവരിൽ നിന്നാണ് ഈ വൃക്കകൾ കിട്ടുന്നത്. പക്ഷേ, ബന്ധുത്വമുണ്ടെന്നു കാണിക്കാനുള്ള രേഖകൾ തയ്യാറാക്കിക്കൊടുക്കാൻ ഏജന്റുമാർ റെഡി. മാറ്റിവെയ്ക്കാൻ, ജീവിച്ചിരിക്കുന്നവരുടെ കരളിന്റെ ഛേദം കിട്ടണമെങ്കിൽ ഇരുപത്തഞ്ചുലക്ഷത്തിനു മുകളിലാണ് വില.

നാലുലക്ഷത്തിൽത്താഴെ ചെലവിൽ വൃക്കമാറ്റശസ്ത്രക്രിയ നടത്തുന്ന ആശുപത്രികളുണ്ട്. പക്ഷേ അവയിൽപ്പലതും ബന്ധുത്വമില്ലാത്തവരിൽ നിന്ന് വൃക്ക സ്വീകരിച്ചുള്ള ശസ്ത്രക്രിയ നടത്താറില്ല. എറണാകുളത്തെ ചില ആശുപത്രികൾ ഇത് ചെയ്തുകൊടുക്കുന്നതിൽ മുന്നിലാണ്. വലിയ ശസ്ത്രക്രിയാച്ചെലവാണ് അവിടെ.

മസ്തിഷ്ക മരണാനന്തര അവയവദാനം സജീവമാണെങ്കിൽ ഈ കച്ചവടങ്ങളേ ഇല്ലാതായേനെ.

**സ്റ്റാൻലി ഇന്നും ജീവിക്കുന്നു**

"14 വർഷം മുമ്പ് ഞാനെടുത്ത ഒരു തീരുമാനത്തിന്റെ ശരിയെക്കുറിച്ച് ഇപ്പോഴും എനിക്ക് നല്ല ബോധ്യമുണ്ട്. 2009 -ലാണ് എന്റെ മകന് മസ്തിഷ്ക മരണം സംഭവിക്കുന്നത്. പ്രായം 16". ചങ്ങനാശ്ശേരി സ്വദേശി കുര്യൻ തുമ്പുങ്കലിന്റെ ഓർമകളിൽ വീണ്ടും മകൻ സ്റ്റാൻലി ജോർജിന്റെ ജീവൻ തുടിച്ചു.

"അവന്റെ കരൾ കോഴിക്കോട്ടുള്ള ഒരാൾക്കു നൽകി. കോവിഡ് ബാധിച്ച് മരിക്കുംവരെ അദ്ദേഹവുമായി ബന്ധമുണ്ടായിരുന്നു. ഞാൻ ആളെ കണ്ടിട്ടുണ്ട്. എന്റെ മകന്റെ കരളിൽ തൊടുംപോലെ അദ്ദേഹത്തെ തൊട്ടുനോക്കിയിട്ടുണ്ട്. വൃക്ക രണ്ട് സ്ത്രീകൾക്കാണ് കിട്ടിയത്. അവരിലൊരാളെ അസുഖം മൂലം ഭർത്താവ് ഉപേക്ഷിച്ചതായിരുന്നു. വൃക്ക മാറ്റിവെച്ച് ആരോഗ്യവതിയായപ്പോൾ അവർ വീണ്ടും വിവാഹിതയായി. ഒരു കുഞ്ഞുമുണ്ടായി. മറ്റേയാളും സുഖമായിരിക്കുന്നു. 14 വർഷംമുമ്പ് വിട്ടുപോയ എന്റെ മകൻ അവരിലൂടെ ഇപ്പോഴും ജീവിക്കുന്നു....." ഹാ ... എന്തൊരു ഉജ്ജ്വലമായ ജീവിതം!.

**മസ്തിഷ്കമരണം സൃഷ്ടിക്കാനാവില്ല**

അവയവദാനത്തെക്കുറിച്ചുള്ള ബോധ്യമില്ലായ്മകൾ ആദ്യമല്ല, മസ്തിഷ്ക മരണം ശരിക്കും മരണമാണോ? അതെങ്ങനെ ഉറപ്പിക്കാനാവും? സംശയങ്ങൾ പലർക്കുമുണ്ട്. എന്നാൽ, കൃത്യമായ നടപടി ക്രമങ്ങളുണ്ടിതിന്. "തലയ്ക്കടിച്ച് ഒരാളെ കൊല്ലാൻ പറ്റും. പക്ഷെ

മസ്തിഷ്കമരണം കൃത്രിമമായി ഉണ്ടാക്കാൻ പറ്റില്ല''. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഗാസ്ട്രോ സർജറി പ്രൊഫസറും ലിവർ ട്രാൻസ്പ്ലാന്റ് വിഭാഗം മേധാവിയുമായ ഡോ. സുധീന്ദ്രൻ പറയുന്നു. "മസ്തിഷ്ക മരണത്തിന്റെ പേര് പറഞ്ഞ് അവയവ മെടുത്ത് കച്ചവടം ചെയ്യുന്നു എന്ന് ആരോപിക്കുന്നവരുണ്ട്. അതു ശരിയല്ല. സത്യത്തിൽ ജീവിച്ചിരിക്കുന്ന വരിൽ നിന്നുള്ള അവയവദാനത്തിലാണ് കച്ചവട സാധ്യതയുള്ളത്. അതിൽ 40 ശതമാനവും ബന്ധുക്കളല്ലാത്തവരിൽ നിന്നാണ്. അതിന്റെ പിന്നിൽ പണമിടപാട് നടക്കാൻ എളുപ്പമാണ്. മസ്തിഷ്ക മരണം മരണം തന്നെയാണെന്ന് മനസ്സിലാക്കണം. പകരം അവരെല്ലാം ഇനിയും ജീവിച്ചി രിക്കുമെന്ന് പ്രചരിപ്പിക്കുന്നത് അവയവം കാത്തു കഴിയുന്നവരോടു ചെയ്യുന്ന തെറ്റാണ്.'' അദ്ദേഹം പറഞ്ഞു.

കാത്തുകാത്തിരിക്കുന്നവർ എത്രയെത്ര! 30,000 കരൾമാറ്റ ശസ്ത്രക്രിയകളെങ്കിലും നടക്കേണ്ടതുണ്ട്. ഇന്ത്യയിൽ നടക്കുന്നത് വെറും 3911. രണ്ടുലക്ഷം വൃക്കകൾ ആവശ്യമുള്ളിടത്ത് നടക്കുന്നത് വെറും 10,164. ഈ വിടവ് നികത്താൻ സഹാനു ഭൂതിയും സന്നദ്ധതയും മാത്രം മതി.

**ഒളിച്ചുകളിച്ച് മെഡിക്കൽ കോളേജുകൾ**

തലയ്ക്കു ക്ഷതമേറ്റുള്ള മരണങ്ങൾ പ്രതിവർഷം നാനൂറിനടുത്ത്. അതിൽത്തന്നെ 100 മരണങ്ങളെങ്കിലും മസ്തിഷ്കമരണ വിഭാഗത്തിൽപ്പെടുത്താവുന്നത്. എന്നാൽ, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള അവയവദാനങ്ങൾ എത്രയാണ്? ഈ വർഷം രണ്ട്. 2022-ൽ ഒന്ന്. അതിനു മുമ്പത്തെ വർഷവും ഒന്ന്! എവിടെപ്പോവുന്നു മറ്റ് അവയവദാതാക്കൾ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ വർഷം സെപ്റ്റംബർവരെ ഇത്തരത്തി ലുണ്ടായത് 106 മരണങ്ങൾ. എന്നാൽ, മസ്തിഷ്കമരണാനന്തരം നടന്നത് ഒരു അവയവദാനം മാത്രം. ശരാശരി ഇത്ര തന്നെപേർ ഇവിടെ ഓരോ വർഷവും മരിക്കുന്നുണ്ടാവണം. പക്ഷേ, കഴിഞ്ഞ ആറുവർഷവും കേരള സ്റ്റേറ്റ് ഓർഗൻ ട്രാൻസ്പ്ലാന്റ് ആൻഡ് ടിഷ്യൂ ഓർഗനൈ സേഷന്റെ കണക്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുള്ള അവയവദാനം പൂജ്യമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് 2019-ൽ ഒഴികെ എല്ലാവർഷവും മസ്തിഷ്കമരണാനന്തര അവയവദാനം നടന്നിട്ടുണ്ട്. എന്നാൽ, നടന്നത് ഒന്നുവീതമാണെന്നുമാത്രം. ഈ വർഷം ഒന്നുമില്ല. 2023-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹെഡ് ഇൻജുറി ഐ.സി.യു. വിൽനിന്നുള്ള മരണക്കണക്ക് 45 (നവംബർവരെ) ആണ്. ന്യൂറോ ഐ.സി.യു. ഉൾപ്പെടെ മറ്റിടങ്ങളിൽ നിന്നുള്ള കണക്ക് ഇതിനുപുറമേയുണ്ട്. ഇത്രയും മരണം നടന്നതിൽ ഒന്നു പോലും മസ്തിഷ്ക മരണമാവുന്നില്ലെ ന്നാണോ? തീർച്ചയായും അല്ല. പ്രധാനപ്പെട്ട അഞ്ചു മെഡിക്കൽ കോളേജുകളിലും കൂടി തലച്ചോറിന് ക്ഷതമേറ്റുള്ള മരണം ചുരുങ്ങിയത് 300നും 400നും ഇടയ്ക്കുണ്ട്. അതിന്റെ നാലിലൊന്ന് മസ്തിഷ്കമര ണമായി കണക്കാക്കാവുന്നതുമാണ്. നാലു മെഡിക്കൽ കോളേജുകൾക്കാണ്

മസ്തിഷ്കമരണാനന്തര അവയവദാനത്തിന് അനുമതിയുള്ളത്. കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം, കോട്ടയം. കഴിഞ്ഞ പതിനൊന്നുവർഷത്തിനിടയിൽ ആകെനടന്ന ഏഴ് അവയവ ദാനങ്ങൾ മാത്രമേ കോട്ടയം മെഡിക്കൽ കോളേജിന്റെ കണക്കിലുള്ളൂ. ആലപ്പുഴയിൽ 11 വർഷത്തിനിടയ്ക്ക് ആകെ രണ്ടും.

ഈ മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നതാണ് സത്യം. അധികാരികൾക്ക് ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല.

**മാതൃഭൂമി,**

**20, ഡിസംബർ 2023.**

ഛഛഛഛഛഛഛഛ

# കൈമാറണം കെടാവിളക്കുകൾ

**രജി ആർ. നായർ**

മകന്റെ ഒന്നാം പിറന്നാളാഘോഷം കഴിഞ്ഞ സമയത്താണ് കണ്ണൻ ആശുപത്രിയിലാവുന്നത്. കരൾ മാറ്റി വെക്കണം. കണ്ണന്റെ ചേച്ചി കരൾ നൽകാൻ തയ്യാറായിരുന്നെങ്കിലും അവരുടെ അനാരോഗ്യം തടസ്സമായി. മറ്റാരോടും ചോദിക്കാനുമില്ല.

2020-ൽ വർക്കല സ്വദേശി കണ്ണൻ കരൾ കാത്തിരിപ്പുപട്ടികയിൽ രജിസ്റ്റർ ചെയ്തു. നാൽപ്പത്തിയേഴാം വയസ്സു മുതൽ അമ്പതുവയസ്സുവരെ ആ കാത്തിരിപ്പ് തുടർന്നു. പിന്നെ, നിസ്സഹായനായി മരിച്ചു. എത്രയോപേർ മസ്തിഷ്ക മരണം സംഭവിച്ച് അവയവദാനം നടത്താതെ മൺമറയുന്ന ഒരു നാട്ടിൽ നിന്ന് കരൾ കിട്ടാതെ കഴിഞ്ഞ ഡിസംബറിൽ കണ്ണൻ മടങ്ങി.

"തലയ്ക്ക് ക്ഷതമേറ്റുള്ള മരണങ്ങളിൽ 25 ശതമാനമെങ്കിലും മസ്തിഷ്ക മരണമാണ്. രോഗിക്ക് മസ്തിഷ്കമരണം സംഭവിച്ചുകഴിഞ്ഞാലും ഇനി വെന്റിലേറ്ററിൽ നിലനിർത്തുന്നതിൽകാര്യമില്ല. അത് ഒഴിവാക്കുകയാണെന്നു പറഞ്ഞാൽ ബന്ധുക്കൾ എങ്ങനെ പ്രതികരിക്കുമെന്ന പേടിയാണ് ഡോക്ടർമാർക്ക്. മരണമുറപ്പാക്കിക്കഴിഞ്ഞ ഒരാളെ കുറച്ചുസമയത്തേക്കാണെങ്കിൽപ്പോലും വെന്റിലേറ്ററിൽ നിലനിർത്തുമ്പോൾ വെന്റിലേറ്റർ സഹായം കിട്ടേണ്ട ഒരാൾക്ക് അതുകിട്ടാതെ പോവുകയാണ്. പകരം മസ്തിഷമരണം സ്ഥിരീകരിച്ച് അവയവ ദാനത്തെക്കുറിച്ച് ബന്ധുക്കളോട് സംസാരിക്കാൻ തയ്യാറായാൽ അവയവം കാത്തിരിക്കുന്നവർക്ക് അത് പ്രതീക്ഷ നൽകും. വൈദ്യസമൂഹമാണ് അതിന് മുൻകൈയെടുക്കേണ്ടത്." ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ന്യൂറോ സർജറി വിഭാഗം പ്രൊഫസർ ഡോ. ഈശ്വർ പറയുന്നു." കഴിഞ്ഞ അഞ്ചു വർഷമായി മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത് തടഞ്ഞതിലൂടെ മൂന്നൂറുപേരുടെ ജീവൻ രക്ഷിച്ചു എന്നാണ് ഡോ.ഗണപതി പറയുന്നത്. അത് തെറ്റാണ്. അവരാരും ജീവിതത്തിലേക്ക് തിരിച്ചു വന്നിട്ടില്ല. ആ മൂന്നൂറുപേരുടെ മസ്തിഷ്ക മരണം സ്ഥിരീകരിച്ച് നാലുപേർക്ക് വീതം അവയവദാനം നടത്തിയിരുന്നെങ്കിൽ 1200 പേർ രക്ഷപ്പെട്ടേനെ" ഡോ. ഈശ്വർ പറഞ്ഞു.

**കാണുന്നില്ല അറിയിക്കുന്നില്ല**

മരണത്തിൽനിന്ന് ജീവൻ ജനിപ്പിക്കാനുള്ള അപൂർവ സാഹചര്യത്തിന് സാക്ഷിയാവുന്നുണ്ട് ഓരോ ദിവസവും നമ്മുടെ ആശുപത്രികൾ. അവയവ മാറ്റത്തിന് അംഗീകരിക്കപ്പെട്ട 51 ആശുപത്രികളുണ്ട് കേരളത്തിൽ. ഇതിൽ വർഷത്തിൽ പതിനഞ്ചോളം മസ്തിഷ്ക മരണമെങ്കിലും സംഭവിക്കുന്ന സ്വകാര്യ ആശുപത്രികളും അതിലേറെ മരണ സംഖ്യയുള്ള മെഡിക്കൽ കോളേജുകളുമുണ്ട്. എന്നിട്ടോ? കാര്യമായൊന്നും സംഭവിക്കുന്നില്ല. രാജ്യത്ത് 600

മെഡിക്കൽ കോളേജുകളുണ്ട്. 20-ലധികം ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസുകളുമുണ്ട്. ഓരോ സ്ഥാപനത്തിലും വർഷത്തിൽ ഓരോ അവയവദാനം നടന്നാൽത്തന്നെ അത്യാവശ്യത്തിനുള്ള അവയവങ്ങൾ കിട്ടും. സ്വകാര്യാശുപത്രികൾകൂടി അതേ അളവിൽ ചേർന്നാൽ അവയവദാനത്തിൽ നമുക്ക് പിടിച്ചുനിൽക്കാം. പക്ഷേ പിടിച്ചുനിൽക്കുകയല്ല, മരിച്ചുവീഴുകയാണ് നമ്മൾ.

**മനസ്സിലാക്കുന്നവരുണ്ട്, പക്ഷേ**

"1994-ൽ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂ ആക്റ്റ് നിലവിൽ വന്നതുതന്നെ ജീവിച്ചിരിക്കുന്ന വർക്കിടയിലുള്ള അവയവക്കച്ചവടം കുറയ്ക്കാനും മസ്തിഷ്കമരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കാനുമാണ്. മുപ്പതുവർഷമായിട്ടും ആ ശ്രമം വിജയിച്ചിട്ടുണ്ടോ എന്ന് സംശയമാണ്." അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ചീഫ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്ററും അലൈഡ് സയൻസസിൽ അസി. പ്രൊഫസറുമായ വി. ജി. പ്രസാദ് പറയുന്നു. "മസ്തിഷ്ക മരണം നടന്നാൽ ബന്ധുക്കളോട് സംസാരിക്കാറുണ്ട്. എറ്റവും വേണ്ടപ്പെട്ട ഒരാളുടെ മരണത്തിനുമുന്നിൽ നിൽക്കുകയാണ് അവർ. അവയവദാനം ചെയ്യാമോ എന്നു ചോദിക്കുമ്പോൾ ചിലർക്ക് അത് ഉൾക്കൊള്ളാനാവില്ല. എന്നാൽ കാര്യം മനസ്സിലായാൽ പലരും തയ്യാറാവും. എന്നാൽ ഈ മനുഷ്യരെ അവയവദാനത്തിൽനിന്ന് അകറ്റും വിധമുള്ള പ്രചാരണങ്ങളാണ് നടക്കുന്നത്." - പ്രസാദ് പറയുന്നു.

**ഉറപ്പാണോ മസ്തിഷ്കമരണം?**

മസ്തിഷ്കമരണം ഉറപ്പാക്കുന്നത് ഏറ്റവും ശാസ്ത്രീയമായ രീതികളി ലൂടെയാണ്. രോഗിയെ ചികിത്സിക്കുന്ന ഡോക്ടർ, ആശുപത്രിയുടെ ചുമതലയുള്ള ഒരാൾ, ഒരു ന്യൂറോ സർജൻ, ന്യൂറോളജിസ്റ്റ്, സർക്കാർ അംഗീകരിച്ച കമ്മിറ്റിയിൽ നിന്നുള്ള ഒരു ഡോക്ടർ എന്നിവരാണ് മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നത്. തലച്ചോർ പ്രവർത്തി ക്കുന്നുണ്ടോ ഇല്ലയോ എന്നറിയാനുള്ള ഏറ്റവും നൂതന പരിശോധനകൾ ഉൾപ്പെടെ നടത്തണമെന്ന് നിഷ്കർഷിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ പരിശോധനകൾ ആദ്യം നടത്തി ആറു മണിക്കൂറിനുശേഷം വീണ്ടും നടത്തണം. എല്ലാം റെക്കോഡ് ചെയ്യും.

**അനുജിത്ത്, ഞങ്ങൾ നിന്റെ ജീവനാണ്**

അവയങ്ങൾപോലെ ആയുഷ്ക്കാല ബന്ധവും കൈമാറുന്നവരാണ് അവയവ ദാതാക്കളും സ്വീകർത്താക്കളും പാലക്കാട് മണ്ണാർക്കാട് സ്വദേശി ദീപകയിൽ നിന്ന് ആ കഥ തുടങ്ങാം.

അപൂർവമായിമാത്രം നടക്കുന്ന ചെറുകുടൽമാറ്റ ശസ്ത്രക്രിയയിലൂടെ പുതുജീവിതം ലഭിച്ചതാണ് 37 കാരിയായ ദീപികയ്ക്ക്. രോഗബാധിതയായി ചെറു കുടലിന്റെ വലിയൊരുഭാഗം നീക്കം ചെയ്യേണ്ടിവന്നിരുന്നു. പോഷകഘടകങ്ങൾ ശരീരത്തിലേക്ക് നേരിട്ടു കടത്തിവിട്ടുള്ള ദുരിതജീവിതം ഒരു വർഷം നീണ്ടു. ഇനി മുന്നോട്ടുപോവാനാവില്ലെന്നുതോന്നിയ സമയത്തായിരുന്നു ആശുപത്രിയിൽനിന്നുള്ള വിളി. 2021 ജൂലായ് 20-ന് ദീപികയ്ക്ക് പുതിയ ചെറുകുടൽ കിട്ടി. ഇപ്പോൾ ഭക്ഷണം കഴിക്കാം. ഒമ്പതിലും ഏഴിലും

പഠിക്കുന്ന മക്കളുടെ കാര്യങ്ങൾ നോക്കാം. 'കൊല്ലം സ്വദേശി അനുജിത്ത് എന്നയാളാണ് എനിക്ക് അവയവം തന്നത്. അദ്ദേഹത്തിന്റെ ഭാര്യ പ്രിൻസിയെ ഞാൻ ഇപ്പോഴും വിളിക്കാറുണ്ട്'- ദീപിക പറഞ്ഞു.

ദീപിക തന്ന നമ്പറിൽ പ്രിൻസിയെ വിളിച്ചു. എട്ടുപേർക്ക് ജീവിതം പകർന്ന് കടന്നുപോയ അനുജിത് ഓർമകളിൽ പുനർജനിച്ചു. കൊല്ലം എഴുകോൺ സ്വദേശി അനുജിത്തിന് വാഹനാപകടത്തിൽ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നത് 2020 ജൂലായ് 20നാണ്. "അനുജിത് ആദ്യമേ അവയവദാന സമ്മതപത്രം നൽകിയതാണ്. എന്നെ പറഞ്ഞേൽപ്പിക്കുകയും ചെയ്തിരുന്നു." പ്രിൻസി പറഞ്ഞു. മുറിഞ്ഞുപോവുന്ന വേദനയ്ക്കിടയിലും അന്ന് പ്രിൻസി സമ്മതം മൂളിയതുകൊണ്ടുമാത്രം ജീവിതം കിട്ടിയത് എട്ടു പേർക്ക്.

അതിലൊരാൾ സണ്ണിയായിരുന്നു. തൃപ്പൂണിത്തുറ സ്വദേശി സണ്ണി എം. തോമസ്. നാൽപ്പത് വയസ്സുമുതൽ ഹൃദ്രോഗി. "കഴിഞ്ഞ 19 വർഷം എങ്ങനെ കഴിഞ്ഞെന്ന് എനിക്കേ അറിയൂ. ശ്വാസംമുട്ടി മടുത്തുള്ള ജീവിതം. ആദ്യം കുഴഞ്ഞുവീണ ദിവസം മുതൽ മരണം മുന്നിലുണ്ട്. 15 വർഷം മുമ്പ് പേസ്മേക്കർ വെച്ചു. അഞ്ചുവർഷം കഴിഞ്ഞ് പഴയത് മാറ്റി പുതിയത് വെച്ചു. പിന്നീട് ഒരിക്കൽക്കൂടി പേസ്മേക്കർ പുതുക്കി. എന്നിട്ടും കാര്യമൊന്നുമുണ്ടായില്ല. രണ്ടുവർഷം മരിക്കാൻപോവുന്ന പോലെ വീട്ടിൽ കിടന്നു. ആ സമയത്താണ് മൃതസഞ്ജീവനിയിൽ രജിസ്റ്റർ ചെയ്യുന്നത്.

നാലുവർഷംമുമ്പ് ആശുപത്രിയിൽ നിന്ന് ഒരു വിളിവന്നു. അന്നുമുതൽ അനുജിത്തിന്റെ ഹൃദയം സണ്ണിയുടെ പ്രാണനായി. "ആ ഹൃദയം കിട്ടിയപ്പോഴുള്ള ആശ്വാസം പറഞ്ഞറിയിക്കാൻ പറ്റില്ല. എപ്പോവേണമെങ്കിലും മരിച്ചുപോവാം എന്ന അവസ്ഥമാറി. ഞാനൊരു പഴയ കായികതാരമായിരുന്നു. ഇപ്പോ വീണ്ടും പന്തു കളിക്കാനൊക്കെ തുടങ്ങി. ആ കുടുംബത്തിന്റെ നല്ല മനസ്സുകൊണ്ട് രക്ഷപ്പെട്ടുപോയതാണ് ഞാൻ. ആറു വയസുള്ള ഒരു കുട്ടിയുണ്ട് അനുജിത്തിന്. എന്റെ മനസ്സിൽ അവനെന്റെ മകൻതന്നെയാണ്..." സണ്ണി സ്വന്തം നെഞ്ചിൽ സ്നേഹത്തോടെ കൈവച്ചു.

**ഒരാളിൽ നിന്ന് എട്ട് പേർ**

മസ്തിഷ്കമരണാനന്തരം രണ്ട് വൃക്കകൾ, കരൾ, ഹൃദയം, ശ്വാസകോശം, പാൻക്രിയാസ്, ചെറുകുടൽ, ടിഷ്യൂ (കോർണിയ, ചർമം, കൈ തുടങ്ങിയവ) എന്നിവ ദാനം ചെയ്യാനാവും. എന്നാൽ, ദാനം നടക്കുന്നതുവരെ ആ അവയവങ്ങൾ പ്രവർത്തനക്ഷമമായിരിക്കുന്നെങ്കിൽമാത്രമേ അവ ദാനം ചെയ്യാനാവൂ. സ്വീകർത്താവിന്റെ ശരീരവുമായി അവ ഇണങ്ങുമോ എന്ന് പരിശോധിക്കുകയും വേണം. എല്ലാ മസ്തിഷ്കമരണങ്ങളിലും അവയവദാനം സാധ്യമല്ല.

**മാതൃഭൂമി,**

**21, ഡിസംബർ 2023.**

ക്ഷക്ഷക്ഷക്ഷക്ഷക്ഷക്ഷ

# ഇനി നൽകാം ജീവന്റെ പങ്ക്

രജി ആർ. നായർ

*എവിടെയോ മനുഷ്യർ പ്രാണനുവേണ്ടി മറ്റൊരാളുടെ ദയവിനായി കാത്തിരിക്കുന്നുവെന്ന് ഓർക്കാൻ നമുക്കാവില്ലേ? ആ മനുഷ്യർക്കുവേണ്ടിയാണ് ഇനി കേരളം കൈകോർക്കേണ്ടത്*

ആന്തരികാവയവങ്ങൾ കേടുവന്ന് ഗുരുതരാവസ്ഥയിലുള്ളവർ എത്ര പേരുണ്ടാവും? ആ കണക്കെടുപ്പ് നടക്കുന്നില്ല കേരളത്തിൽ. ആശുപത്രികളിലുമില്ല അങ്ങനെയൊരു കണക്ക്. സർക്കാരിന്റെ ഔദ്യോഗിക കാത്തിരിപ്പു പട്ടികയിലെത്തുന്നത് കുറച്ചു പേർമാത്രം. ഹൃദ്രോഗികളുടെ, വൃക്ക കേടായവരുടെ, കരൾ മാറ്റിവെക്കേണ്ടവരുടെ കൃത്യമായ കണക്കില്ല. പലരും പല ആശുപത്രികളിൽ ചികിത്സ തേടുന്നുണ്ട്. പലരും ദുരിത ജീവിതം ജീവിച്ചുപോവുന്നുണ്ട്. പലരും മരിച്ചുപോവുന്നുണ്ട്. അത്രമാത്രം.

ഇവർക്ക് അവയവം കിട്ടേണ്ടതുണ്ടെന്ന നിർബന്ധം സർക്കാരിനുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട് അവയവദാനത്തെ നിസ്സാരമാക്കുന്നു? എന്തു പ്രോത്സാഹനമാണ് അവയവദാതാക്കൾക്ക് സർക്കാർ നൽകുന്നത്? ഒന്നുമില്ല. നല്ല മനസ്സുള്ളവർ അവയവം നൽകിയാൽ 'മൃതസഞ്ജീവനി'യിലൂടെ അത് കൈമാറും. അതിലപ്പുറം എന്തു നടക്കുന്നു? ഇനി അവയവം മാറ്റിവെച്ചാലോ? മാറ്റിവയ്ക്കേണ്ടി വരുന്നവർക്ക് കാര്യമായ സഹായമില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കിട്ടിയിരുന്ന മൂന്നുലക്ഷം രൂപയായിരുന്നു ഏക ആശ്വാസം. അതുപോലും ഇപ്പോൾ മുഴുവനായി കിട്ടുന്നില്ലെന്ന് അനുഭവസ്ഥർ.

**വഴിയിൽ ചില തണലുകൾ**

2015-ലാണ് മാധ്യമപ്രവർത്തകനായ വിനുനായർ കരൾ മാറ്റിവെക്കുന്നത്. ഭാര്യ രശ്മിക്ക് കരൾ പകുത്തുനൽകാനാവാത്ത വിധത്തിലുള്ള ശാരീരിക പ്രശ്നങ്ങളുണ്ടായിരുന്നു. ആ സമയത്ത് പല വഴിക്കും പുറത്തുനിന്ന് കരളിനായി ശ്രമിച്ചു. നൽകാൻ പലരുമെത്തി. വില ലക്ഷങ്ങൾ. മരണത്തെ നേരിൽ കണ്ടു തുടങ്ങി എന്നുതോന്നിയപ്പോഴേക്കും ഭാര്യതന്നെ അസുഖങ്ങൾ നിയന്ത്രണത്തിലാക്കി വിനുവിന് കരൾ പകത്തുനൽകി. ''അന്നുമുതൽ അവയവദാനത്തിന്റെ കൂടെ നിൽക്കുന്നുണ്ട്. അതിനായി 'ലിവർ ഫൗണ്ടേഷൻ ഓഫ് കേരളയിൽ' പ്രവർത്തിക്കുന്നു. സംഘടന മരുന്നുൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നുണ്ട് പലർക്കും. മസ്തിഷ്ക മരണാനന്തര അവയവദാനത്തെ പ്രാത്സാഹിപ്പിക്കാനായി 'ആത്മതാളം' എന്ന പദ്ധതിയുണ്ട്. ഫെബ്രുവരിയിൽ കേരളത്തിനുകുറുകേ ഒരു യാത്ര നടത്തി കോളേജ് വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഇതിന്റെ ഭാഗമാക്കാനാണ് ശ്രമം'' വിനു നായർ പറയുന്നു.

**വില പിടിച്ച ജീവൻ**

പല വഴിയിലൂടെ നടക്കാറുണ്ട്. ജീവന്റെ കൈമാറ്റം. എന്നാൽ എല്ലാ വഴിക്കും പുറത്തായിപ്പോകുന്ന മനുഷ്യരുണ്ട്. അവർക്ക് കാത്തിരിപ്പാണ് ജീവിതം. അവരുടെ സങ്കടങ്ങൾക്ക് പരിഹാര മാകണമെങ്കിൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിന്റെ പതാകാവാഹക രായി ഭരണകൂടം മാറേണ്ടതുണ്ട്. "മസ്തിഷ്ക അവയവദാനം വ്യാപകമായാൽ പാവപ്പെട്ടവർക്ക് അത് കൂടുതൽ സഹായകരമാവും. ജീവിച്ചിരിക്കുന്നവരിൽ നിന്നുള്ള അവയവദാനം പലപ്പോഴും അങ്ങനെയല്ല. പല രീതിയിലും പ്രതിഫലം പറ്റുന്നവരുണ്ട്". - കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ് പറയുന്നു. "സ്വമേധയായാണെന്ന് തെളിയിച്ചാൽ ബന്ധുക്കളല്ലാത്തവരിൽ നിന്നുള്ള അവയവദാനത്തിന് ഓതറൈ സേഷൻ കമ്മിറ്റികൾ അനുമതി കൊടുക്കും. കച്ചവടമാണെന്ന് മനസ്സിലാക്കിയാൽ എതിർക്കാറുമുണ്ട്. അപ്പോൾ അവർ കോടതിയിൽ പോവും. ജീവകാരുണ്യമെന്നു കരുതിയാവാം കോടതികൾ ഓതറൈസേഷൻ കമ്മിറ്റികൾക്കെതിരെ വിധിക്കുകയാണ് പതിവ്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിന്റെ കാര്യത്തിലാണെങ്കിൽ, അവയവം ദാനം ചെയ്യണമെന്ന് ബന്ധുക്കൾ ആഗ്രഹമറിയിച്ചാൽ മാത്രമാണ് പലപ്പോഴും അത് നടത്താറ്. അത്രയും കുറവാണ് ആശുപത്രികളിൽ നിന്നുള്ള മസ്തിഷ്കമരണ റിപ്പോർട്ട്" - അദ്ദേഹം പറഞ്ഞു.

**വേണം മരിക്കാത്ത ആശയങ്ങൾ**

പല രാജ്യത്തും ശക്തമായ അവയവദാനപദ്ധതികളുണ്ട്. അത് പൊതുജനാരോഗ്യ സംവിധാനത്തിന്റെ ഏറ്റവും പ്രധാന ഭാഗവുമാണ്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് വിസമ്മതിച്ചാൽ, പിന്നീട് അവയവം ആവശ്യമായി വന്നാൽ മുൻഗണനാ ലിസ്റ്റിൽ നിങ്ങൾ ഏറ്റവും പിറകിലാവും ഇസ്രയേലിലും സിങ്കപ്പൂരിലും. സ്പെയിനിന്റെ മാതൃക മറ്റൊന്നാണ്. അവിടെ പൗരൻമാർ സ്വാഭാവികമായും ദാതാക്കളാണ്, വിസമ്മതപത്രം കൊടുത്താൽ മാത്രമെ അവയവദാനത്തിൽ നിന്ന് വിട്ടുനിൽക്കാനാവൂ. ഫ്രാൻസും ഗ്രീസും നോർവെയും സ്വീഡനും തുർക്കിയും ഇതേ പാതയിലാണ്. സ്പെയിൻതന്നെയാണ് ലോകത്ത് അവയവദാന നിരക്കിൽ ഏറ്റവും മുന്നിൽ. പത്തുലക്ഷത്തിൽ 47 പേർ അവിടെ അവയവം ദാനംചെയ്യുന്നു. ഇന്ത്യയിലത് പത്ത് ലക്ഷത്തിൽ 0.65 പേരാണ്. കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ കുറവാണ്.

**ഡോക്ടർമാർ കുറ്റവാളികളല്ല**

"പല ആശുപത്രിക്കും ജീവിച്ചിരിക്കുന്നവരിൽ നിന്നുള്ള അവയവദാനത്തിലാണ് താൽപര്യം. അതാവുമ്പോൾ മറ്റു റിസ്കില്ല. സർജറിയും ഡോക്ടർമാരുടെ ഷെഡ്യൂളുമെല്ലാം നേരത്തേ തീരുമാനിക്ക പ്പെടുന്നു. മസ്തിഷ്ക മരണാനന്തര അവയവദാനം പക്ഷേ അങ്ങനെയല്ല. അത് അപ്രതീക്ഷിതമാണ്. ഒരു ആശുപത്രിയുടെ മുഴുവൻ ശ്രദ്ധയും ആവശ്യമാണതിന്. വലിയ മിനക്കേടായാണ് ചിലരൊക്കെ അതിനെ കാണുന്നത്. പക്ഷേ, അതിനെല്ലാമപ്പുറം ജീവൻ നിലനിർത്താൻ ഒരു അവയവം കാത്തിരിക്കുന്നവരെ കാണാതിരിക്കരുത്." തിരുവനന്തപുരം കിംസ് ആശുപത്രിയിലെ നെഫ്രോളജിസ്റ്റ് ഡോ. സതീഷ് ബാലൻ പറയുന്നു.

ജീവിതം അടിച്ചുവീഴ്ത്തിയ ആ പാവം മനുഷ്യരോട് തടസ്സം പറയാനാവാത്തവിധം നെഞ്ചിൽ നിറയേണ്ട നന്മകളുണ്ട്. അതില്ലാതിരിക്കാൻ എന്തുകാരണമാണ് നമുക്ക് പറയാനുള്ളത്? പതിവു കാര്യങ്ങൾ മാറ്റിവെച്ച് അവയവ ദാനത്തിനു പിറകേ ഓടാൻ തയ്യാറല്ലാത്ത ആശുപത്രികൾ പേടികൊണ്ടും മടികൊണ്ടും അവയവ ദാനപദ്ധതിയുടെ ഭാഗമാവാൻ ഇഷ്ടപ്പെടാത്ത ഡോക്ടർമാർ, അവയവദാന പദ്ധതിക്ക് ആവശ്യമായ പ്രാധാന്യം നൽകാത്ത അധികാരികൾ, അവനവനിലപ്പുറം ചിന്തിക്കാത്ത മലയാളി ഇതെല്ലാമുണ്ട് ഒരുവശത്ത്. എന്നാൽ, എവിടെയോ മനുഷ്യർ പ്രാണനുവേണ്ടി മറ്റൊരാളുടെ ദയവിനായി കാത്തിരിക്കുന്നുവെന്ന് ഓർക്കാൻ നമുക്കാവില്ലേ? ആ മനുഷ്യർക്കു വേണ്ടിയാണ് ഇനി കേരളം കൈ കോർക്കേണ്ടത്.

**ദാതാക്കൾ സ്ത്രീകൾ**

രോഗബാധിതരാവുന്നതിൽ പുരുഷനും സ്ത്രീയുമുണ്ട്. എന്നാൽ അവയവ ദാതാക്കളിൽ 85 ശതമാനവും സ്ത്രീകളാണെന്ന് പഠനങ്ങൾ. സ്വീകർത്താവായ പുരുഷൻ ചെറുപ്രായക്കാരനാണെങ്കിൽ അമ്മ. വിവാഹിതനാണെങ്കിൽ ഭാര്യ. അമ്മമാരുടെ രക്തഗ്രൂപ്പ് മക്കളുമായി യോജിക്കാനുള്ള സാധ്യത കൂടുതലുണ്ട്. എന്നാൽ, ഇതല്ല പലപ്പോഴും കാരണം. സ്ത്രീകൾ പുരുഷനുവേണ്ടി വിട്ടുവീഴ്ചകൾ ചെയ്യേണ്ടവരാണെന്ന സാമൂഹിക ബോധം ഇതിനുപിന്നിലുണ്ട്. പല കുടുംബത്തിലും വരുമാനമുള്ള അംഗം പുരുഷനായിരിക്കും, അയാളുടെ ആരോഗ്യമാണ് പ്രധാനമെന്ന ചിന്തയുമുണ്ടാകും.

ബന്ധുത്വമില്ലാത്തവരിൽ നിന്നുള്ള (unrelated donors) അവയവദാനത്തിലും ഇതേ അസന്തുലനമുണ്ട് വരുമാനമുണ്ടാക്കാൻ, നിയമം ലംഘിച്ച് അവയവദാനം നടത്തുമ്പോൾ അതിലും ദാതാവാകാൻ നിർബന്ധിക്കപ്പെടുന്നത് സ്ത്രീകൾതന്നെ.

**ചോർന്നുപോവുന്ന കരുതൽ**

അവയവദാനപദ്ധതിയുമായി ബന്ധപ്പെട്ട പോരായ്മൾ പലതാണ്. അവയ്ക്കാണ് ഉത്തരം വേണ്ടത്

- ആന്തരികാവയവങ്ങൾ കേടുവന്ന് ഗുരുതരാവസ്ഥയിലുള്ളവർ എത്രയെന്നതിന് കണക്കില്ല.

- സർക്കാർ ആശുപത്രികളിൽ അവയവ ദാനത്തിനാവശ്യമായ തയ്യാറെടുപ്പുകളില്ല ആര്, എന്ത് റോൾ വഹിക്കണമെന്നതിന് കൃത്യമായ നിർദേശങ്ങളില്ല. അവയവ ദാനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ടു പേരാണ് വേണ്ടത്. രണ്ടു തസ്തികയിലും നിലവിൽ ആളില്ല. ആലപ്പുഴ മെഡിക്കൽ കോളേജിലും ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നു

- മസ്തിഷ്കമരണം സാക്ഷ്യപ്പെടുത്തുന്നതിന്റെ പേരിൽ ഡോക്ടർമാർ ക്രൂശിക്കപ്പെടുന്നു. സ്വന്തംനിലയിൽ അവർ നിയമനടപടികൾ നേരിടേണ്ടി വരുന്നു.

**ചെയ്യാനുണ്ട് പലതും**

അവയവദാനത്തിലൂടെ കൂടുതൽ മികച്ച ആരോഗ്യഭകരളമാവാൻ നമുക്കാവും അതിനുവേണ്ടത്

• ആന്തരികാവയവങ്ങൾ കേടുവന്ന് ഗുരുതരാവസ്ഥയിലുള്ളവരുടെ കണക്ക് ആശുപത്രികളിൽനിന്ന് ശേഖരിക്കണം.

• അവയവദാനപദ്ധതി ശക്തിപ്പെടുത്തലും അവയവദാനത്തിന്റെ കാര്യങ്ങൾ നിയന്ത്രിക്കുന്ന ഒരു മാർഗരേഖ തയ്യാറാക്കലും

• അവയവദാനപദ്ധതിയിൽ പങ്കാളികളാവുന്നതു കൊണ്ടുമാത്രം ഡോക്ടർമാർ ആരോപണങ്ങൾ നേരിടേണ്ടിവരുമ്പോൾ അവർക്ക് സർക്കാരിന്റെ പിന്തുണ.

• ജനങ്ങളെ പദ്ധതിയോടടുപ്പിക്കുംവിധം പ്രോത്സാഹനജനകമായ ആശയങ്ങൾ നടപ്പാക്കൽ.

• അവയവദാനത്തെക്കുറിച്ചുള്ള അശാസ്ത്രീയമായ പ്രചാരണങ്ങൾക്കെതിരെ ബോധവത്കരണം.

**മാതൃഭൂമി,**

**22, ഡിസംബർ 2023,**

ggggggggg

# കണക്കുകളിൽ കാണിക്കാത്ത ഇന്ത്യ

**ടി. പി. കുഞ്ഞിക്കണ്ണൻ**

*ഒരു രാജ്യത്തിന്റെ സാമ്പത്തിക ജീവനാഡിയാണ് സ്ഥിതിവിവരക്കണക്കുകൾ. വ ികസനാസൂത്രണം മുതൽ ജനാധിപത്യത്തിന്റെ ശാക്തികരണം വരെ സ്ഥിതിവിവരക്കണക്കുകളുടെ പിൻബലം ആവശ്യമായ മേഖലകളാണ്. നമ്മുടെ രാജ്യത്തിന് മഹത്തായ ഒരു സ്ഥിതിവിവര ഭൂതകാലമുണ്ടായിരുന്നു. ആ മഹിമകളെ തച്ചുടയ്ക്കുന്നതാണ് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ സമീപനം. നമ്മുടെ സ്ഥിതിവിവര മേഖലയിൽ എന്ത് സംഭവിക്കുന്നു എന്നതിന്റെ രേഖാചിത്രമാണ് ഈ പഠനം.*

പഴയ ഒരു ഓർമവെച്ച് തുടങ്ങാം. മലബാർ ക്രിസ്റ്റ്യൻ കോളേജിൽ ഞങ്ങളെ സ്റ്റാറ്റിസ്റ്റിക് പഠിപ്പിച്ച കേശവൻമാഷ് ഹാജർ വിളിച്ചുകഴിഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞു. "എന്റെ കൈവശമുള്ളത് ഏതാനും അക്കങ്ങളാണ്. എന്നാൽ, അവയെ പരസ്പരം ബന്ധപ്പെടുത്തി പറയുമ്പോൾ, അതായത്, 'അന്നേ ദിവസം ആ ക്ലാസിലെ ആദ്യ പിരീഡിൽ ഹാജരാകാതിരുന്നവരുടെ ക്രമനമ്പർ' എന്ന് ആ അക്കങ്ങളെപ്പറ്റി പറയുമ്പോൾ അവയ്ക്ക് പുതിയൊരു അർഥതലമുണ്ടാകും; അവ സ്ഥിതിവിവര ക്കണക്കുകളുടെ ഭാഗമായിമാറും." അതായത്, മനുഷ്യജീവിതത്തിൽ പരസ്പരം ബന്ധപ്പെടുത്തി പറയുന്ന അളവു തൂക്കങ്ങളാണ് സ്ഥിതി വിവരക്കണക്കുകൾ അഥവാ 'ഡേറ്റ' (data). ഇത്തരം സ്ഥിതി വിവരക്കണക്കുകളെപ്പറ്റിയുള്ള പഠന ശാഖയാണ് സാംഖിക ശാസ്ത്രം അഥവാ സ്റ്റാറ്റിസ്റ്റിക്സ്.

ലോകത്തിലേക്കുതന്നെ മെച്ചപ്പെട്ടൊരു സ്ഥിതിവിവരക്കണക്ക് സംവിധാനമാണ് ഇന്ത്യയിലുള്ളത്. എന്നാൽ, ഇതര രംഗങ്ങളിലേതുപോലെ കേന്ദ്രസർക്കാരിന്റെ വഴിവിട്ട രാഷ്ട്രീയ ഇടപെടലുകൾ സ്ഥിതി വിവരക്കണക്കിലും ദൂരവ്യാപകമായ ആഘാതങ്ങൾക്കിടയാക്കിയിരിക്കുന്നു. അതിന്റെ ഫലമായി ഇന്ത്യൻ സാംഖിക വ്യവസ്ഥ ഇതിനകം കൈവരിച്ച നേട്ടങ്ങൾ പലതും ഇല്ലാതാവുകയാണ്. നീതിആയോഗും പ്രധാനമന്ത്രിയുടെ സാമ്പത്തികോപദേശകരും ഇന്ത്യൻ സാംഖികവ്യവസ്ഥയ്ക്കെതിരെ പരസ്യമായി രംഗത്ത് വന്നിരിക്കുകയാണ്. ഇവയെല്ലാം ചേർന്ന് സ്ഥിതിവിവരക്കണക്ക് സംവിധാനങ്ങളെത്തന്നെ വലിയൊരു വിവാദ വിഷയമാക്കിയ സാഹചര്യത്തിലാണ് ഈ കുറിപ്പ് ചർച്ചയ്ക്കായി സമർപ്പിക്കുന്നത്.

### ഡേറ്റയുടെ പ്രാധാന്യം

ജനജീവിതവുമായി ബന്ധപ്പെട്ട് ഓരോ രംഗത്തും എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാൻ സ്ഥിതിവിവരക്കണക്കുകൾ ആവശ്യമാണ്. നിഷ്പക്ഷമായ കണക്കുകളു പയോഗിച്ച് മാത്രമേ പദ്ധതികളുടെ രൂപവത്കരണവും നേട്ടകോട്ട വില യിരുത്തലുകളും സാധ്യമാകൂ. വികസന

പ്രവർത്തനങ്ങളെ വസ്തു നിഷ്ഠമായി വിലയിരുത്താനും ഓരോ ഘട്ടത്തിലും നടന്ന പ്രവൃത്തികളുടെ സുതാര്യത ഉറപ്പാക്കാനും അവ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ആവശ്യമാണ്. ഗവേഷണരംഗമാണ് സ്ഥിതിവിവര ക്കണക്കുകൾ വലിയ തോതിൽ ഉപയോഗിക്കുന്ന മറ്റൊരിടം. ഇത്തരം കണക്കുകൾ എപ്പോഴും വിഷയ സംബന്ധിയാവണം, കാലികമായി പ്രസക്തമായിരിക്കണം. ആവശ്യങ്ങൾ ക്കനുസരിച്ച് വേണ്ടത്ര അളവിൽ ലഭ്യമാകണം, സ്ഥിരതയുള്ളതാവണം എന്നതൊക്കെ ഡേറ്റയുടെ ഗുണമേന്മ ഉറപ്പാക്കാൻ അനിവാര്യമാണ്.

ഒരു രാജ്യത്തെ തൊഴിൽ, വരുമാനം, ഉപഭോഗം, ദാരിദ്ര്യം എന്നിവയൊക്കെ സംബന്ധിച്ച വിവരങ്ങളുപയോഗിച്ചാണ് അവിടത്തെ ജനജീവിതം വിശകലനം ചെയ്തുകൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നത്. ഇതിനുപുറമേ, രാഷ്ട്രീയമായി പരിശോധിക്കുമ്പോൾ, ഒരു ജനാധിപത്യരാജ്യത്തിന്റെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി പരിശോധിക്കുന്നതിന് സ്ഥിതിവിവരക്കണക്കുകൾ അനിവാര്യ മാണ്. നിഷ്പക്ഷമായ കണക്കുകൾ ഭരണ ത്തിന്റെ സ്വീകാര്യത വർധിപ്പിക്കുന്നു. കാരണം, വസ്തുതകളുടെ പിൻബലത്തോടെ ഭരണവ്യവസ്ഥയെ വിമർശിക്കുമ്പോഴാണ്, അതിൽ സുതാര്യത ഉറപ്പാക്കാനും അതുവഴി ജനാധിപത്യത്തെ കാര്യക്ഷമ മാക്കാനും കഴിയുന്നത്.

### ഡേറ്റാ ഉടമസ്ഥത

സ്ഥിതിവിവരക്കണക്കുകൾ ഒരു സാമൂഹിക ഉത്പന്നമായെങ്കിൽ മാത്രമേ, അവ ജനങ്ങൾക്കെല്ലാം പൊതുവിൽ ഉപയോഗിക്കാൻ കഴിയൂ. ഡേറ്റ സ്വകാര്യ ഉടമസ്ഥതയിലായാൽ, ഒന്നാമതായി അവ നിഷ്പക്ഷമാവണമെന്നില്ല. രണ്ട്, കൂടിയ വിലകൊടുത്ത് വാങ്ങേണ്ടിവരും. ഇക്കാരണത്താൽ, ഭൂരിഭാഗം ജനങ്ങൾക്കും ഡേറ്റ അപ്രാപ്യമാകും. അതിനാൽ, കേന്ദ്ര സർക്കാരുകൾ, പ്രത്യേകിച്ചും നെഹ്റുവിയൻ കാലത്ത് സ്ഥിതിവിവരക്കണക്കുകളെ പൊതുമണ്ഡലത്തിൽ ലഭ്യമാക്കാനുള്ള വിവിധ സംവിധാനങ്ങൾ ഉണ്ടാക്കിയിരുന്നു.

### ഡേറ്റയും ആസൂത്രണവും

സ്വാതന്ത്ര്യസമരകാലത്തുതന്നെ (1938-ൽ) ആസൂത്രണം സംബന്ധിച്ച കണക്കെടുപ്പുകൾ ഇന്ത്യയിൽ ആരംഭിച്ചിരുന്നു. ശാസ്ത്രീയ മായ സ്ഥിതിവിവരക്കണക്കുകൾ ആസൂത്രണത്തിന്റെ മുന്നുപാധിയാണല്ലോ. അക്കാലത്തെ പ്രവർത്തനങ്ങളെപ്പറ്റി ജവഹർലാൽ നെഹ്റു ഇങ്ങനെ പറഞ്ഞു: ''ജനാധിപത്യം, സെക്കുലറിസം എന്നിവയോടൊപ്പം ആസൂത്രണവും സ്വതന്ത്ര ഇന്ത്യയിലെ ഒരു സവിശേഷത യായിരുന്നു.'' ആസൂത്രണത്തിന് കൃത്യമായ പിൻബലം നൽകുന്ന മൂന്ന് ഡേറ്റാ സംവിധാനങ്ങൾ, ആസൂത്രണ കമ്മീഷൻ രൂപവത്കരിക്കുന്നതിന് മുൻപും അതിനോടൊപ്പവും ഇന്ത്യയിൽ ഉണ്ടായിവന്നിരുന്നു. പ്രസിദ്ധ സാംഖിക ശാസ്ത്രജ്ഞനായ പി.സി. മെഹലനോബിസ് ആയിരുന്നു ഇവയ്ക്ക് മൂന്നിനും നേതൃത്വം നൽകിയത്. 1931-ൽ മെഹലനോബിസ് തന്നെ സ്ഥാപിച്ച ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ISI), 1950-ൽ നിലവിൽ വന്ന നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (NSSO), 1951-ലാരംഭിച്ച സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (CSO) എന്നിവയായിരുന്നു അവ.

സാംഖിക വിദഗ്ധരെ പരിശീലിപ്പിക്കുന്നതിനായിരുന്നു ISI. രാജ്യത്താകെ ബൃഹത്കാര്യങ്ങളെപ്പറ്റിയുള്ള സാമ്പിൾ സർവേ നടത്താനായിരുന്നു NSSO. ദേശീയാടിസ്ഥാനത്തിൽത്തന്നെ, വിവിധ സർക്കാർവകുപ്പുകൾ തയ്യാറാക്കുന്ന സ്ഥിതിവിവരക്കണക്കുകളുടെ ഏകോപനമായിരുന്നു CSO വിന്റെ പ്രധാന ധർമം. ഇവയ്ക്കൊപ്പം ഇന്ത്യയിലെ ഏറ്റവും പ്രധാന കണക്കെടുപ്പു പ്രക്രിയയാണ് പത്തുവർഷം കൂടുമ്പോൾ നടക്കുന്ന സെൻസസ്. അവസാന സെൻസസ് നടന്നത് 2011-ലായിരുന്നു. കോവിഡ് കാരണം 2021-ൽ സെൻസസ് നടന്നിരുന്നില്ല. ഇപ്പോഴാകട്ടെ അനിശ്ചിതമായി നീട്ടിവെച്ചിരിക്കുകയാണ്

NSSO വിന്റെ ഭാഗമായുള്ള രണ്ട് ഡേറ്റാശേഖരണ സംവിധാനങ്ങളാണ് Periodic Labour Force Survey (PLFS), Annual Survey of Indutsries എന്നിവ. പൊതുമേഖലയിലെ ഇത്തരം സ്വതന്ത്ര ഏജൻസികൾക്കുപുറമേ ഓരോ മന്ത്രാലയവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധതരം ഡേറ്റ ലഭ്യമാക്കുന്നുണ്ട്. ഉദാ: കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിൽ ഡേറ്റ ശേഖരിക്കുന്ന ഒരു സംവിധാനമാണ് National Crime Records Bureau (NCRB). കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ കീഴിലുള്ള പ്രധാനപ്പെട്ടൊരു സ്ഥാപനമാണ് International Institute of Population Sciences (IIPS). ആ സ്ഥാപനമാണ് പ്രസിദ്ധമായ National Family Health Survey (NFHS) സംഘടിപ്പിക്കുന്നത്. ഇവയ്ക്കുപുറമേ പൊതുമേഖലയിൽ തന്നെ സംസ്ഥാന സർക്കാരുകളും അവയ്ക്കു കീഴിലുള്ള ഡേറ്റാ സംഭരണ ഏജൻസികളുമുണ്ട്. ഉദാ: കേരളത്തിലെ ബ്യൂറോ ഓഫ് ഇക്കണോമിക് ഏജന്റ് സ്റ്റാറ്റിസ്റ്റിക് എന്ന സംവിധാനം. ഇത്തരം കേന്ദ്ര സംസ്ഥാന പൊതുമേഖലാ സംവിധാനങ്ങൾക്കുപുറമെ National Council for Applied Economic Research (NCAER), Cetnre for Monitoring Indian Economy (CMIE) എന്നിങ്ങനെ ആധികാരികങ്ങളായ സ്വകാര്യ ഏജൻസികളും ഇന്ത്യയിൽ കമ്പനികാര്യങ്ങൾക്കും ആസൂത്രണത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ട കണക്കുകൾ ലഭ്യമാക്കുന്നുണ്ട്.

സെൻസസിലൂടെയും സാമ്പിൾ സർവേകളിലൂടെയും ലോകത്തുതന്നെ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ് ഇന്ത്യയിലെ സ്ഥിതിവിവരക്കണക്ക് സംവിധാനം. അതുകൊണ്ടു കൂടിയാകാം പ്രസിദ്ധ സാംഖികജ്ഞനായ റൊണാൾഡ് ഫിഷർ "ISI യുടെ നേട്ടങ്ങൾ ഇന്ത്യയെ ലോക സാംഖിക ഭൂപടത്തിന്റെ കേന്ദ്രസ്ഥാനത്തെത്തിച്ചു" എന്ന് പറയാനിടയായത്. ഇവയ്ക്കെല്ലാം നേതൃത്വം നൽകിയ മെഹലനോബിസിനെ 1950-കളിൽത്തന്നെ United Nations Statistical Commission (UNSC) ചെയർമാനായി ചുമതലപ്പെടുത്തിയിരുന്നു. ധനശാസ്ത്രത്തിൽ നൊബേൽ ജേതാവായ, ആൻഗസ് ഡീറ്റൻ പറഞ്ഞത്, "ഇന്ത്യയും മെഹലനോബിസും നടപ്പാക്കിയ കാര്യങ്ങൾ, ലോകത്തിന്റെ ഇതരഭാഗങ്ങളിൽ തുടരുകയായിരുന്നു." എന്നാണ്. ഈയിടെയായി ഇന്ത്യയെ അടുത്ത നാലുവർഷത്തേക്ക് UNSC യിലേക്ക് തിരഞ്ഞെടുത്തിരിക്കുക കൂടിയാണ്.

നെഹ്റുവിന്റെ സഹായത്തോടെ, 1956-ലും 1958-ലും തന്നെ, അന്നത്തെ

മെച്ചപ്പെട്ട രണ്ട് ആധുനിക കംപ്യൂട്ടറുകൾ സ്വന്തമാക്കി സ്ഥിതിവിവരക്കണക്കുകളെ കഴിയാവുന്നത്ര ശാസ്ത്രീയമായി അപഗ്രഥിക്കാൻ മെഹലനോബിസിന്റെ നേതൃത്വത്തിൽ ഇന്ത്യക്ക് കഴിഞ്ഞിരുന്നു വെന്നത് ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്. സാംഖികശാസ്ത്രത്തെ വളരെ വിശാലാടിസ്ഥാനത്തിൽ, അതേ സമയം പട്ടാളച്ചിട്ടയിൽ കാണാനാണ് മെഹലനോബിസ് എപ്പോഴും ശ്രമിച്ചത്. അത് മനുഷ്യാധ്വാനത്തിന്റെ കാര്യശേഷി മെച്ചപ്പെടുത്താനുള്ള പുതിയൊരുതരം സാങ്കേതിക വിദ്യയാണെന്ന രീതിയിലാണ് മെഹലനോബിസ് കാര്യങ്ങളെ വിഭാവനം ചെയ്തിരുന്നത്. വ്യക്തിപരമായി അദ്ദേഹം പഠനംകൊണ്ട് ഭൗതികജ്ഞനും പരിശീല നത്തിൽ സാംഖികജ്ഞനും പ്രയോഗത്തിൽ ധനശാസ്ത്രജ്ഞനും ഇന്ത്യയ്ക്ക് ആസൂത്രണ വിദഗ്ധനുമായിരുന്നു. ഇന്ത്യൻ ആസൂത്രണപ്രക്രിയയിൽ, പ്രത്യേകിച്ചും രണ്ടാം പദ്ധതിക്കാലത്തെ മെഹലനോബിസിന്റെ സംഭാവനകൾ നിസ്തുലമായിരുന്നു.

കേവലം സ്ഥിതിവിവരക്കണക്കുകൾ എന്ന നിലയ്ക്കല്ല, ഒരു പ്രത്യേക സാഹ ചര്യത്തെ /പ്രശ്നത്തെ മുൻനിർത്തിയുള്ള വിശകലനമാണ് ഒരു ഡേറ്റയെ പ്രസക്തമാക്കുന്നത്. ആ പ്രക്രിയയിൽ ഇടപെടുന്നവരുടെ വ്യക്തിഗത താത്പര്യങ്ങളിൽ നിന്ന് ഡേറ്റകൾ സ്വതന്ത്രമായാൽ മാത്രമേ അവയുടെ നിഷ്പക്ഷത ഉറപ്പാക്കാനാകൂ. അപ്പോഴെ അവയ്ക്ക് പൊതു അംഗീകാരം നേടിയെടുക്കാനും കഴിയൂ. ഒറ്റപ്പെട്ട അവതരണങ്ങൾക്കപ്പുറം ജനജീവിതവുമായി ബന്ധപ്പെട്ട അറിവുകളായി മാറുമ്പോഴാണ് സ്ഥിതിവിവരക്കണക്കുകൾ കൂടുതൽ വിശകലനാത്മകവും ഉപയോഗ പ്രദവുമാകുന്നത്. നെഹ്റുവിയൻ കാലത്തേതിൽ നിന്ന് വ്യത്യസ്തമായി ഇന്നത്തെ ഇന്ത്യയിൽ ഇതിനൊക്കെ തടസ്സങ്ങളുണ്ടാവുകയാണ്.

**കേന്ദ്രസർക്കാർ ഇടപെടൽ**

ഇഷ്ടമല്ലാത്ത കണക്കുകളെ, അതായത് തങ്ങളുടെ പ്രചാരണങ്ങളെ പിന്തുണ യ്ക്കാത്ത കണക്കുകളെയും അവ ശേഖരിച്ച സ്ഥാപനങ്ങളെയും അതിന് നേതൃത്വം നൽകിയ വ്യക്തികളെയും അവഗണിക്കുകയോ, പുറത്താക്കുകയോ, ബലപ്രയോഗത്തിലൂടെ അനുകൂല മാക്കുകയോ ആണ് ഇക്കാലത്ത് കേന്ദ്രസർക്കാർ ചെയ്തു കൊണ്ടിരിക്കുന്നത്. സെൻസസ് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണം, ഇപ്പോൾ കേന്ദ്ര സർക്കാർ പ്രചരിപ്പിക്കുന്ന പല കണക്കുകളും തെറ്റാണെന്ന് തെളിഞ്ഞേക്കു മെന്നഭയം കൊണ്ടാണത്രേ!. 2017–18–ൽ നടത്തിയ ഉപഭോഗം, തൊഴിലില്ലായ്മ എന്നിവ സംബന്ധിച്ച കണക്കെടുപ്പ് ഫലങ്ങൾ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. അതിന്റെ കാരണം, കേന്ദ്ര സർക്കാർ പ്രചാരണങ്ങളെ സാധൂകരിക്കാത്ത തിനാലാണ്. ഇതിലൊക്കെ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ടായിരുന്നു National Statistical Commission (NSC) ആക്ടിങ് ചെയർമാനായിരുന്ന പി.സി. മോഹനൻ തത്സ്ഥാനം രാജിവെച്ചത്. രാജ്യം മുഴുക്കെ എല്ലാ വീടുകളിലും കക്കൂസ് ഉപയോഗിക്കുന്നു എന്ന സർക്കാർ അവകാശവാദത്തോട് സമരസപ്പെടാത്തതിനാലാണ് National Family Health Survey (NFHS) 5 എന്ന സർവേയുടെ ഫലങ്ങൾ തടഞ്ഞതും സർവേ നടത്തിയ പ്രസിദ്ധ ഗവേഷണ

സ്ഥാപനമായ മുംബെയിലെ International Institute for Population Sciences (IIPS)-ന്റെ ഡയറക്ടറായിരുന്ന ഡോ. കെ. എസ്. ജെയിംസിനെ പുറത്തു ചാടിച്ചതും.

NSSO, CSO എന്നിവയെ സംയോജിപ്പിച്ച് രൂപവത്കരിച്ച National Statistical Organisation (NSO) എന്ന സ്ഥാപനത്തെ പല്ല് കൊഴിഞ്ഞ് സ്വയം ഭരണാവകാശമില്ലാത്ത വിധേയസ്ഥാപനമാക്കി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയത്തിന് കീഴിൽ ഒതുക്കിയിരിക്കയാണ്. പ്രഗല്ഭരായ സാംഖിക / ധനശാസ്ത്ര വിദഗ്ധരുടെ കീഴിൽ തികച്ചും സ്വതന്ത്രമായി ലോകത്തിനുതന്നെ മാതൃകയായി നില കൊണ്ട ഈ സ്ഥാപനങ്ങളുടെ വിശ്വാസ്യത ഇക്കാരണങ്ങളാൽ ഇന്ന് വല്ലാതെ നഷ്ടപ്പെടുകയാണ്. ഈയിടെ ലോക ബാങ്ക് കണക്കാക്കിയ അന്താരാഷ്ട്ര സ്റ്റാറ്റിസ്റ്റിക്കൽ പെർഫോമൻസ് സൂചിക (ISPI) യിൽ ഇന്ത്യയുടെ സ്ഥാനം 174-ൽ അറുപത്തി ഏഴാമത്തേതാണ്. അതിന്റെ പ്രധാന കാരണം ലോകത്തിലെ വിവിധ ഏജൻസി കളിൽ ഇന്ത്യൻ ഡേറ്റകൾ ഉപയോഗിക്കുന്ന വരുടെ എണ്ണം കുറഞ്ഞിരിക്കുന്നു എന്നതാണത്രേ.

**ഔദ്യോഗിക എതിർപ്പുകൾ**

ഇതിനെല്ലാം പുറമെയാണ് നീതി ആയോഗ്, പ്രധാന മന്ത്രിയുടെ ഓഫീസിലെ സാമ്പത്തിക ഉപദേഷ്ടാക്കൾ എന്നിങ്ങനെ ഉന്നതസ്ഥാനീയർ തന്നെ, സർക്കാർ വകുപ്പിന്റെ കണക്കുകളാണ് മെച്ചപ്പെട്ട തെന്നും സ്വതന്ത്ര ഏജൻസികളായ സെൻസ്, NSSO, CSO എന്നിവയുടെ സർവേകൾ ഗുണനിലവാരം കുറഞ്ഞവ യാണെന്നും പക്ഷപാതപരമാണെന്നും അഭിപ്രായപ്പെട്ടുകൊണ്ട് രംഗത്തിറങ്ങി യിരിക്കുന്നത്. പ്രധാനമന്ത്രിയുടെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായ ഡോ. ബിബേക് ദിബ്രോയ് പറഞ്ഞത്, “India's Official Statistics are excellent on the administrative side, and mediocre on census and survey" എന്നാണ്. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയിലെ മറ്റൊരു അംഗമായ ഷാമികരവി പറയുന്നത്, ‘‘രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള വളർച്ചയെ എടുത്തു കാണിക്കാൻ സർവ്വേ സംവിധാനങ്ങൾക്ക് കഴിയില്ല. അതുകൊണ്ടുതന്നെ അവ ഇന്ത്യയുടെ പുരോഗതിയെ കാണാതെ പോകുന്നു. ധനിക കുടുംബങ്ങൾ കണക്കെടുപ്പിൽ ഉൾപ്പെടുന്നില്ല’’ എന്നിങ്ങനെയാണ്. ഇത്തരം അഭിപ്രായങ്ങളെ ‘ശുദ്ധ അറിവില്ലായ്മ’ എന്ന നിലയ്ക്ക് മാത്രമേ ഇന്ത്യയിലെ ഈ രംഗത്തെ പരിണതപ്രജ്ഞരായ പ്രണോബ്സെൻ, ടി.സി.എ. ആനന്ദ്, ജി. രവീന്ദ്രൻ, പി.സി. മോഹനൻ, അമിതാബ്കുണ്ടു എന്നിവ രൊക്കെ കാണുന്നുള്ളൂ. ഇന്ത്യൻ എക്സ്പ്രസ് പത്രവും *Economic and Political Weekly (EPW)* യുമാണ് ഈ വാദപ്രതിവാദങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നത്.

**പുതിയ വിശകലനങ്ങൾ**

ഈയിടെ പ്രസിദ്ധീകരിച്ച രണ്ട് ഗ്രന്ഥങ്ങൾ ഇന്ത്യയിലെ സ്ഥിതി വിവരക്കണക്ക് സംവിധാനത്തിന്റെ അപചയങ്ങളിലേക്ക് ചരിത്രപരമായി തന്നെ കൂടുതൽ വെളിച്ചം വീശുന്നുണ്ട്. *Planning Democracy (Nikhil Menon), Whole Numbers and Half Truths (S. Rugmini)* എന്നിവയാണ് ആ ഗ്രന്ഥങ്ങൾ. ജവാഹർലാൽ നെഹ്റുവിന്റെ പിന്തുണയിൽ,

മെഹലനോബിസിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട ഇന്ത്യയിലെ സ്ഥിതി വിവരക്കണക്ക് സംവിധാനം ഏതൊക്കെ രീതിയിൽ ഒരു ജനാധിപത്യ ആസൂത്രണപ്രക്രിയ വളർന്നു വരാൻ ഇടയാക്കി എന്നതും പിന്നീടുള്ള അതിന്റെ അപചയവുമാണ് ഡോ. നിഖിലിന്റെ ഗ്രന്ഥത്തിലെ പ്രധാന പ്രതിപാദ്യം.

ഈ ഗ്രന്ഥത്തിന്റെ ഉപശീർഷകം 'How a Professor, An Institution and an Idea Shaped India' എന്നാണ്. ഇതിലെ പ്രൊഫസർ എന്നത് മെഹലനോബിസ് ആണ്, സ്ഥാപനം ISI ആണ്, ആശയം പഞ്ചവത്സര പദ്ധതിയാണ്. ശീതയുദ്ധകാലത്തെ, ലിബറൽ ജനാധിപത്യവും കേന്ദ്രീകൃത ആസൂത്രണവും പരസ്പരം സമന്വയിപ്പിക്കാൻ ജവാഹർലാൽ നെഹ്റു നടത്തിയ ശ്രമങ്ങൾ എന്ന നിലയ്ക്കാണ് ഈ ഗ്രന്ഥം കാര്യങ്ങളെ കാണുന്നത്. ഈ ഗ്രന്ഥം ഇവിടെ പ്രസക്തമാകുന്നത്; ഇന്ത്യയിൽ നടന്ന സർവേകളുടെ ഫലങ്ങൾ ഉപയോഗപ്പെടുത്താനും അവയെ ഇന്ത്യൻ ആസൂത്രണ പ്രക്രിയയുടെ (പ്രത്യേകിച്ചും രണ്ടാം പഞ്ചവത്സര പദ്ധതിയുടെ) അഭേദ്യ ഭാഗമാക്കാനും കഴിഞ്ഞതിന്റെ ആരോഹണ അവരോഹണ വിശദീകരണങ്ങളാണ് ഇതിന്റെ ഉള്ളടക്കം എന്നുള്ളതിനാലാണ്.

മാധ്യമപ്രവർത്തകയായ എസ്. രുഗ്മിണിയുടെ ഗ്രന്ഥം ഡേറ്റാ ജേണലിസത്തിലേക്കുള്ള ശ്രദ്ധേയമായൊരു കാൽവയ്പാണ്. 'സ്ഥിതിവിവരക്കണക്കുകൾക്ക് ആധുനിക ഇന്ത്യയെപ്പറ്റി നമ്മോട് പറയാവുന്നതും പറയാൻ പറ്റാത്തതും' എന്നാണ് ഈ ഗ്രന്ഥത്തിന്റെ ഉപശീർഷകം. പ്രതാപ് ഭാനുമേത്ത, പറഞ്ഞതുപോലെ, 'രുഗ്മിണിയുടെ ഗ്രന്ഥം' ഇന്ത്യയെ സ്ഥിതിവിവരക്കണക്കിലൂടെ നോക്കിക്കാണുന്ന, പുതിയൊരു സംസ്കാരത്തിലേക്ക് നയിക്കുന്നതാണ്. ഇക്കാലത്ത് ഇന്ത്യ എങ്ങനെ ചിന്തിക്കുന്നു? എങ്ങനെ ജീവിക്കുന്നു? എന്ന സമസ്യയാണ് യഥാർഥത്തിൽ ഈ ഗ്രന്ഥം പരിശോധിക്കുന്നത്. ജനജീവിതത്തിൽ ഓരോ രംഗത്തും ലഭ്യമായ കണക്കുകളുടെ സ്രോതസ്സ്, അവയുടെ പ്രത്യേകതകൾ, അവയുടെ ഔദ്യോഗിക വിശകലനം, അതുവഴിയുള്ള നിഗമനങ്ങൾ ഒപ്പം ഇന്ത്യൻ സ്ഥിതിവിവരക്കണക്ക് സംവിധാനത്തലുണ്ടായ വർത്തമാനകാല സംഭവവികാസങ്ങൾ, കേന്ദ്രസർക്കാർ നിലപാടുകൾ എന്നിവയൊക്കെ ഈ ഗ്രന്ഥം കണക്കുകളുടെ പിൻബലത്തോടെ തന്നെ വിശദമാക്കുന്നു.

**മറ്റൊരു നെഹ്റു വിരോധം**

CSO, NSSO എന്നിവയെ ചേർത്ത് NSO രൂപവത്കരിച്ച കാര്യം നേരത്തേ സൂചിപ്പിച്ചല്ലോ. ഇതിന്റെ പ്രവർത്തനത്തെപ്പറ്റി ഇന്ത്യയിലെ മുൻ മുഖ്യ സാംഖികജ്ഞൻ പ്രണോബ് സെൻ അഭിപ്രായപ്പെട്ടത് ഈ രീതിയിലായിരുന്നു. 'നേരത്തേ NSSO വിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോഴാകട്ടെ ഒരു റിപ്പോർട്ട് തയ്യാറാക്കിയാൽ അത് പ്രസിദ്ധീകരിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് കേന്ദ്രമന്ത്രാലയമാണ്.' ഇതിലൂടെ ഇന്ത്യൻ സ്ഥിതിവിവരക്കണക്ക് സംവിധാനം കൂടുതൽ രാഷ്ട്രീയവത്കരിക്കുകയും NSSO ഏറെ പാർശ്വവത്കരിക്കുകയുമാണുണ്ടായത്.

NSSO സർവേകളുടെ കണ്ടെത്തൽ തെറ്റാണെന്ന് തെളിയിക്കാനുള്ള വ്യഗ്രതയിലാണ് മന്ത്രാലയവക്താക്കളും സാമ്പത്തിക

ഉപദേഷ്ടാക്കളും . ഇതിനെക്കാൾ പ്രയാസകരമാണ് NSSO വിന്റെ കണ്ടെത്തലുകളെ അവഗണിക്കുന്നതും പുച്ഛിക്കുന്നതും അവസാനം തള്ളിക്കളയുന്നതും. അതായത്, ഇന്ത്യയിലെ സാമ്പത്തിക, ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ; സ്വാതന്ത്ര്യ സമരത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും ഭാഗമായി വളർന്നുവന്നതും ലോകമാകെ ശ്രദ്ധിച്ചതും ജവാഹർലാൽ നെഹ്റു പരമാവധി പിന്തുണച്ചതുമായ മറ്റൊരു സംവിധാനത്തെ കൂടി ഇല്ലാതാക്കാൻ കേന്ദ്രസർക്കാർ ബോധപൂർവം ശ്രമിക്കുകയാണ്. ഇവിടെ ചർച്ചചെയ്യുന്ന ഡേറ്റാ സംവിധാനത്തിന്റെ തകർച്ച, ജനങ്ങൾക്കിടയിൽ വ്യാപകമായി ചർച്ചയാവണമെന്നില്ല; പക്ഷേ, അത് സംബന്ധിച്ച മൗനം ദൂരവ്യാപകമായ ഭവിഷ്യത്തുകൾക്കായിരിക്കും ഇടയാക്കുന്നത്.

നേരത്തേ സർവേ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും പരസ്പരം ചർച്ചചെയ്തും ബന്ധപ്പെട്ടുമായിരുന്നു കണക്കുകളെ സജീവമാക്കിയത്. എന്നാൽ ഇന്ന് ജനജീവിതവുമായി ബന്ധപ്പെട്ടതും ജനങ്ങളിൽ നിന്നുതന്നെ നേരിട്ട് ശേഖരിക്കുന്നതുമായ സ്ഥിതി വിവരക്കണക്കുകളെ അവഗണിച്ച്; ഉദ്യോഗസ്ഥർ ഓഫീസിലിരുന്ന് തട്ടിക്കൂട്ടുന്നതും തങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കുന്നതുമായ കണക്കുകളെ ഇന്ന് ജനങ്ങൾക്ക്മേൽ അടിച്ചേൽപ്പിക്കുകയാണ്. മാത്രമല്ല, ഇത്തരം കണക്കുകളെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കാനും അതിനനുസരിച്ച് നിലവിലുള്ള പദ്ധതികളെ വിലയിരുത്താനും ഗവേഷണ സ്ഥാപനങ്ങളെയും സർവകലാശാലകളെയും മറ്റും നിർബന്ധിക്കുകയുമാണ്. മറ്റൊരർഥത്തിൽ ഇന്ത്യയിലെ മഹത്തായ സ്ഥിതിവിവരക്കണക്ക് ശൃംഖലയെ ഒരു രാഷ്ട്രീയ ചട്ടുകമാക്കി അധ:പതിപ്പിക്കുകയാണ്.

ഇത്തരം നീക്കങ്ങളെ എതിർക്കുന്നവരെല്ലാം നോട്ടപ്പുള്ളികളായി പുറത്താവുകയാണ്. സ്ഥാപനങ്ങൾക്കുള്ള സർക്കാർ സഹായം നിർത്തുകയാണ്. അവയുടെ സാരഥികളെ സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള അവകാശം നിഷേധിക്കുകയാണ്. ഇവയെല്ലാം വഴി രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയയെ പ്പോലും സ്വാധീനിക്കാൻ ശ്രമിക്കുന്നതായി രുഗ്മിണിയുടെ ഗ്രന്ഥത്തിൽ പരാമർശിക്കുന്നുണ്ട് ഇതൊക്കെയാണെങ്കിലും ശാസ്ത്രീയമായി ശേഖരിച്ച കണക്കുകളെ എക്കാലത്തേക്കും ഒളിപ്പിക്കാൻ കഴിയില്ലെന്നതുപോലെത്തന്നെ, സർക്കാരിന്റെ രാഷ്ട്രീയ താത്പര്യങ്ങളെ സംരക്ഷിക്കുന്നില്ലെന്നതിന്റെ പേരിൽ തെറ്റായ കണക്കുകൾ ജനങ്ങളെക്കൊണ്ട് എക്കാലവും അംഗീകരിപ്പിക്കാനും കഴിയില്ല. പക്ഷേ, കാര്യങ്ങൾ ശരിയായി വരുമ്പോഴേക്കും രാജ്യത്തെ മുൻഗണനകൾ പലതും മാറിക്കഴിഞ്ഞിട്ടുണ്ടാകും. അതൊക്കെ നേരെയാക്കൽ അത്രയ്ക്ക് എളുപ്പമാവില്ല.

**ദാരിദ്ര്യ കണക്ക്**

ഇന്ത്യയിലെ ദാരിദ്ര്യ കണക്കുകൾ ഇപ്പോഴൊരു പ്രധാന ചർച്ചാവിഷയമാണ്. ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ കഴിയാവുന്നത്ര ശാസ്ത്രീയമായിത്തന്നെ ദാരിദ്ര്യം കണക്കാക്കുന്ന രീതിശാസ്ത്രം വികസിപ്പിച്ചിരുന്നു. കുടുംബത്തിന് ലഭിക്കേണ്ടുന്ന ഉപജീവന ഉപാധികളും അതിന് വേണ്ട പണവും കണക്കാക്കിയാണ് ദാരിദ്ര്യ നിർണയം ഇന്ത്യയിൽ നടത്തിയത്.

ദാരിദ്ര്യത്തെ തലയെണ്ണി കണക്കാക്കുന്ന 'ദാരിദ്ര്യരേഖ'യുമായി ബന്ധപ്പെടുത്തി യായിരുന്നു പറഞ്ഞിരുന്നത്. ധാരാളം ധനശാസ്ത്രജ്ഞരുടെയും പോഷണ വിദഗ്ധരുടേയും സഹായത്തോടെയായിരുന്നു ഇന്ത്യയിൽ ദാരിദ്ര്യനിരക്ക് കണക്കാക്കി യിരുന്നത്.

ദാരിദ്ര്യം സംബന്ധിച്ച ഇന്ത്യയിലെ ആദ്യകാല കണക്കുകളെ അടിസ്ഥാന മാക്കിയാണ്, വി.എം. ഡണ്ടേക്കറും നീലകണ്ഠറാഥും ചേർന്ന് ഇന്ത്യയിലെ ദാരിദ്ര്യം എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. ഈ ഗ്രന്ഥം കേരളത്തിലുണ്ടാക്കിയ അനുരണനങ്ങളാണ് തിരുവനന്തപുരത്തെ വികസനപഠനകേന്ദ്രം (CDS) ഡോ. കെ. എൻ. രാജിന്റെ നേതൃത്വത്തിൽ അവരുടേതായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് മറ്റൊരു ശ്രദ്ധേയ ഗ്രന്ഥം തയ്യാറാക്കാനിടയാക്കിയത്. *Poverty, Unemployment and Development Policy: A Case Study of Selected Issues with Reference to Kerala* എന്ന ഗ്രന്ഥം UNO വിന്റെ സഹായത്തിലാണ് (CDS) പ്രസിദ്ധീകരിച്ചത്. ഇതോടെ, ധാരാളം വിദേശപണ്ഡിതർ കേരളത്തിൽ വരികയും വിവിധ മേഖലകളിൽ തുടർപഠനങ്ങൾ നടത്തുകയും ചെയ്തിരുന്നു. (ഇത്തരം പഠനങ്ങളുടെ വിശദാംശങ്ങൾക്ക് കെ. പി. കണ്ണൻ, CDS Working paper no./510 കാണുക.) ഇവയെല്ലാം ചേർന്നാണ് വികസനത്തിന്റെ കേരള മാതൃക (Kerala Model of Development) എന്നൊരു ചർച്ചാവിഷയം ഉണ്ടായിവന്നതും അത് സംബന്ധിച്ച ചർച്ചകൾ ഇന്നും തുടരുന്നതും. സ്ഥിതി വിവരക്കണക്കുകളുടെ സാധ്യത കളാണ് ഇവയെല്ലാം വെളിപ്പെടുത്തുന്നത്. കണക്കുകൾ തെറ്റിൽ നിന്ന് ശരിയിലേക്കും ശരിയിൽ നിന്ന് കൂടുതൽ ശരിയിലേക്കും സമൂഹത്തെ നയിക്കും.

ആസൂത്രണ കമ്മീഷൻ ഇല്ലാതായ തോടെ, ഇന്ത്യയെ മൊത്തം അതിന്റെ സമഗ്രതയിൽ നിരീക്ഷിക്കുന്ന പഠനങ്ങളോ പദ്ധതികളോ ഇന്ന് വിരളമാണ്. പകരം വിവിധ മന്ത്രാലയങ്ങൾ മുഖേന നടപ്പാക്കുന്ന പ്രത്യേക സ്കീമുകളാണുള്ളത്. അതിന്റെ ഏകോപനമാണ് 'നീതി ആയോഗ്' നടത്തുന്നത് അതുകൊണ്ടു തന്നെ, പഴയ ആസൂത്രണ കമ്മീഷനും ഇന്നത്തെ നീതി ആയോഗും തമ്മിൽ പലതിനും വലിയ വ്യത്യാസങ്ങളുണ്ട്. ഒരു പഞ്ചവത്സരപദ്ധതിയുടെ സമീപന രേഖ തയ്യാറായിക്കഴിഞ്ഞാൽ അതിനെപ്പറ്റി രാജ്യവ്യാപകമായി നടക്കുന്ന ചർച്ചകൾ, ദേശീയ വികസന കൗൺസിലിൽ (NDC) നടക്കുന്ന രാഷ്ട്രീയ വിശകലനങ്ങൾ എന്നിവയൊക്കെ കണക്കിലെടുത്തു കൊണ്ടുള്ള ഒരു ദേശീയ പരിപ്രേക്ഷ്യ ത്തിലായിരുന്നു പഞ്ചവത്സര പദ്ധതികൾ രൂപപ്പെട്ടുവന്നത്. വിശദാംശങ്ങളിൽ നമുക്ക് വിമർശനമുണ്ടാകാമെങ്കിലും അതിനായി ഒരു രാഷ്ട്രീയപ്രക്രിയ നടന്നിരുന്നുവെന്ന് കാണാതിരിക്കരുത്. ഉദാ: IRDP പോലുള്ള പദ്ധതികൾ തയ്യാറായി വന്നത് ഇന്ത്യയിലെ ദാരിദ്ര്യാവസ്ഥയെ മൊത്തം കണക്കി ലെടുത്തുകൊണ്ട് ദാരിദ്ര്യം ലഘൂകരി ക്കാനുള്ള സമഗ്ര പരിപാടിയുടെ ഭാഗമായിട്ടായിരുന്നു. ഇത്തരം ഒരു ദേശീയ വീക്ഷണം ഇല്ലാതിരുന്നതിന്റെ ഫലമായിരുന്നു കോവിഡ് കാലത്തെ ദുരനുഭവങ്ങൾ. ഇപ്പോഴും നമുക്ക് കോവിഡിന്റെ ആഘാതങ്ങൾ കൃത്യമായി കണക്കാക്കാൻ പോലും കഴിഞ്ഞിട്ടില്ല; മരിച്ചവരുടെ എണ്ണംപോലും ലഭ്യമായിരുന്നില്ലല്ലോ.

പ്രതിരോധത്തിനും ഒരു ദേശീയ നിലപാടുണ്ടായിരുന്നില്ല. എന്നാൽ വിപുലമായ കൂടിയാലോചനകളുടെ ഫലമായാണ് 1977-78 -ൽ തുടങ്ങി 1985-ൽ സാർവത്രികമായ ഇന്ത്യയിലെ രോഗ പ്രതിരോധ കുത്തിവയ്പ് പദ്ധതി വളരുന്നത്.

സ്ഥിതിവിവരക്കണക്കുകളെ സ്വന്തം താത്പര്യാനുസരണം എങ്ങനെ മാറ്റിയെടുക്കാമെന്നതിനുള്ള നല്ല തെളിവായാണ് വിദഗ്ധർ കേന്ദ്ര സർക്കാരിന്റെ പുതിയ ദാരിദ്ര്യ കണക്കുകളെ കാണുന്നത്. കഴിഞ്ഞ ആറ് വർഷങ്ങൾക്കിടയിൽ (2015-2021) ഇന്ത്യയിലെ ബഹുമുഖ ദാരിദ്ര്യ സൂചിക (MDPI) 25 ശതമാനത്തിൽ നിന്ന് 15 ശതമാനമായി കുറഞ്ഞിരിക്കുന്നു എന്നതാണ് കേന്ദ്രസർക്കാരിന്റെ അവകാശവാദം. ഇതേ കാലയളവിൽ തന്നെ ഇന്ത്യയിൽ തൊഴിലില്ലായ്മ കൂടുകയും ക്രയശേഷി, ഉപഭോഗം എന്നിവ കുറയുകയുമായിരുന്നു എന്നാണ് മറ്റ് കണക്കുകൾ കാണിക്കുന്നത്. (ആ കണക്കാണ് കേന്ദ്രസർക്കാർ പ്രസിദ്ധീകരിക്കാൻ അനുവദിക്കാത്തത്). അതുകൊണ്ടുതന്നെ ഈ രംഗത്തെ ഒട്ടേറെ വിദഗ്ധർ (ഴാങ് ഡ്രേസ്, ഡോ. അരുൺ കുമാർ, അമിതാബ് കുണ്ടു, പി. സി.മോഹനൻ എന്നിങ്ങനെ) ഇന്ത്യയിലെ പുതിയ ദാരിദ്ര്യ കണക്കെടുപ്പിന്റെ രീതി ശാസ്ത്രത്തെത്തന്നെ ചോദ്യംചെയ്തിരിക്കയാണ്. UNDP-യും ഓക്സ്ഫഡിലെ Oxford Poverty & Human Development Initiative (OPHI) യും ചേർന്നാണ് ലോകത്ത് ബഹുമുഖ ദാരിദ്ര്യ സൂചിക കണക്കാക്കുന്നത്. ഇത്തവണ ഇന്ത്യക്കായി നീതി ആയോഗ് ഒരു പ്രത്യേക ദാരിദ്ര്യ കണക്കെടുപ്പ് നടത്തി. രണ്ടിലും ഇന്ത്യയിലെ ദാരിദ്ര്യം കുറഞ്ഞതായാണ് കാണുന്നത്. നിതി ആയോഗ് സാധാരണയിൽ നിന്ന് വ്യത്യസ്തമായി രണ്ട് പുതിയ മാനദണ്ഡങ്ങൾ കൂട്ടിച്ചേർത്ത് ഉപയോഗിച്ചിരിക്കയാണ്. ഓക്സ്ഫഡിലെ OPHI, MDPI കണക്കാക്കുന്നതിന് പത്ത് മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്താറ്. പോഷകാഹാരം, ശിശുമരണം, വിദ്യാലയ വർഷങ്ങൾ, സ്കൂൾ ഹാജർ നില, പാചകഇന്ധനം, ശുചിത്വം, കുടിവെള്ള ലഭ്യത, വൈദ്യുതി, ഭവനം, മറ്റ് സമ്പത്ത് എന്നിവ. ഇവയിൽ മൂന്നെണ്ണമോ അതിൽ കൂടുതലോ മാനങ്ങളിൽ ദാരിദ്ര്യം അനുഭവിക്കുമ്പോഴാണ് MDPI യിൽ ഉൾപ്പെടുന്നത്. ഓരോന്നിനും പ്രത്യേക പ്രാധാന്യം (weight) നൽകുന്നു.

MDPI കണക്കെടുപ്പിൽ ഉപയോഗിക്കുന്ന മാനങ്ങളെപ്പറ്റിയും രീതി ശാസ്ത്രത്തെപ്പറ്റിയും പൊതുവിൽ വിമർശനമുണ്ട്. നിത്യ ജീവിതത്തിൽ സ്വാഭാവികമെന്നോണം അനുകൂല മാറ്റമുണ്ടാക്കുന്ന മാനദണ്ഡങ്ങളാണ് MDPI കണക്കാക്കാൻ ഉപയോഗിക്കുന്നത്. അതായത് ജീവിതനിലവാരം കണക്കാക്കുന്നതിന് കുടിവെള്ള ലഭ്യത, പാചകഇന്ധന ഉപയോഗം, വീടും പരിസരവും, വൈദ്യുതി കണക്ഷൻ എന്നിവയൊക്കെയാണ്. അവ ഒരിക്കൽ ലഭ്യമായിക്കഴിഞ്ഞാൽ പിന്നീട് സമീപഭാവിയിൽ കുറയുന്നതോ ഇല്ലാതാകുന്നതോ അല്ല. കാലക്രമത്തിൽ സ്വാഭാവികമായും മെച്ചപ്പെടുന്നവയാണുതാനും.

നീതി ആയോഗ് സ്വന്തമായി കൂട്ടിച്ചേർത്ത രണ്ടെണ്ണം ബാങ്ക് അക്കൗണ്ട്, മാതൃ ആരോഗ്യം എന്നിവയാണ്. അവയും ഒരിക്കൽ ലഭ്യമായാൽ സാധാരണ നിലയിൽ കുറയാനിടയുള്ളതല്ല; മാത്രമല്ല ബാങ്ക് അക്കൗണ്ട് ഇന്ന് ഏതാണ്ട്

സാർവത്രികമായിക്കഴിഞ്ഞു. അതേ സമയം ജനങ്ങളുടെ തൊഴിൽ, തൊഴിലില്ലായ്മ, വരുമാനം, ക്രയശേഷി, ഉപഭോഗം എന്നിങ്ങനെ ഏറ്റക്കുറച്ചിലുണ്ടാക്കുന്ന ഘടകങ്ങളാണ് ദാരിദ്ര്യ കണക്കെടുപ്പിൽ പ്രധാനമായും പരിഗണിക്കേണ്ടത്. കാരണം, അവയുടെ അഭാവമാണ് ജീവിതത്തിൽ അരക്ഷിതാവസ്ഥ/ദൈന്യത്തിനിടയാക്കുന്നത്. ഇവയൊന്നും ഈ ദാരിദ്ര്യ കണക്കെടുപ്പിൽ ഉപയോഗിക്കുന്നില്ല. അതുകൊണ്ടുതന്നെ രാജ്യത്ത് ദാരിദ്ര്യം കുറഞ്ഞുകൊണ്ടിരിക്കുന്ന കണക്കുകൾ മാത്രമേ നിതി ആയോഗ് സർവേ വഴി ലഭിക്കാൻ സാധ്യത ഉണ്ടായിരുന്നുള്ളൂ.

ജീവിതത്തിലെ അരക്ഷിതാവസ്ഥ അഥവാ ദൈന്യമാണ് ദാരിദ്ര സർവേകളിൽ പ്രധാനമായും പരിഗണിക്കേണ്ടത്. അത്തരം ഘടകങ്ങൾ നിതി ആയോഗിന്റെ പരിഗണനയിൽ വരുന്നില്ല. കാരണം അവരുടെ ലക്ഷ്യം സർക്കാരിന്റെ പ്രചാരണങ്ങളെ പിൻതാങ്ങുന്നതിനാവശ്യമായ കണക്കുകൾ ബോധപൂർവ്വം ഉണ്ടാക്കുക എന്നതാണ്. പണ്ഡിതരും വിദഗ്ധരുമൊക്കെ ഈ രീതിയിൽ അഭിപ്രായപ്പെടുമ്പോഴും നീതി ആയോഗിന്റെ ഭാഗത്തുനിന്ന് വിശ്വസനീയമായ ഒരു വിശദീകരണം പോലും ഇതുവരെ ഉണ്ടായിട്ടില്ല. ഇത് കാണിക്കുന്നത് സ്വതന്ത്ര ഏജൻസികളായ ഉദാ: NSS-ന്റെ ഉപഭോഗ ചെലവ്, തൊഴിലില്ലായ്മ കണക്കുകൾ എന്നിവ ഗുണ നിലവാരമില്ലാത്തതെന്ന മുദ്രകുത്തുകയും അത്തരം റിപ്പോർട്ടുകൾ പൂഴ്ത്തിവയ്ക്കുകയും പകരം ഉന്നത ബ്യൂറോക്രാറ്റുകൾ കേന്ദ്ര സർക്കാരിന്റെ 'ദാരിദ്ര്യം കുറയ്ക്കാനു'ള്ള താത്പര്യത്തിനനുസൃതമായി രീതി ശാസ്ത്രവും മാനദണ്ഡങ്ങളും മാറ്റി പുതിയ കണക്കുകൾ ഉണ്ടാക്കുന്നു എന്നതുമാണ്. മാത്രമല്ല, NFHS കണക്കുകളെ കുറ്റം പറയുന്ന നിതി ആയോഗ് അതേ കണക്കുകൾതന്നെ ഉപയോഗിച്ചാണ് അവരുടെതായ ദാരിദ്ര്യ കണക്കുകൾ തയ്യാറാക്കിയതത്രേ.

**പരിഹരിക്കേണ്ടത്**

ഇതിന്റെ അർഥം ഇന്ത്യൻ സ്ഥിതിവിവരക്കണക്ക് സംവിധാനത്തിന് പോരായ്മയും പരിമിതികളും ഒന്നുമേ ഇല്ലെന്നല്ല; ഉണ്ട്. അവ കേന്ദ്രസർക്കാർ പരിഹരിക്കുകയാണ് വേണ്ടത്. *EPW* ഒരു മുഖപ്രസംഗത്തിൽ (12.08.2023) ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു. 'പൊതു ഖജനാവിൽ നിന്ന് പണം ചെലവാക്കി ശേഖരിക്കുന്ന NSSO പോലുള്ള ഏജൻസി കണക്കുകളെ പ്രധാനമന്ത്രിയുടെ ഓഫീസിലെ ഉന്നതർ തന്നെ ഇകഴ്ത്തിക്കാണിക്കുന്നത് വിരോധാഭാസമാണ്. NSSO/ CSO കണക്കുകൾക്ക് ഗുണനിലവാരം കുറയുന്നുണ്ടെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണ്. അതേസമയം നേരത്തേ ഉണ്ടായിരുന്ന NSSO, CSO എന്നിവയെ കൂട്ടിച്ചേർത്തുണ്ടാക്കിയ NSO എന്ന വലിയ സംവിധാനത്തെ ഉൾക്കൊള്ളുന്ന സാംഖിക മന്ത്രാലയത്തിനു തന്നെ വേണ്ടത്ര വൈദഗ്ധ്യമോ, ആൾ ശേഷിയോ വരുമാനമോ ഇല്ലെന്നതാണ് വസ്തുത. ഉദാഹരണമായി 2023-24 വർഷത്തെ കേന്ദ്ര ബജറ്റിൽ ഈ മന്ത്രാലയത്തിനായി 4554 കോടി രൂപയാണ് മൊത്തം വകയിരുത്തിയത്. 300 ലക്ഷം കോടി രൂപയുടെ പ്രവർത്തനങ്ങൾ നടക്കുന്ന വിശാലമായൊരു സമ്പദ്ഘടനയാണ്

ഇന്ത്യക്കുള്ളത്. 2022-ൽ തന്നെ ഈ മന്ത്രാലയത്തിനുകീഴിൽ ഇന്ത്യയിലാകെ 4104 ജീവനക്കാരാണ് പണിയെടുക്കുന്നത്; 1531 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഇപ്പോൾ 4,128 പേർ കരാറടിസ്ഥാനത്തിൽ പണിയെടുത്താണ് മുട്ടുശാന്തികാര്യങ്ങൾ നടത്തുന്നത്. ഐക്യരാഷ്ട്രസഭ (UNO) സ്ഥിതിവിവരക്കണക്കുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി നിഷ്കർഷിക്കുന്ന 250 മാനദണ്ഡങ്ങളിൽ 108 എണ്ണം മാത്രമാണത്രേ ഇന്ത്യയിൽ ഉപയോഗിക്കുന്നത്. അതുകൊണ്ട് കൂടിയാകാം ആദ്യം പറഞ്ഞതുപോലെ ലോക ബാങ്കിന്റെ പുതിയ International Statistical Performance Indicator (ISPI)-ൽ ഇന്ത്യ പിറകിലായത്. ഇത് 174-ൽ 67-ാം സ്ഥാനത്താണെന്ന് സൂചിപ്പിച്ചിരുന്നല്ലോ.

അഞ്ച് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ (ISPI)യിൽ, സ്ഥിതി വിവരക്കണക്കുകളുടെ ഉപയോഗം (Data use) എന്ന മാനദണ്ഡത്തിലാണ് അധികം കുറവ് രേഖപ്പെടുത്തിയത്. വിവിധ ഏജൻസികൾ ഇന്ത്യൻ കണക്കുകളെ എത്ര മാത്രം ഉപയോഗിക്കുന്നു എന്നതാണ് ഈ മാനദണ്ഡം വഴി അന്വേഷിക്കുന്നത്. കഴിഞ്ഞ പത്തു വർഷമായി വിശ്വാസയോഗ്യമായ കണക്കുകൾ പ്രത്യേകിച്ചും ദാരിദ്ര്യം സംബന്ധിച്ചവ ഇന്ത്യയിൽ നിന്ന് ലഭിക്കുന്നില്ലെന്നാണ് ലോകബാങ്ക് പറയുന്നത്. ഇതിന്റെ പ്രധാന കാരണം NSS- ന്റെ ഉപഭോക്തൃ ചെലവ് സർവേയെ അവഗണിച്ചതാണത്രേ മറ്റൊരുകാര്യം Sustainable Development Goals (SDG) സംബന്ധിച്ച ഇന്ത്യൻ കണക്കുകളുടെ അപര്യാപ്തതയാണ്. ലോകബാങ്ക് അവസാനം എത്തുന്ന നിഗമനം ഇന്ത്യയിലെ NSSO, CSO ഏജൻസികളുടെ കണക്കുകളാണ് മെച്ചപ്പെട്ട നിലവാരം പുലർത്തുന്നതെന്നും മന്ത്രാലയ കണക്കുകൾക്ക് ഗുണനിലവാരം കുറവാണെന്നുമാണത്രേ.

ഇന്ത്യൻ സ്ഥിതിവിവരക്കണക്ക് സംവിധാനത്തെ കാലികമായ പരിഷ്കരിക്കാനുള്ള നിർദേശങ്ങൾ സമർപ്പിക്കാനായിരുന്നു പ്രസിദ്ധ ധനശാസ്ത്രജ്ഞനായ സി. രംഗരാജന്റെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര കമ്മീഷനെ (2000-ത്തിൽ) നിയോഗിച്ചത്. എന്നാൽ, കമ്മീഷൻ നിർദേശങ്ങളൊന്നും കാര്യമായി നടപ്പാക്കിയിട്ടില്ല. പിന്നീടാണ് നിയമസംവിധാനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രസിദ്ധ നിയമജ്ഞൻ എൻ.ആർ. മാധവമേനോന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നത്.

നേരത്തേ NSSO യും CSO യും അവരുടെ സർവേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചത് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടായിരുന്നില്ല. അവയെ അത്രയും സ്വതന്ത്രമായി പ്രവർത്തിക്കാൻ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. അതേസമയം അവ പ്രസിദ്ധികരിക്കുന്ന കണക്കുകളിൽ ചൂണ്ടിക്കാട്ടിയ നേട്ട-കോട്ടങ്ങളെ അംഗീകരിച്ച് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയായിരുന്നു സർക്കാർ ചെയ്തത്. എന്നാൽ, ഇപ്പോഴാകട്ടെ, തങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ പിന്തുണയ്ക്കും വിധം കണക്കുകൾ തയ്യാറാക്കാൻ സർക്കാർ ഏജൻസികളെ നിർബന്ധിക്കുകയാണ്. പ്രഗല്ഭരടങ്ങിയ NSSO വിന്റെ ഗവേണിങ് കൗൺസിൽ പോലും നിലവിലില്ല. സർക്കാർ താത്പര്യത്തിനനുസരിച്ച് ഏതാനും ഉദ്യോഗസ്ഥരാണ്

കാര്യങ്ങൾ തീരുമാനിക്കുന്നതും നടപ്പാക്കുന്നതും. സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, അവലോകനം എന്നിവയൊക്കെ പട്ടാളച്ചിട്ടയിലെന്ന പോലെ കൈകാര്യം ചെയ്യണമെന്നായിരുന്നു മെഹലനോബിസ് നിഷ്കർഷിച്ചിരുന്നതും പ്രാവർത്തിക മാക്കിയതും. ഇപ്പോഴാകട്ടെ, അടിസ്ഥാന വിവരങ്ങളുടെ അഭാവത്തിൽ ഒന്നിനും ഒരു ചിട്ടയും ഇല്ലാതാവുകയാണ്.

ഏറെ ശാസ്ത്രീയവും അന്താരാഷ്ട്ര അംഗീകാരവുമുണ്ടായിരുന്ന ഇന്ത്യയിലെ സ്ഥിതിവിവരക്കണക്ക് സംവിധാനം കേന്ദ്രസർക്കാരിന്റെ സങ്കുചിത രാഷ്ട്രീയ താത്പര്യങ്ങളിൽ തട്ടിത്തകരുകയാണ്. ഇതിന്റെ പ്രധാന കാരണങ്ങളായി വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത് നിതി ആയോഗിലെയും പ്രധാനമന്ത്രിയുടെ ഓഫീസിലെയും ഉദ്യോഗസ്ഥരുടെ വഴിവിട്ട ഇടപെടലുകളാണ്. അത് ഈ സംവിധാനത്തിന്റെ സ്വയംഭരണാവകാശത്തെ പാടെ നശിപ്പിക്കുകയാണെന്ന അഭിപ്രായവുമുണ്ട്.

സ്ഥിതിവിവരക്കണക്കുകളെ തള്ളുകയോ കൊള്ളുകയോ ആവാം. പക്ഷേ, അവ പ്രതിഫലിപ്പിക്കുന്നത് രാജ്യത്തിലെ ജീവിത യാഥാർഥ്യങ്ങളെയാണ്. വിശ്വാസയോഗ്യമായ കണക്കുകൾ പൊതുവിൽ ലഭ്യമാകുമ്പോൾ ആർക്കും അവയെ ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്. യാഥാർഥ്യങ്ങളെ മുൻനിർത്തി ഭാവി ആസൂത്രണം ചെയ്യാവുന്നതുമാണ്. അതേസമയം, സർക്കാർ വക്താക്കൾതന്നെ കണക്കുകൾ തെറ്റിദ്ധരിപ്പിക്കും വിധം പ്രചരിപ്പിക്കുന്നത് തെളിവുകളെ അടിസ്ഥാനമാക്കിയുള്ള യുക്തിചിന്തയെയും നയരൂപവത്കരണത്തെയും ഭാവി ആസൂത്രണത്തെയും പൗരബോധത്തെയും എന്തിന്, ജനാധിപത്യ സംവിധാനത്തിന്റെ സുതാര്യതയെ ത്തന്നെയും ദുർബലപ്പെടുത്തും. അതിനാൽ, ശാസ്ത്രീയമായ സ്ഥിതി വിവരക്കണക്കുകളുടെ പൊതുമണ്ഡലത്തിലെ സ്വതന്ത്രമായ ലഭ്യതയും ഉപയോഗവും സുഗമമായ ജനജീവിതത്തിന് ഒരു അനിവാര്യതയാണ്.

**മാതൃഭൂമി ആഴ്ചപതിപ്പ്,**

**24-30, ഡിസംബർ 2023.**

ജജജജജജജജ

# വിപണിയോട് തോൽക്കുന്ന ആരോഗ്യം

ഡോ. ജയകൃഷ്ണൻ ടി.

ആരോഗ്യരംഗത്തെക്കുറിച്ചുള്ള ചർച്ചകൾ എക്കാലവും ചുറ്റിത്തിരിയുന്നത് ജീവശാസ്ത്രപരമായ കാര്യങ്ങളിലാണ്. എന്നാൽ ലോകം വിപണി കേന്ദ്രീകൃതമായതും വിപണിയുടെ സമ്മർദ്ദങ്ങൾ ആരോഗ്യനയരൂപീകരണത്തെ പ്രതികൂലമായി ബാധിക്കുന്നതും അധികം പഠിക്കപ്പെട്ടിട്ടില്ല. വിവിധ വ്യാധികളുടെ വ്യാപനത്തിന് വിപണി കാരണമാകുന്നതെങ്ങിനെയെന്ന് വിശദീകരിക്കുകയാണ് ആരോഗ്യ ഗവേഷകനായ ലേഖകൻ.

സാധാരണമായി ആരോഗ്യത്തെയും രോഗത്തെയുംപറ്റി പൊതുജന കാഴ്ചപ്പാടിൽ പരാമർശിക്കുമ്പോൾ ബയോമെഡിക്കൽ വിഷയങ്ങൾക്കപ്പുറം അവ രണ്ടിനെയും സ്വാധീനിക്കുന്ന സാമൂഹികനിർണയ ഘടകങ്ങളെപ്പറ്റി വിശകലനംചെയ്യാറുണ്ട്. ശുദ്ധവായു, കുടിവെള്ളം, പാർപ്പിട സൗകര്യങ്ങൾ, തൊഴിൽ സാമൂഹിക സുരക്ഷ, സാമ്പത്തികാവസ്ഥ തുടങ്ങിയവ ഉദാഹരണം. എന്നാൽ ഇപ്പോൾ വർധിച്ചുവരുന്ന പകർച്ചേതര വ്യാധികളുടെയും (Non Communicable disease) കാലാവസ്ഥാമാറ്റത്തെ തുടർന്നുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളുടെയും പരിസ്ഥിതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ആരോഗ്യത്തിലെ അസന്തുലിതാവസ്ഥ മറ്റൊരുവിധത്തിൽ ചർച്ചചെയ്യേണ്ടതുണ്ട്. അത് ആരോഗ്യ അസമത്വത്തെ സംബന്ധിച്ച പുതിയ തെളിച്ചങ്ങൾ സമ്മാനിക്കും.

ഉദാരീകരണത്തോടെ സംഭവിച്ച നിയന്ത്രണമില്ലാത്ത വിപണി വ്യാപനം ആരോഗ്യത്തിന് ഹാനികരമായ ഉത്പന്നങ്ങളുടെ വിപണനവും ഉപയോഗവും വർധിപ്പിച്ചു. 2019-ലെ ലോക രോഗാതുരാതാ റിപ്പോർട്ട് പ്രകാരം ഇവയിൽപ്പെട്ട നാല് പ്രധാന ഉത്പന്നങ്ങൾ ലോകത്തിലെ തടയാൻ പറ്റുന്ന മൂന്നിലൊന്ന് മരണങ്ങൾക്ക് കാരണമാണെന്ന് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. പുകയില, മദ്യം, അൾട്രാ പ്രൊസസ്ഡ് ഭക്ഷണം, ഫോസിൽ ഇന്ധനങ്ങൾ എന്നിവയാണവ. പകർച്ചേതര വ്യാധികൾ മൂലമുണ്ടായ 42 മില്യൻ മരണത്തിൽ 41% ഇവമൂലമായിരുന്നു. ഇതുകൂടാതെ തെറ്റായ ഭക്ഷണരീതിമൂലം 11 മില്യൺ പേരും മദ്യംമൂലം 3 മില്യൺ പേരും ഫോസിൽ ഇന്ധനങ്ങൾ മൂലമുണ്ടായ വായുമലിനീകരണംമൂലം 10 മില്യൺ പേരും പുകയിലയുടെ ഉപയോഗം മൂലം 3 മില്യൻ പേരും വർഷംതോറും മരണപ്പെടുന്നുണ്ട്.

പ്രത്യക്ഷത്തിൽ കാണാത്ത, സാമ്പത്തിക മേഖലകളിലെ പ്രശ്നത്തെത്തുടർന്നുള്ള നിരാശാബോധം മൂലമുണ്ടാകുന്ന മരണങ്ങളും സോഷ്യൽ മീഡിയയുടെ സ്വാധീനംകൊണ്ടുണ്ടാകുന്ന മാനസികപ്രശ്നങ്ങളും ബൗദ്ധിക സ്വത്തവകാശനിയമത്തെത്തുടർന്ന് അവശ്യമരുന്നുകൾ ലഭ്യമാവാതെയും വിലവർധനമൂലവും ഉണ്ടാകുന്ന രോഗാവസ്ഥകളും ഇതിന്റെ തന്നെ തുടർച്ചകളാണ്.

ഇങ്ങനെയൊക്കെ ആയാലും വർത്തമാന കാലത്ത് മുതലാളിത്തവും ആഗോളീ കരിക്കപ്പെട്ട കോർപ്പറേറ്റ് വിപണികളും ഒപ്പം മാറിവന്ന സമാന രാഷ്ട്രീയ സാമ്പത്തിക ഭരണ നിർവഹണ സംവിധാനങ്ങളും മനുഷ്യരുടെ ആരോഗ്യസ്ഥിതി വികലമാക്കി രൂപ പ്പെടുത്തുന്നതിൽ വഹിച്ച പങ്ക് ആരും വേണ്ടത്ര വിശകലനം നടത്തി മനസ്സിലാക്കുകയോ വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനുള്ള ശ്രമമാണ് ഈ ലേഖനം

വാണിജ്യസ്ഥാപനങ്ങളുടെ വളർച്ച ഒഴിച്ചുകൂടാനാവാത്തതാണ്. പക്ഷേ, നിയന്ത്രണമില്ലാത്ത വളർച്ച മനുഷ്യർക്കും പ്രകൃതിക്കും അനാരോഗ്യകരമാവും. കപ്പലുകൾവഴി പാഴ്വസ്തുക്കൾ കച്ചവടം ചെയ്തു തുടങ്ങിയതിനുശേഷമാണ് ഏഷ്യൻ ടൈഗർ കൊതുകുകൾവഴി ഡെൻഗു പനി വ്യാപകമായത്. അടുത്തകാലത്ത് മൃഗങ്ങളുടെയും ഇറച്ചിയുടെയും നിയന്ത്രണമില്ലാത്ത മാർക്കറ്റുകൾ വഴിയാണ് പുതിയ ജന്തുജന്യരോഗങ്ങളായ എച്ച്1എൻ1, പക്ഷിപ്പനി, കോവിഡ് 19 തുടങ്ങിയവ മനുഷ്യരിൽ എത്തിയത്.

പുതിയ ലോകക്രമത്തിൽ വിപണിയുടെ ആളുകൾ/ ശക്തികൾ വിവിധ സംവിധാന ങ്ങളിലൂടെ ജനങ്ങളുടെ ആരോഗ്യത്തെയോ ആരോഗ്യ അസന്തുലിതാവസ്ഥയെയോ നേരിട്ടോ അല്ലാതെയോ നിയന്ത്രി ക്കുന്നതിനെയാണ് ആരോഗ്യത്തിന്റെ വിപണി നിർണയ ഘടകങ്ങൾ (Commercial Determinants of Health) എന്ന് വിളിക്കുന്നത്. ഇപ്പോൾ ലോകത്താകെ സംഭവിക്കുന്ന രാഷ്ട്രീയ സാമ്പത്തിക മാറ്റങ്ങൾ വാണിജ്യ നിർണയ ഘടകങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലാണ്. ഉത്പന്നങ്ങൾക്കു പുറമേ വിപണിയിലെ പല വ്യാപാര താത്പര്യങ്ങളും രാജ്യങ്ങൾക്കകത്തും രാജ്യങ്ങൾ തമ്മിലും അന്തരം ഉണ്ടാക്കുന്നുണ്ട്. ഇതേ താത്പര്യങ്ങൾ വിവിധ രാജ്യങ്ങളിൽ സർക്കാരിന്റെ നിയമപരമായ നിയന്ത്രണ ങ്ങളെ അയച്ചുവിട്ടും മറികടന്നും. തൊഴിലിടങ്ങളിലെ സുരക്ഷ ഒഴിവാക്കിയും ദോഷകരമായ ഉത്പന്നങ്ങൾ പ്രചരിപ്പിച്ചും, പ്രകൃതി നശീകരണം നടത്തിയും രോഗാതുരത വർധിപ്പിക്കുന്നുണ്ട്.

1970 മുതൽ ധനികരാജ്യങ്ങളിലെ കമ്പനികൾ അവിടെ നിരോധിക്കപ്പെട്ട കീടനാശിനികളും ഔഷധങ്ങളും ടോക്സിക് പാഴ്വസ്തുക്കൾക്കൊപ്പം ദരിദ്രരാജ്യങ്ങളിലേക്ക് കയറ്റുമതിചെയ്ത്, അല്ലെങ്കിൽ അതിന്റെ ഉത്പന്ന യൂണിറ്റുകളോ വിതരണ ശൃംഖലകളോ തുടങ്ങി അമിതമായി ധനം വർധിപ്പിക്കുന്ന തായി ധാരാളം രേഖകളുണ്ട്. ഇത്തരം ഉത്പന്നങ്ങൾക്കൊന്നും അന്താരാഷ്ട്ര തലത്തിൽ ഒരുപോലെ ബാധക മായതും നടപ്പിലാക്കേണ്ടുന്നതുമായ നിയന്ത്രണ നടപടികളോ നിയമങ്ങളോ ഇല്ല. വിവിധ രാജ്യങ്ങൾ വിവിധ നിയമ പരിധിയിലായതിനാൽ ഇതിൽ അയവുള്ള സ്ഥലങ്ങളിൽ വിപണികളുടെ താത്പര്യ ങ്ങളനുസരിച്ച് അവരുടെ പ്രവൃത്തികൾ വ്യാപിപ്പിക്കാൻ എളുപ്പമാണ്. ഇത് പലപ്പോഴും പ്രകൃതി വിഭവങ്ങൾ അമിതമായി ചൂഷണംചെയ്തും നിർമാണ യൂണിറ്റുകൾ സ്ഥാപിച്ചും മാലിന്യങ്ങൾ ഉത്പാദിപ്പിച്ചും കൂടുതൽ ഔട്ട്ലെറ്റുകൾ തുറന്നും വിൽപ്പന വർധിപ്പിച്ചും ദരിദ്ര രാജ്യങ്ങളിൽ നിന്ന് സമ്പന്ന രാജ്യങ്ങളിലേക്ക് പണം ഒഴുകുന്ന വിധത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

ഓരോയിടങ്ങളിലും ഭരണത്തിലുള്ളവരും നയരൂപവത്കരണം നടത്തുന്നവരും വ്യാപാരസ്ഥാപനങ്ങൾ പൊതുജനാരോഗ്യവിദഗ്ധർ, പൊതുസമൂഹം, സന്നദ്ധസംഘടനകൾ, ഗവേഷകർ വിദ്യാഭ്യാസവിദഗ്ധർ ഇവരൊക്കെ ഇതിൽ പങ്കുവഹിക്കുന്നവരാണ്. ഉദാരീകരണത്തോടെ സ്വന്തം രാജ്യതാത്പര്യങ്ങൾ മറികടന്ന് അവിടങ്ങളിലെ സർക്കാറുകൾ സാങ്കേതിക ഉപദേശങ്ങൾ സ്വദേശത്തും വിദേശത്തുമുള്ള കൺസൾട്ടൻസി സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ഔട്സോഴ്സ് ചെയ്യുന്നത് ഇപ്പോൾ സാധാരണമാണ്. പഞ്ചവത്സരപദ്ധതികൾ ഉപേക്ഷിച്ചതിനു ശേഷം ഇന്ത്യയിൽ നിതി ആയോഗ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഇതുപോലെ വിദേശ കോർപ്പറേറ്റ് കൺസൾട്ടൻസി വഴിയാണെന്ന് ആരോപണമുണ്ട്.

വിപണിയുടെ സാമ്പത്തിക ശക്തികൾ അവയുടെ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നത് സർക്കാർ ചാനലുകൾ വഴിയാണ്. ജനങ്ങളെ സ്വാധീനിക്കാൻ പ്രധാനമായും ഏഴ് തന്ത്രങ്ങളാണ് ഇവർ പ്രയോഗിക്കുന്നത്. രാഷ്ട്രീയം, ശാസ്ത്രീയം, മാർക്കറ്റിങ്, വിതരണശൃംഖല, തൊഴിൽ മേഖല, സാമ്പത്തികം, മതിപ്പുളവാക്കുന്ന ഭരണനിർവഹണം എന്നിവ. മതിപ്പുളവാക്കുന്ന ഭരണനിർവഹണത്തിനെ കേന്ദ്രമാക്കിയാണ് മറ്റുള്ളവയുടെ പ്രയോഗങ്ങൾ. ഇതിനായി ആദ്യംതന്നെ അതത് രാജ്യങ്ങളിലെ കൺസ്യൂമർ പ്രൊട്ടെക്ഷൻ, നികുതി നിയമങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയൊക്കെ അനുകൂലമാക്കും. രാഷ്ട്രീയപിൻബലം, ശാസ്ത്രത്തെളിവുകൾ, വിപണന തന്ത്രങ്ങൾ എന്നിവ വഴി മനുഷ്യർക്ക് ഹാനികരമായ ഉത്പന്നങ്ങളുടെ ഉപയോഗം പരമാവധി വർധിപ്പിക്കും. ഈ വർധിപ്പിക്കൽ സമൂഹത്തിന് ഗുണകരമാണെന്ന് വരുത്താൻ സംവിധാനങ്ങളെ ഉപയോഗിക്കും. ലോബിയിങ്, കൈക്കൂലി എന്നിവ ഇതിന്റെ ഭാഗമായി അരങ്ങേറും.

വൻതോതിൽ കാറുകൾ വിറ്റ ഒരു കമ്പനി അതിന്റെ പുക എമിഷൻ ടെസ്റ്റുകളിൽ വ്യാജം നടത്തിയതായി പിന്നീട് കണ്ടെത്തി. അതുപോലെ പല രാസവളനിർമാതാക്കളും കീടനാശിനി വിരുദ്ധസമരക്കാരെ സ്വാധീനിക്കാൻ സർക്കാർ സംവിധാനങ്ങളെ ഉപയോഗിക്കാറുണ്ട്. അമേരിക്കയിലെ വാഹനങ്ങളുടെ ടയർനിർമ്മാണ കമ്പനികൾ, അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനായി അവിടെ വ്യാപകമാക്കാൻ ആസൂത്രണം ചെയ്ത ഇലക്ട്രിക് പബ്ലിക് ഹെൽത്ത് ട്രാൻസ്പോർട്ട് കമ്പനി പ്രവർത്തനം അട്ടിമറിച്ചു. നിയമനിർമാണത്തിലെ ഇടപെടലുകൾ മൂലം, അപകടകരമായ വെയ്സ്റ്റ് മാനേജ്മെന്റിലോ വനനശീകരണത്തിനെതിരേയോ ബയോഡൈവേഴ്സിറ്റി നാശത്തിനോ, ഇതുണ്ടാക്കിവെച്ച കമ്പനികൾക്കെതിരേ സർക്കാരുകൾക്ക് നടപടിയെടുക്കാനാവുന്നില്ല. കേരളത്തിൽ പ്ലാച്ചിമടയിലെ കൊക്കകോള പ്ലാന്റ് തന്നെ നമ്മുടെ അനുഭവത്തിലുണ്ട്.

ആഗോളീകരണ സാമ്പത്തികനയങ്ങൾ ഓരോ രാജ്യത്തിലും തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളുടെ അധികാരം കുറച്ചപ്പോൾ ഈ വിടവിലൂടെ ട്രാൻസ് നാഷണൽ സ്വകാര്യമേഖലകൾ കടന്നുവരാൻ തുടങ്ങി. അതതിടങ്ങളിലെ നയരൂപവത്കരണങ്ങളുടെ നിയന്ത്രണം കോർപ്പറേറ്റ് കൈകളിലേക്ക് മാറി. നിയോലിബറൽ പോളിസി പ്രകാരം വികസനമെന്നത് ജി.ഡി.പി. വർധന മാത്രമായി.

സ്വതന്ത്രവ്യാപാരത്തിന്റെ ഭാഗമായി ഉണ്ടാക്കപ്പെട്ട പ്രിഫറൻഷ്യൽ ട്രേഡ് എഗ്രിമെന്റ് പ്രകാരം ഇറക്കുമതി ഉത്പന്നങ്ങളുടെ ഗുണനിലവാരം നിയന്ത്രിക്കൽ പ്രയാസകരമായി. അമിതമായി സംസ്കരിച്ച ഭക്ഷണം, കോള, പുകയില, മാംസ ഉത്പന്നങ്ങൾ, ട്രാൻസ് കൊഴുപ്പുകൾ ഇങ്ങനെ പലതും ഇപ്രകാരം ദരിദ്രരാജ്യങ്ങളിൽ വിപണനം ചെയ്യപ്പെടുന്നുണ്ട്. ആഗോള ഔഷധ വ്യാപാരത്തിന്റെ പകുതിയോളം കൈയിലുള്ളത് അമേരിക്ക, യൂറോപ്യൻ രാജ്യങ്ങളിലെ കമ്പനികൾക്കാണ്. പ്രധാന ഔഷധങ്ങളുടെ പേറ്റന്റുകളും അവരുടെ കൈകളിലാണ്. പക്ഷേ, ഈ ഔഷധങ്ങളുടെ ഉപഭോക്താക്കളായ രോഗികൾ കൂടുതലുള്ളത് മറ്റു വികസ്വര രാജ്യങ്ങളിലാണ്. ടയർ വ്യവസായികളുടെ വ്യാപാര താത്പര്യങ്ങൾക്കനുസരിച്ച് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഏകവിള റബ്ബർകൃഷിവ്യാപനം ഭാവിയിൽ അവിടത്തെ അഗ്രികൾച്ചറൽ ഡൈവേഴസിറ്റി നശിപ്പിക്കുമെന്നും ഭക്ഷ്യ ക്ഷാമം കൂട്ടുമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. 19-ാം നൂറ്റാണ്ടിലെ യൂറോപ്പിലെ മഹാക്ഷാമം 'ഉരുളക്കിഴങ്ങ് ഏകവിള'യെ ത്തുടർന്നാണ് ഉണ്ടായത്.

തങ്ങളുടെ ഉത്പന്നം പ്രചരിപ്പിക്കാൻ തെറ്റായ വിവരങ്ങൾ നൽകലും ഇപ്പോഴത്തെ തന്ത്രമാണ്. ഇതിനായി ശാസ്ത്രത്തെപ്പോലും വളച്ചൊടിക്കാം. ഇതിനായി 'വോയ്സ് ആംപ്ലിഫൈ' ചെയ്യാൻ സോഷ്യൽ മീഡിയയെ ഉപയോഗിക്കുകയും, സ്വന്തം വിദഗ്ധരെ സർക്കാർ ഉപദേശക സമിതികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും തിരുകിക്കയറ്റുകയും ചെയ്യും. പരസ്യങ്ങൾവഴി സത്യാനന്തര കാലത്ത് ആളുകളെ ബോധപൂർവം അജ്ഞതയിൽ നിലനിർത്തുന്നതും ഇതേ വിദ്യതന്നെയാണ്. മെർക്ക് കമ്പനിയുടെ റോഫി കോക്സിബ് എന്ന വേദന സംഹാരി 1999-ൽ ത്തന്നെ ഹൃദയത്തിന് അപകടകാരിയെന്നറിഞ്ഞിട്ടും അത് മറച്ചുവെച്ച് വർഷങ്ങളോളം വിറ്റഴിക്കപ്പെട്ടു. ഇന്റർനാഷണൽ ഏജൻസി ഓൺ കാൻസർ റിസർച്ച്, കാൻസറിന് കാരണമാകാമെന്ന് സംശയമുയർത്തിയിട്ടും മോൺസാന്റോ കമ്പനി ഗ്ലൈഫോസേറ്റ് എന്ന കമ്പനിയുടെ കളനാശിനി സുരക്ഷിതം എന്ന ലേബലിലാണ് ലോകമാകെ വിറ്റുവരുന്നത്.

വിപണനതന്ത്രത്തിലൂടെയും സപ്ലൈ ചെയിൻ വ്യാപകമാക്കിയും ഇന്ന് അനാരോഗ്യ ഉത്പന്നങ്ങൾ പ്രചരിപ്പിക്കാം. ജനങ്ങളിൽ അനാവശ്യ ഡിമാൻഡുണ്ടാക്കിയും നാടുനീളെ ലഭ്യത വർധിപ്പിച്ചും പ്രത്യേക ജനവിഭാഗങ്ങളെ ലക്ഷ്യംവെച്ചും ഇതു സാധ്യമാക്കുന്നുണ്ട്. നാടുതോറും ബാറുകൾ തുറന്ന് മദ്യവില്പന നടപ്പാക്കുന്നത് ഒരുദാഹരണമാണ്. ഹോട്ടലുകൾ ബാറുകളാക്കിമാറ്റിയും ഔട്ട്ലെറ്റുകളുടെ എണ്ണം കൂട്ടിയും പുകയില ഉത്പന്നങ്ങൾ വർണപരസ്യങ്ങൾ നൽകിയും സിനിമകളിൽ പുകവലി രംഗങ്ങൾ നിറച്ചും ഇതൊക്കെ സാധ്യമാക്കുന്നുണ്ട്.

അറിവുകളും കണ്ടുപിടിത്തങ്ങളും മാനവരാശിയുടെ പൊതു സമ്പത്തായിരിക്കണമെന്നു പറഞ്ഞത് ലൂയിപാസ്ചറാണ്. പക്ഷേ 1990-കൾതൊട്ട് രാജ്യങ്ങളിലെ സർക്കാരുകൾക്കുപരി കോർപ്പറേറ്റ് കമ്പനികളാണ് ശാസ്ത്ര ഗവേഷണങ്ങൾക്ക് ഫണ്ട് നൽകുന്നത്. ഗവേഷണങ്ങൾ നടക്കുന്നതും അത്തരം സ്ഥാപനങ്ങളിലാണ്. അതിനാൽ ഭാവിയിലെ വാണിജ്യ

സാധ്യതകൾ പരിഗണിച്ചാണ് ഗവേഷണങ്ങൾ മിക്കതിലും മുൻഗണന നിശ്ചയിക്കുന്നത്. ഇത് പലപ്പോഴും ജനങ്ങളുടെ കഷ്ടതകളുടെ പരിഹാരത്തിനുപരി കമ്പനിയുടെ ലാഭത്തിനായിരിക്കും പരിഗണന നൽകുക. അതിനാൽ അവരുടെ ഉത്പന്നങ്ങളുടെ ഉപയോഗം വർധിപ്പിക്കൽ ഗവേഷണത്തിന്റെ അജൻഡയായിരിക്കും. അപ്പോൾ സാങ്കേതികവിദ്യകളുടെ പേറ്റന്റുകളും ട്രാൻസ് നാഷണൽ കോർപ്പറേഷനുകൾക്കായിരിക്കും. ഉദാഹരണത്തിന്, 1963 -ൽ ത്തന്നെ എക്സൺ മൊബിൽ എന്ന കമ്പനിക്ക് അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്ന വാഹനങ്ങളുടെ പേറ്റന്റ് കിട്ടിയിരുന്നുവെങ്കിലും അത് ഫോസിൽ ഇന്ധനങ്ങളുടെ ആവശ്യം കുറയ്ക്കുമെന്നറിഞ്ഞതിനാൽ തുടർ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കപ്പെട്ടത് അധികമാരും ചർച്ചചെയ്തില്ല . ഗ്ലോബൽ പൊസിഷനിങ് സിസ്റ്റവും ടച്ച് സ്ക്രീനും കണ്ടുപിടിച്ചത് പൊതുമേഖലയിൽപ്പെട്ട അമേരിക്കൻ മിലിട്ടറി ഗവേഷണത്തിന്റെ ഫലമായിട്ടാണെങ്കിലും ഇത് മാർക്കറ്റു ചെയ്യുന്നത് ആപ്പിൾ കമ്പനിയാണ്. കോവിഡ് വാക്സിനുകൾക്ക് ഗവേഷണത്തിന് ഫണ്ടുകൾ നൽകിയത് വിവിധ രാജ്യങ്ങളിലെ സർക്കാരുകളാണെങ്കിലും പേറ്റന്റുകൾ ലഭിച്ചത് സ്വകാര്യ മരുന്നുകമ്പനികൾക്കായിരുന്നു. അതിനാൽ നിശ്ചിതവില കുറയ്ക്കാനോ മറ്റുരാജ്യങ്ങളിൽ ഇവ നിർമിച്ച് വിതരണം നടത്താനോ ഇനിയുമായില്ല . ഇന്ത്യയിൽ കോവാക്സിൻ വിത്തുകോശം കണ്ടുപിടിച്ചത് സർക്കാർ മേഖലയിലെ (ഐ.സി.എം.ആർ.) ശാസ്ത്രജ്ഞരാണെങ്കിലും ഉത്പന്നം നിർമിച്ച് വിൽക്കുന്നതും ലാഭമുണ്ടാക്കുന്നതും ഭാരത് ബയോടെക് എന്ന സ്വകാര്യ കമ്പനിയാണ്. അതിനാൽ സർക്കാരിന് വിലപേശി വാങ്ങേണ്ടിവന്നു.

ലോകത്താകെ ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണനകൾ നൽകാനായി രോഗഭാരം (Disease Burden) കണക്കാക്കുന്നത്, രോഗംമൂലം മരണമോ അവശതയോ വൈകല്യമോ മൂലം നഷ്ടപ്പെടുന്ന സാമ്പത്തിക ഉത്പാദനക്ഷമത വാർഷിക യൂണിറ്റിൽ കണക്കാക്കിയാണ് (DALY - Disabiltiy adjusted Life year). അതിനാൽത്തന്നെ വയോജനങ്ങളുടെ മരണങ്ങൾക്ക് രോഗഭാരം കുറഞ്ഞും ചെറുപ്പക്കാരുടെത് രോഗഭാരം കൂടിയുമായിരിക്കും. ഈ നഷ്ടയൂണിറ്റുകൾക്കനുസരിച്ചാണ് രോഗനിയന്ത്രണങ്ങൾക്ക് ബജറ്റിൽ മുൻഗണന കണക്കാക്കുന്നത്. പലപ്പോഴും ആരോഗ്യപ്രശ്നങ്ങൾക്ക് പ്രിവന്റീവ് പരിഹാരങ്ങൾക്ക് പകരം കുറേറ്റിവ് (Curative) പരിഹാരങ്ങൾക്കായിരിക്കും മുൻതൂക്കം ലഭിക്കുക. പ്രിവന്റീവ് പരിഹാരങ്ങളിൽ തന്നെ സാമൂഹികപരിഹാരങ്ങൾക്ക് പകരം മരുന്നുകൾക്കും വാക്സിനുകൾക്കും ആയിരിക്കും മുൻഗണനകൾ. വിപണി നിയന്ത്രിക്കുന്ന വൈദ്യ ശാസ്ത്രം മനുഷ്യരുടെ ശാരീരികാവസ്ഥകളെ ചിലപ്പോൾ രോഗമാക്കി ചികിത്സ നിശ്ചയിച്ചേക്കാം. ജൈവരാസ പദാർഥങ്ങളുടെ കട്ട് ഓഫ് പരിധി കൂട്ടിയോ കുറച്ചോ ഇത് സാധ്യമാക്കാവുന്നതാണ്. സൗന്ദര്യത്തിന്റെ അളവു കോലുകൾ തങ്ങളുടെ പ്രോഡക്ടുകൾക്കനുസരിച്ച് വെറും മനുഷ്യശരീരത്തിന്റെ ആകൃതിയോ നിറമോ ഉടയാടകൾ മാത്രമാക്കി ബ്യൂട്ടി മാർക്കറ്റുകൾ ഇടയ്ക്കിടെ ട്രെൻഡുകൾ മാറ്റിക്കൊണ്ടിരിക്കും. അതിനനുസരിച്ച് ഫാഷൻ മാർക്കറ്റ് നിരന്തരം മാറിക്കൊണ്ടിരിക്കും. തലമുടിക്ക് വിവിധ നിറങ്ങൾ കൊടുക്കുന്ന

രാസവസ്തുക്കൾക്ക് വിവിധതരം കാൻസറുകളുണ്ടാക്കാൻ സാധ്യതകളുണ്ടെന്ന് അറിയാമായിരുന്നിട്ടും ഇതിന് ഫാഷൻ വ്യാപാരികൾ വലിയ പ്രചാരം കൊടുക്കുന്നുണ്ട്. ഹെപ്പറ്റൈറ്റിസ് ബി പോലുള്ള രോഗങ്ങൾക്ക് സാധ്യതയുള്ളപ്പോഴും അനാരോഗ്യസാഹചര്യങ്ങളിൽ സുരക്ഷിതമല്ലാതെ പച്ചകുത്തൽ ഇപ്പോൾ നാട്ടിൻ പുറങ്ങളിലെ യുവാക്കളുടെ പോലും ഹരമായിമാറിയിട്ടുണ്ട്.

ജീവിതശൈലീരോഗങ്ങളായ അമിതവണ്ണം, പ്രമേഹം, രക്താതിമർദം, ഹൃദയാഘാത രോഗങ്ങൾ ഇവ ക്രമാതീതമായി കൂടിവരികയാണ്. ആഗോളീകരണത്തെ തുടർന്നുണ്ടായ 'മാക് ഡൊണാൾഡൈസേഷൻ' എന്നറിയപ്പെടുന്ന അമിതമായ കൊഴുപ്പടങ്ങിയ ഫാസ്റ്റ് ഫുഡ് ശൃംഖല വ്യാപനത്തിന്റെ (Over Nturition) എപ്പിഡമിക്ക് ആയിട്ടാണ് ഇതറിയപ്പെടുന്നത്. ഇപ്പോൾ മാർക്കറ്റിൽ പായ്ക്കറ്റുകളിൽ ലഭ്യമാകുന്ന മിക്ക സംസ്കൃത ഭക്ഷണ ഉത്പന്നങ്ങളും പാനിയങ്ങളും (processed foods and colas) ഇത്തരത്തിൽപെട്ടതാണ് (നൂഡിൽസ്, പോപ്കോൺസ്. പൊട്ടറ്റോ ചിപ്സ്, കോളകൾ) ഇവയുടെ ഉപയോഗത്തിനനുസൃതമായിട്ടാണ് പകർച്ചേതര വ്യാധികളും കൂടിവരുന്നത്. വികസനത്തിന്റെ സൂചകമായ ജിഡിപിയുടെ വർധനവ് കൂടുന്നതിനനുസരിച്ച് ജനങ്ങളുടെ കോള ഉപയോഗം 0.5% കൂടാമെന്നും ഇതിനെത്തുടർന്ന് 5% അമിതഭാരവും 0.5% പ്രമേഹവും കൂടാമെന്നും ഗവേഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ലോകത്തിൽവെച്ച് ഏറ്റവും കൂടുതൽ കോള ഉപയോഗിക്കുന്നവർ മെക്സിക്കോക്കാരാണ്. ഇവിടെ പ്രതിശീർഷ കോള ഉപയോഗം 300 ലിറ്റർ ആണ്. അവിടത്തെ ജനങ്ങളിൽ 33 ശതമാനവും ദുർമേദസ്സുള്ളവരാണ്. അതിനനുസരിച്ച് അവിടെ ജീവിത ശൈലീരോഗങ്ങൾ കൂടാം.

ഇന്ത്യയിലെ കണക്ക് നോക്കിയാൽ, 2005-ൽ പ്രതിവർഷം അമിത സംസ്കൃതാഹാരത്തിന്റെ (Ultra-Processed Foods) ആളോഹരി ഉപയോഗം വെറും രണ്ട് കിലോഗ്രാമുണ്ടായിരുന്നത് 2019-ൽ ആറ് കിലോഗ്രാമായി ഉയർന്നു. 2024-ൽ എട്ട് കിലോയായി ഉയരുമെന്നാണ് കരുതുന്നത്. ഭക്ഷ്യവസ്തുവിലടങ്ങിയിട്ടുള്ള ആരോഗ്യത്തിന് ദോഷകരമായ ഘടകങ്ങളുടെ (അമിതമായ കൊഴുപ്പ്, പഞ്ചസാര, ഉപ്പ്) വിവരങ്ങൾ അപായസൂചനാരൂപത്തിൽ പായ്ക്കറ്റിന്റെ മുൻവശത്ത് ഉപഭോക്താവിന് എളുപ്പം മനസ്സിലാകുന്ന, തെളിഞ്ഞുകാണുന്ന വിധത്തിൽ (നിറങ്ങളോ ചിത്രങ്ങളോ ഉപയോഗിച്ച്) നൽകണമെന്നാണ് അന്താരാഷ്ട്ര ഭക്ഷ്യസുരക്ഷാ ഏജൻസിയായ ''കോഡക്സിന്റെ' (Codex) നിർദ്ദേശം. ഈ ലേബലുകൾ ചിത്രങ്ങൾകൊണ്ടോ നിറങ്ങൾകൊണ്ടോ അക്ഷരങ്ങൾകൊണ്ടോ വെവ്വേറെയായോ സമ്മിശ്രമായോ ചേർത്ത് നിരക്ഷരരായ ആളുകൾക്കുപോലും എളുപ്പം തിരിച്ചറിഞ്ഞ് തീരുമാനങ്ങളെടുക്കാൻ പറ്റുന്ന വിധത്തിലായിരിക്കുകയും വേണം. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങളിൽ നടത്തപ്പെട്ട പ്രധാന പഠനങ്ങളിൽ ഭക്ഷ്യ വസ്തുക്കളെ തിരിച്ചറിയാൻ അവരെ ഏറ്റവും കൂടുതൽ സഹായിക്കുന്നത് അപായ സൂചനകളുടെ ലേബലുകളും ട്രാഫിക് ലൈറ്റ് ചിഹ്നങ്ങളും ഏറ്റവും കുറവ് സഹായിക്കുന്നത് നക്ഷത്രചിഹ്നങ്ങളുമാണെന്നായിരുന്നു കണ്ടെത്തൽ. അതുപോലെ അവർക്ക് ഏറ്റവും വേഗത്തിൽ മനസ്സിലാക്കാൻ കഴിയുന്നത് ട്രാഫിക് ലൈറ്റ് ചിഹ്നങ്ങളും കുട്ടികളെയും മുതിർന്നവരെയും ദോഷകരമായ പായ്ക്കറ്റുകൾ ഒഴിവാക്കാൻ

സഹായിക്കുന്നത് കൊഴുപ്പ്, പഞ്ചസാര, ഉപ്പ് എന്നിവയുടെ ചിത്രങ്ങളോടു കൂടിയുള്ള അപായസൂചനാ ലേബലുകളുമാണ്. ഇതിന് വിരുദ്ധമായാണ് ഇവിടത്തെ ലേബൽ. ദേശീയതലത്തിലുള്ള ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഓർഡർ (2022) പ്രകാരം നക്ഷത്രചിഹ്നങ്ങളിട്ട സ്റ്റാർ റേറ്റിങ്ങാണ് (Star Rating) ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുള്ളത്.

അനാരോഗ്യത്തിന്റെയും അസന്തുലിതാവസ്ഥയുടെയും വഴികളാണ് ലോകത്തെങ്ങും ജനങ്ങൾക്ക് മുൻപിലുള്ളത്. ലോകത്താകെ ഇത്തരത്തിലുള്ള അനാരോഗ്യത്തിന് വഴിയൊരുക്കുന്ന ജീവിത പരിസരങ്ങളിലേക്ക് വിപണി മാറ്റിയൊരുക്കൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനായി ആളുകൾ ജീവിക്കുന്ന വീടിന്റെ അടുക്കളതൊട്ട് ഇറയംവരെയുള്ള ഭൗതിക പരിസരങ്ങൾ, സാമൂഹിക സാമ്പത്തിക പരിസരങ്ങൾ, ഡിജിറ്റൽ പരിസരങ്ങൾ ഒക്കെ ഒരുക്കിയെടുത്തത് ആദ്യത്തെ പടിയാണ്. രണ്ടാമത്, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പരിസരങ്ങൾ, തൊഴിലെടുക്കുന്ന പരിസരങ്ങൾ എന്നിവയിലൂടെ നമ്മളെത്തന്നെ അവരുടെ ഉത്പന്നങ്ങളുടെ അടിമകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണെന്നും ഇതിനെപ്പറ്റി വിദഗ്ധർ അഭിപ്രായപ്പെടുന്നുണ്ട്. ലോകത്താകെ മക്ഡൊണാൾഡിന്റെ ഫാസ്റ്റ്ഫുഡ് ശൃംഖലകളും കൊക്കകോളയുടെ സോഫ്റ്റ് ഡ്രിങ്ക്സ് ഔട്ട്ലെറ്റുകളും വ്യാപകമായതോടെയാണ് അതിമേദസ്സ് എപ്പിഡെമിക് ദരിദ്രരാജ്യങ്ങളിൽപ്പോലും വ്യാപകമായിത്തുടങ്ങിയതെന്നതും രക്തസമ്മർദം, പ്രമേഹം തുടങ്ങിയ പകർച്ചേതരവ്യാധികൾ നിയന്ത്രണാതീതമായി വളർന്നതെന്നതും തെളിയിക്കപ്പെട്ട കാര്യമാണ്. നേരിട്ടുള്ള വിദേശനിക്ഷേപം വർധിച്ചതോടെ റഷ്യയിൽ സിഗരറ്റ് ഉപയോഗം കൂടിയതായും അവിടങ്ങളിൽ പഠനമുണ്ട്. വർത്തമാനകാലത്തെ വ്യാപാരവ്യവസ്ഥ, തൊഴിൽ രീതികൾ, പൊതുനയം, രാഷ്ട്രീയം, നിയമം, സാമ്പത്തികനയങ്ങൾ, ബഹുജനങ്ങൾ, മീഡിയകൾ എല്ലാവരും ഇതുപോലെയുള്ള കോർപ്പറേറ്റുകളുടെ ശക്തി പ്രാപിക്കലിനും നിയന്ത്രണമില്ലാത്ത വളർച്ചയ്ക്കും പിന്തുണ നൽകുന്ന വിധത്തിലാണ് നിലനിൽക്കുന്നത്. ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അവരുടെ രാഷ്ട്രീയ അജൻഡകൾ നടപ്പിലാക്കുന്നത് മൂന്നു തരത്തിലാണെന്ന് വായിച്ചെടുക്കാം. ഒന്നാമതായി രാഷ്ട്രീയമായി ലോബിയിങ്ങോ വലിയ ഫണ്ടിങ്ങോ നൽകിയാണ് ഇത് മൊത്തം രാജ്യങ്ങൾക്കും അവിടെയുള്ള ജനങ്ങൾക്കും അവരെ അനുകൂലിക്കാൻ, ഉത്പന്നങ്ങൾ ഉപയോഗിക്കാൻ പ്രേരകമായി പ്രവർത്തിക്കുന്നത്. രണ്ടാമതായി, അജൻഡ തീരുമാനിക്കാനുള്ള അധികാരം സ്വകാര്യ മൂലധനനിക്ഷേപം, തൊഴിലവസരങ്ങൾ, നികുതി സാമ്പത്തികവളർച്ച ഇവയൊക്കെ ലഭിക്കുമെന്ന ധാരണ സൃഷ്ടിച്ചെടുത്ത് സാധിക്കുന്നു. ഇതുവഴി അവിടെയുള്ള സംവിധാനങ്ങൾ അനുകൂലമാക്കി അപ്പാടെ മാറ്റിയെടുക്കപ്പെടുന്നു. മൂന്നാമതായി, ജനങ്ങളിൽ സമൂഹത്തിലെ ഇഷ്ടതാല്പര്യങ്ങൾ രൂപപ്പെടുത്തുന്നതും മൂല്യങ്ങളും അഭിപ്രായങ്ങളും പെരുമാറ്റ രീതികളും വിപണിക്കനുസരിച്ച് മാറ്റിയെടുക്കുന്നതും വഴി അവർക്ക് ഈ ആനുകൂലസ്ഥിതി തന്നെ അവിടങ്ങളിൽ നിലനിർത്തി പോകാൻ പറ്റുന്നുണ്ട്. ഇത് നമ്മുടെ ആരോഗ്യത്തെ നിർണയിക്കുന്ന നിർണായക ഘടകങ്ങളിൽ പ്രധാനപ്പെട്ടതുമാണ്.

ഇതിൽനിന്ന് രക്ഷപ്പെടാനായി പകരം വികസനത്തിന്റെ പുതുവഴികൾ തേടലാണ് ലോകത്തിന് മുൻപിലുള്ളത്. നിലവിലുള്ള

ജിഡിപി വികസനത്തെ ചോദ്യം ചെയ്ത് ചുരുക്കം ചില രാജ്യങ്ങൾ 'വെൽബീയിങ് ഇക്കോണമി' (Wellbeing Economy) പിന്തുടരുന്നുണ്ട്. ഭൂട്ടാൻ, എക്വഡോർ, സ്കോട്ട്ലൻഡ്, നോർവേ എന്നിവയാണവ. ഇതുപ്രകാരം ആദ്യം ഭൂമിയും ജനങ്ങളുടെ സന്തോഷവുമാണ് ഇവരുടെ മുൻതൂക്ക പട്ടികയിലുള്ളത്. ഇവിടങ്ങളിൽ ഹാപ്പിനസ് ഇൻഡക്സുകൾ (Happiness lndex) കൂടുതലുമാണ്. വികസനത്തിന്റെ പേരിൽ മനുഷ്യന്റെയും പ്രകൃതിയുടെയും ഭൂഗോളത്തിന്റെയും ഭൂഗോളത്തിന്റെയും ആവശ്യങ്ങളറിഞ്ഞ് ആഘാതങ്ങൾ നിയന്ത്രിച്ചുള്ള 'ഡോനട്ട് ഇക്കണോമിക്സും' (Doughout Economics) ഉപഭോഗം കുറച്ച്, മാലിന്യങ്ങൾ കുറച്ച് പുനരുപയോഗം സാധ്യമാകുന്ന വികസന മാതൃകകളുടെ 'സർക്കുലർ ഇക്കോണോമി'യും (Circular Economy) ഇപ്പോഴുള്ളതിന് പകരമായി ചർച്ചയിൽ കൊണ്ടുവരേണ്ടതുണ്ട്. ദരിദ്ര ആഫ്രിക്കൻ രാജ്യമായ ഘാനയിൽ സർക്കാർതന്നെ ഭക്ഷ്യ സുരക്ഷാനിലവാര നിയമമനുസരിച്ച് ആരോഗ്യത്തിന് ദോഷകരമായ കൊഴുപ്പുകളുടെ അളവ് നിയന്ത്രിച്ചിട്ടുണ്ട്. ബ്രസീലിൽ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ മുപ്പത് ശതമാനം ഭക്ഷ്യവസ്തുക്കൾ തദ്ദേശീയരായ കർഷകരിൽ നിന്ന് വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇതിനാൽ, അവരുടെ സാമ്പത്തിക അതിജീവന നിലനിൽപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ദക്ഷിണാഫ്രിക്ക, മൊറോക്കോ തുടങ്ങിയ രാജ്യങ്ങളിൽ ജീവിതശൈലീരോഗ നിയന്ത്രണത്തിന്റെ ഭാഗമായി ഭക്ഷ്യോത്പന്നങ്ങളിൽ ഉപ്പിന്റെ അളവ് നിയന്ത്രിക്കുകയും സോഫ്റ്റ് ഡ്രിങ്കുകളുടെ ഉപയോഗം കുറയ്ക്കാൻ അധിക നികുതി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാനഡയിൽ 'ഫിലിപ്പ് മോറിസ്' എന്ന സിഗരറ്റ് കമ്പനിയെ നിയമ പോരാട്ടത്തിലൂടെ ബ്രാൻഡ് പരസ്യചിത്രമില്ലാതെ പ്ലെയിൻ പായ്ക്കറ്റിൽ സിഗരറ്റ് മാർക്കറ്റ് ചെയ്യാൻ നിർബന്ധിതമാക്കിയിട്ടുണ്ട്. ഇനി ഭാവിയിലുള്ള മനുഷ്യരാശിയുടെ നിലനിൽപ്പിന് ആരോഗ്യത്തെ സ്വാധീനിക്കുന്ന വിപണിയുടെ നിർണയഘടകങ്ങൾകൂടി തിരിച്ചറിയാൻ കൂടുതൽ തുടർചർച്ചകളും പ്രവർത്തനങ്ങളും ആവശ്യമുണ്ട്.

**മാതൃഭൂമി ആഴ്ചപതിപ്പ്,**

**31, ഡിസംബർ 2023 - 06, ജനുവരി 2024.**

ഛഛഛഛഛഛഛഛ

# ഒരു രാജ്യം ഒരൊറ്റ നിയമം

ഷൈൻ മോഹൻ

*നിയമത്തിനുമുന്നിൽ എല്ലാവരും തുല്യരാണ്. ഇന്ത്യൻ ഭരണഘടന അത് അനുശാസിക്കുന്നുണ്ട്. എന്നാൽ, രാജ്യത്തിന്റെ വൈവിധ്യങ്ങളെയും വ്യത്യസ്തതകളെയും ഭരണഘടന അംഗീകരിക്കുന്നുമുണ്ട്. 'ഒരൊറ്റ രാജ്യം ഒരൊറ്റ നിയമം' എന്നത് ഏകപക്ഷീയമായ പരികൽപ്പനയാണോ. അതോ നീതിയുടെ ഏകശിലയോ. കേന്ദ്രസർക്കാർ വിഭാവനംചെയ്യുന്ന 'ഏക സിവിൽകോഡ്' എന്താണെന്ന് വ്യക്തമായാലേ ഇതിനുത്തരമാകൂ*

വൈവിധ്യങ്ങളുടെ നാടാണിത്. വ്യത്യസ്തമായ ആചാരങ്ങളും അവയ്ക്ക് സംരക്ഷണം നൽകുന്ന നിയമങ്ങളും ഇവിടെയുണ്ട്. വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം, ദത്തെടുക്കൽ തുടങ്ങിയവ ഓരോ വിഭാഗങ്ങളിലും വ്യത്യസ്തമാണ്. ഒന്നിൽ വിവാഹമോചനം എളുപ്പമെങ്കിൽ മറ്റൊന്നിൽ അങ്ങനെയാവില്ല. ഒന്നിലെ സ്വത്തവകാശ നിയമങ്ങൾ സ്ത്രീകളെ പരിഗണിക്കുന്നതുപോലെയല്ല മറ്റൊന്നിൽ. ഒരു പ്രത്യേക സ്ഥലത്ത്, പ്രത്യേക വിഭാഗത്തിൽ ജനിച്ചവർക്ക് പ്രത്യേക നിയമങ്ങളും ഇന്ത്യയിൽ കാണാം. എന്നിരിക്കേ, വിവിധ മതങ്ങൾക്കിടയിലെ വ്യത്യസ്ത മതനിയമങ്ങളും ചില ഗോത്രവർഗങ്ങളുടെ ആചാരങ്ങൾക്ക് സംരക്ഷണം നൽകുന്ന ഭരണഘടനാ വകുപ്പുകളുമെല്ലാം ക്രോഡീകരിച്ച് ഒന്നാക്കുന്നത് ഒരേ തളപ്പുകൊണ്ട് പലമരങ്ങളിൽ കയറാൻ ശ്രമിക്കുന്നതു പോലെയാകുമോ? കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന 'ഏക സിവിൽ കോഡ്' (യൂണിഫോം സിവിൽകോഡ്) എന്താണെന്ന് വ്യക്തമായാലേ ഇതിനുത്തരമാകൂ.

**ഭരണഘടന പറയുന്നത്**

ഭരണഘടനയിലെ 44-ാം അനുച്ഛേദത്തിൽ, ഭരണകൂടനയങ്ങളുടെ നിർദ്ദേശക തത്ത്വത്തിലാണ് ഏകസിവിൽ കോഡിനെ കുറിച്ചു പറയുന്നത്. ഇന്ത്യയിൽ ഒട്ടാകെ പൗരന്മാർക്ക് ഏക സിവിൽ കോഡ് കൊണ്ട് വരാൻ ഭരണകൂടം ശ്രമിക്കണമെന്ന് ഇതിൽ പറയുന്നു. നിർദ്ദേശകതത്ത്വങ്ങൾ നടപ്പാക്കണമെന്ന് ഏതെങ്കിലും കോടതിക്ക് നിർബന്ധിക്കാൻ ആവില്ലെന്ന് 37-ാം അനുച്ഛേദവും വ്യക്തമാക്കുന്നു. ഏക സിവിൽ കോഡ് നടപ്പാക്കണമെന്ന് ആഗ്രഹിക്കുമ്പോഴും അതിന് നിർബന്ധ രൂപത്തിൽ അടിച്ചേൽപ്പിക്കരുതെന്ന സൂചനയാണ് ഭരണഘടന നൽകുന്നത്. മൗലികാവകാശത്തിൽ ഉൾക്കൊള്ളിക്കാതെ നിർദ്ദേശകതത്ത്വമാക്കിയത് ബോധപൂർവ്വമാണ്.

**പോരാട്ടം തുല്യതയും മതസ്വാതന്ത്ര്യവും തമ്മിൽ**

തുല്യതയും മതസ്വാതന്ത്ര്യവും തമ്മിലുള്ള പോരാട്ടത്തിന് പഴക്കമേറെയാണ്. പരിപൂർണ മതസ്വാതന്ത്ര്യം വേണമെന്നും മതാചാരങ്ങളെ ഭരണഘടനാ വകുപ്പുകൾ വെച്ച് പരിശോധിക്കരുതെന്നും കാലാകാലങ്ങളായി സമൂഹത്തിലെ യാഥാസ്ഥിതികർ വാദിച്ചുവരുന്നു. അതേസമയം, മനുഷ്യാവകാശങ്ങളുടെ കാര്യത്തിൽ നിയമത്തിന് സാംസ് കാരിക അന്തരം പാടില്ലെന്ന തുല്യതയ്ക്കു വേണ്ടി വാദിക്കുന്നവർ പറയുന്നു. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യവും തുല്യതയ്ക്കുള്ള അവകാശവും ഒരുപോലെ സംരക്ഷിക്കാൻ കഴിയുന്നതാകുമോ കേന്ദ്ര സർക്കാർ ഇപ്പോൾ വിഭാവനം ചെയ്യുന്ന ഏക സിവിൽകോഡ്? ചോദ്യത്തെക്കാൾ സങ്കീർണമാണ് ഉത്തരം.

ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും പ്രചരിപ്പിക്കാനും അതിലെ ആചാരങ്ങൾ പാലിക്കാനുമെല്ലാം ഭരണഘടനയുടെ 25-ാം അനുച്ഛേദം അനുവദിക്കുന്നുണ്ട്. അതേ സമയം മതം, ജാതി, വർഗം, ജന്മസ്ഥലം എന്നിവയുടെയടിസ്ഥാനത്തിൽ വിവേചനം പാടില്ലെന്നും ഭരണഘടന (15 -ാം അനുച്ഛേദം) പറയുന്നു.

മതസ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനും 26-ാം അനുച്ഛേദം അനുവദിക്കുന്നു. മാത്രവുമല്ല, ഇന്ത്യയെ പരമാധികാര ജനാധിപത്യ റിപ്പബ്ലിക് എന്നതിൽനിന്ന് 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കാക്കി. ഇതിലൂടെ മതേതരത്വം ഭരണഘടനയുടെ ആമുഖത്തിൽത്തന്നെ സ്ഥാനം പിടിച്ചു.

**എന്താണ് ഏക സിവിൽകോഡ്**

പരിഷ്കൃതസമൂഹത്തിൽ നിയമത്തെ മതവുമായി ബന്ധിപ്പിക്കേണ്ടതില്ലെന്ന സങ്കല്പമാണ് ഏക സിവിൽകോഡിന് അടിസ്ഥാനം. വിവാഹം, വിവാഹമോചനം, ജീവനാംശം, കുട്ടികളുടെ കസ്റ്റഡി, രക്ഷാകർത്തൃത്വം, പിന്തുടർച്ചാവകാശം, ദത്തെടുക്കൽ എന്നിവ സംബന്ധിച്ച് വിവിധ മതങ്ങളുടെ വ്യക്തിനിയമങ്ങൾ വ്യത്യസ്തങ്ങളാണ്. ഇവയിലെ വ്യത്യാസങ്ങളും വിവേചനപരമായ വകുപ്പുകളും ഇല്ലാതാക്കിക്കൊണ്ട് രാജ്യത്തെ എല്ലാ പൗരന്മാർക്കും പൊതുവായൊരു വ്യക്തിനിയമം എന്നു വേണമെങ്കിൽഏക സിവിൽകോഡിനെ വിശേഷിപ്പിക്കാം.

**ബ്രിട്ടീഷ്കാലത്തെ സിവിൽകോഡ്**

ഇന്ത്യയിൽ ബ്രിട്ടിഷ് ഭരണകാലത്തു തന്നെ ഇതിന്റെ ചർച്ചകൾ നടന്നിരുന്നു. ബ്രിട്ടീഷ് സർക്കാരിന്റെ 1840-ലെ ലെക്സ് ലോകി (ലോ ഓഫ് ദ ലാൻഡ് എന്നർഥം) റിപ്പോർട്ടിൽ പറയുന്നത് ഇന്ത്യൻ നിയമങ്ങൾ ഏകീകരിക്കണമെന്നാണ്. കുറ്റകൃത്യങ്ങൾ, തെളിവുകൾ, കരാറുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കണമെന്ന് പറയുമ്പോഴും ഹിന്ദു, മുസ് ലിം വ്യക്തിനിമയങ്ങളെ

അതിൽ നിന്ന് ഒഴിവാക്കി നിർത്തണ മെന്നാണ് ലെക്സ്ലോകി റിപ്പോർട്ടിൽ പറഞ്ഞത്. 1859-ലെ രാജ്ഞിയുടെ വിളംബരവും മതവിഷയങ്ങളിൽനിന്ന് വിട്ടുനിൽക്കുമെന്ന് വ്യക്തമാക്കിയിരുന്നു. അതിനാൽ ക്രിമിനൽ നിയമങ്ങൾ ഏകീകരിച്ചെങ്കിലും വ്യക്തിനിയമങ്ങൾ അതുപോലെ നിർത്തി.

വ്യക്തിനിയമവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ വർധിച്ചതിന്റെ പശ്ചാത്തല ത്തിൽ ബ്രിട്ടീഷ് ഭരണത്തിന്റെ അവസാന കാലത്ത് ഹിന്ദുനിയമങ്ങൾ ക്രോഡീ കരിക്കാനായി അവർ ബി.എൻ. റാവു കമ്മിറ്റിയെ നിയോഗിച്ചു. പൊതുവായ ഹിന്ദുനിയമത്തിന്റെ ആവശ്യകത പരിശോധിക്കുകയായിരുന്നു കമ്മിറ്റിയുടെ ദൗത്യം. സ്ത്രീകൾക്കും തുല്യഅവകാശങ്ങൾ നൽകുംവിധം ഹിന്ദുക്കൾക്ക് വിവാഹത്തിലും പിന്തുടർച്ചാവകാശത്തിലും കമ്മിറ്റി സിവിൽകോഡ് ശുപാർശചെയ്തു.

**അംബേദ്ക്കറുടെ നിലപാട്**

സ്വാതന്ത്ര്യത്തിന് ശേഷം ഭരണഘടനാ നിർമാണസഭയിൽ (കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി) പൊതു സിവിൽ കോഡുമായി ബന്ധപ്പെട്ട് സുദീർഘമായ ചർച്ച നടന്നു. ജവാഹർലാൽ നെഹ്രുവും ഡോ. ബി. ആർ. അംബേദ്കറും ഏക സിവിൽകോഡിനെ അനുകൂലിക്കുന്ന വരായിരുന്നു. എന്നാൽ, ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കേണ്ട ഒന്നല്ലെന്നും സമ്മതത്തോടെ നടപ്പാക്കേണ്ടതാണെന്നുമാണ് അംബേദ്കർ സ്വീകരിച്ച നിലപാട്. അംഗീകരിക്കാൻ തയ്യാറാണെന്ന് പറയുന്നവർക്കുമാത്രം ബാധകമാകും വിധത്തിൽ ഭാവിയിൽ പാർലമെന്റിന് ഇതുസംബന്ധിച്ച നിയമനിർമാണം സാധ്യമാണെന്ന് അദ്ദേഹം ചർച്ചയിൽ ചൂണ്ടിക്കാട്ടി. വടക്കുപടിഞ്ഞാറൻ മേഖലാ പ്രവിശ്യയിലൊഴികെ ഇന്ത്യയിൽ പലയിടത്തും 1937 വരെ പിന്തുടർച്ചാവകാശത്തിൽ ഹിന്ദു നിയമമാണ് മുസ്ലീങ്ങൾക്ക് ബാധക മായിരുന്നതെന്നും അംബേദ്കർ ചൂണ്ടിക്കാട്ടി. മുസ്ലിം ശരിഅത്ത് നിയമം 1937-ൽ കൊണ്ടുവരുന്നതുവരെ ദക്ഷിണേന്ത്യയിൽ പലയിടത്തും മരുമക്കത്തായംപോലും അവർ പിന്തുടർന്നിരുന്നതായും അംബേദ്കർ പറഞ്ഞു.

**ഭരണഘടന നിർമാണസഭയിലെ ചർച്ച**

ഭരണഘടനാ നിർമാണസഭയിൽ ഏക സിവിൽകോഡിനെക്കുറിച്ച് സുദീർഘമായ ചർച്ചകൾ നടന്നെങ്കിലും ഇത് എന്തായിരിക്കണമെന്നതിനെക്കുറിച്ച് സമവായമുണ്ടായില്ലെന്നാണ് മനസ്സിലാക്കേണ്ടത്. വ്യക്തിനിയമങ്ങൾക്കൊപ്പം തന്നെ സിവിൽകോഡും നിലനിൽക്കുമെന്നാണ് ചിലർ വിശ്വസിച്ചത്. അതേസമയം, വ്യക്തിനിയമങ്ങൾ മാറ്റിക്കൊണ്ടാണ് സിവിൽ കോഡ് നടപ്പാക്കേണ്ടതെന്ന് മറ്റുചിലർ പറഞ്ഞു. മതസ്വാതന്ത്ര്യം ഇല്ലാതാക്കുമെന്ന് വാദിച്ചവരുമുണ്ട്. പൗരന്മാരുടെ മുൻകൂർ അനുമതിയില്ലാതെ ഏക സിവിൽകോഡ് നടപ്പാക്കരുതെന്ന് ഒട്ടേറെ മുസ്ലിം അംഗങ്ങൾ ആവശ്യപ്പെട്ടു.

വ്യക്തിനിയമങ്ങൾ പിന്തുടരുന്നത് മൗലികമായ കാര്യമാണെന്നും അതിൽ ഇടപെടുന്നത് തലമുറകളായി പാലിക്കുന്ന ജീവിതരീതിയെ ബാധിക്കുന്നതാണെന്നും സംവാദത്തിൽ മദ്രാസിൽനിന്നുള്ള മുഹമ്മദ് ഇസ്മായിൽ പറഞ്ഞു. ഏക സിവിൽകോഡുകൊണ്ട് പ്രയാസമുണ്ടാവുന്നത് മുസ്‌ലിങ്ങൾക്കു മാത്രമല്ലെന്നാണ് പശ്ചിമ ബംഗാളിൽനിന്നുള്ള നസിറുദ്ദീൻ അഹമ്മദ് ചൂണ്ടിക്കാട്ടിയത്. ഓരോ സമുദായത്തിനും സ്വന്തമായ വിശ്വാസങ്ങളും ആചാരങ്ങളുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഏതു മതത്തിന്റെ നിയമത്തെ അടിസ്ഥാന ചട്ടമാക്കിയാണ് ഏക സിവിൽകോഡ് കൊണ്ടുവരാൻ പോകുന്നതെന്ന് മദ്രാസിൽനിന്നുള്ള ബി പോക്കർ സാഹിബ് ബഹാദുർ ചോദിച്ചു. ന്യൂനപക്ഷങ്ങളെ മാത്രമല്ല ഭൂരിപക്ഷത്തെയും ബാധിക്കുന്നതാണ് ഏക സിവിൽ കോഡെന്ന് വിദ്യാഭ്യാസ വിചക്ഷണൻ കെ.എം. മുൻഷിയും നിലപാടെടുത്തു. ഇങ്ങനെപോയ ചർച്ചകൾക്കൊടുവിലാണ് 44-ാം അനുച്ഛേദത്തിൽ നിർദേശകതത്ത്വമായിമാത്രം ഏക സിവിൽകോഡ് ഇടം പിടിച്ചത്.

**മാതൃഭൂമി,**

**11, ജൂലൈ 2023.**

ೞೞೞೞೞೞೞೞ

# ഒറ്റ നീതിയും വൈവിധ്യങ്ങളും

**ഷൈൻ മോഹൻ**

**സിവിൽകോഡും മതങ്ങളും**

ഓരോ മതങ്ങളുടെയും ആചാരങ്ങൾക്ക് സംരക്ഷണം നൽകുന്നവയാണ് അതത് മതങ്ങളുടെ വ്യക്തിനിയമങ്ങൾ. ഇവ ഏകീകരിക്കപ്പെട്ടാൽ ഓരോ മതങ്ങളുടെയും വിവിധ ആചാരങ്ങൾക്കും രീതികൾക്കും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിയമസംരക്ഷണം ഇല്ലാതായേക്കും.

ഇസ്ലാം: വിവാഹം, വിവാഹമോചനം, ജീവനാംശം എന്നിവയിൽ ശരിഅത്ത് അഥവാ ഇസ്ലാമിക നിയമങ്ങളാണ് ബാധകമെന്ന് 1937ലെ മുസ്ലിം പേഴ്സണൽ (ശരിഅത്ത്) ആപ്ലിക്കേഷൻ നിയമം വ്യക്തമാക്കുന്നു. ഏക സിവിൽ കോഡ് വന്നാൽ മുസ്ലിങ്ങൾക്ക് വിവാഹത്തിനാവശ്യമായ ചുരുങ്ങിയ പ്രായത്തിൽ മാറ്റം വന്നേക്കും. മുസ്ലിം പെൺകുട്ടികൾക്ക് ഋതുമതിയായാൽ (അല്ലെങ്കിൽ 15 വയസ്സ്) വിവാഹിതരാകാമെന്നാണ് വ്യക്തിനിയമം പറയുന്നത്. ബഹുഭാര്യത്വത്തിനുള്ള നിയമസംരക്ഷണവും ഇല്ലാതായേക്കാം.

സിഖ്: 1909-ലെ ആനന്ദ് മാരേജ് ആക്ടാണ് സിഖ് വിവാഹം നിയന്ത്രിക്കുന്നത്. എന്നാൽ, വിവാഹ മോചനത്തെക്കുറിച്ച് ഇതിൽ പറയുന്നില്ല. അതിനാൽ വിവാഹമോചനത്തിന് സിഖുകാർ ഹിന്ദു വിവാഹ നിയമമാണ് പിന്തുടരുന്നത്. ഇതിന് ഏക സിവിൽകോഡിൽ മാറ്റമുണ്ടാകാം.

പാഴ്സി: മറ്റുമതക്കാരെ വിവാഹം കഴിക്കുന്ന പാഴ്സി പെൺകുട്ടിക്ക് മതപരമായ അവകാശങ്ങൾ നഷ്ടപ്പെടുമെന്ന് 1936-ലെ പാഴ്സി വിവാഹ, വിവാഹമോചന നിയമം വ്യക്തമാക്കുന്നു. മതപരമായ ചടങ്ങുകളിലും ആചാരങ്ങളിലും പിന്നെ പെൺകുട്ടിക്ക് അവകാശമുണ്ടാവില്ല. ഈ വ്യവസ്ഥ ഏക സിവിൽകോഡ് വന്നാൽ ഇല്ലാതായേക്കും. ദത്തെടുത്ത പെൺകുട്ടികളുടെ അവകാശങ്ങളും പാഴ്സി നിയമത്തിൽ അംഗീകരിക്കുന്നില്ല. ദത്തെടുക്കപ്പെട്ട ആൺക്കുട്ടിക്ക് പിതാവിന്റെ അന്ത്യകർമങ്ങൾ ചെയ്യാൻ മാത്രം അവകാശമുണ്ട്. ഏക സിവിൽകോഡ് വന്നാൽ കുട്ടികളുടെ കസ്റ്റഡിയും രക്ഷാകർതൃവും സംബന്ധിച്ച് പൊതുവായ നിയമം പാഴ്സികൾക്കും ബാധകമാകും.

ക്രിസ്ത്യൻ: പിന്തുടർച്ചാവകാശം, ദത്തെടുക്കൽ,വിവാഹം, വിവാഹമോചനം എന്നിവയിൽ ക്രിസ്ത്യൻ വ്യക്തിനിയമത്തെ ഏക സിവിൽകോഡ് ബാധിക്കും. വിവാഹമോചനം അംഗീകരിക്കാത്ത കാത്തലിക് വിഭാഗത്തെ സിവിൽകോഡ് തീർച്ചയായും ബാധിക്കും. ക്രിസ്ത്യൻ വിവാഹമോചന നിയമത്തിലെ പത്ത് എ(ഒന്ന്) വകുപ്പ് പ്രകാരം ഉഭയസമ്മതത്തോടെയുള്ള വിവാഹമോചനത്തിന് ദമ്പതിമാർ രണ്ടുവർഷം പിരിഞ്ഞ് താമസിച്ചിരിക്കണം. മരിച്ച കുട്ടികളുടെ സ്വത്തിൽ ക്രിസ്ത്യൻ അമ്മമാർക്ക് അവകാശമില്ല. അവയെല്ലാം പിതാവിനാണ്. ഇതെല്ലാം ഏക സിവിൽകോഡിൽ ഇല്ലാതായേക്കും.

**ഹിന്ദുക്കളെ ബാധിക്കില്ലേ**

ഹിന്ദുമതത്തിലെ വിവിധ നിയമങ്ങൾ ക്രോഡീകരിച്ചുകൊണ്ട് 1950കളിൽ ഹിന്ദു കോഡ് ബില്ലുകൾ കൊണ്ടുവന്നതോടെ അവയ്ക്ക് പൊതുസ്വഭാവമായി. ഇതിലൂടെ വിവാഹമോചനം നിയമപരമാക്കുകയും ബഹുഭാര്യത്വം എതിർക്കുകയും പെൺമക്കൾക്കും സ്വത്തവകാശം നൽകുകയും ചെയ്തു. ഹിന്ദു പിന്തുടർച്ചാവകാശനിയമം, വിവാഹ നിയമം, മൈനോറിറ്റി ആൻഡ് ഗാർഡിയൻ ഷിപ് നിയമം, ദത്തെടുക്കലും പരിപാലനവും നിയമം എന്നിവ നിലവിൽവന്നു. എന്നാൽ, ഏക സിവിൽ കോഡ് ഹിന്ദുക്കളെ ബാധിക്കില്ലെന്ന് കരുതാനാവില്ല. ഉദാഹരണത്തിന് ഹിന്ദു അവിഭക്തകുടുംബത്തിന് (ഹിന്ദു അൺഡിവൈഡഡ് ഫാമിലി) വിവിധ കാര്യങ്ങളിൽ പ്രത്യേക നിയമ ആനുകൂല്യങ്ങളുണ്ട്. അവർക്ക് കൈവശം വെക്കാവുന്ന സ്വത്തിന്റെ പരിധി, ഭൂമിയുടെ പരിധി, നികുതിയിളവുകൾ തുടങ്ങിയവ നിലനിൽക്കുന്നു. വ്യക്തി, കമ്പനി എന്നതൊക്കെപ്പോലെ പ്രത്യേക ലീഗൽ എന്റിറ്റിയാണ് ഹിന്ദു അവിഭക്തകുടുംബം. ഇതിനെ തൊടാതെ ഏക സിവിൽകോഡ് നടപ്പാക്കുക പ്രയാസമാകും.

മിതാക്ഷരസമ്പ്രദായമാണ് ഇന്ത്യയിൽ പൊതുവേ എല്ലായിടത്തും ഹിന്ദു നിയമങ്ങൾ പിന്തുടരുന്നതെങ്കിൽ ബംഗാളിലും അസമിലും ദയാബാഗ സമ്പ്രദായമാണ്. മിതാക്ഷരതന്നെ പലയിടത്തും വ്യത്യസ്തമാണ്. ദയാബാഗപ്രകാരം ഹിന്ദു കൂട്ടുകുടുംബ സമ്പ്രദായത്തിൽ അച്ഛനാണ് പൂർണ അധികാരം. മിതാക്ഷരയിൽ മുഴുവൻ പുരുഷ അംഗങ്ങൾക്കും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അവകാശമുണ്ട്. നടത്തിപ്പ് അവകാശം കാരണവർക്കാണെന്നു മാത്രം.

**ആറാം പട്ടികയും 371-ാം അനുച്ഛേദവും എന്താകും**

രാജ്യവ്യാപകമായി ഏക സിവിൽ കോഡ് നടപ്പാക്കുമ്പോൾ ഭരണഘടനയുടെ ആറാം പട്ടികയുടെ സംരക്ഷണമുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രവർഗങ്ങളുടെ ആചാരങ്ങൾക്ക് എന്തുസംഭവിക്കുമെന്നാണ് കണ്ടറിയേണ്ടത്. ഈ സംസ്ഥാനങ്ങളിലെ ഗോത്ര വർഗക്കാരുടെ സംസ്കാരം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്വയംഭരണ ജില്ലാ കൗൺസിലുകളാണ് കൈകാര്യം ചെയ്യുന്നത്.

ഇതുപോലെ ഭരണഘടനയുടെ 371 (എ) അനുച്ഛേദം നാഗാലാൻഡിലെ ഗോത്രവർഗങ്ങളുടെ ആചാരസംരക്ഷണം ഉറപ്പുനൽകുന്നു. പതിമൂന്നാം ഭരണഘടനാ ഭേദഗതിയിലൂടെ കൊണ്ടുവന്ന ഈ അനുച്ഛേദപ്രകാരം നാഗകളുടെ മതം, സാമൂഹികാചാരം, ഭൂവുടമസ്ഥത, സിവിൽ, ക്രിമിനൽ, നീതിന്യായം തുടങ്ങിയവയിൽ പാർലമെന്റിന്റെ നിയമനിർമാണം ബാധകമാവില്ല. അല്ലെങ്കിൽ. നാഗാലാൻഡ് നിയമസഭ മറിച്ചൊരു പ്രമേയം പാസാക്കണം. നാഗാലാൻഡിലെ ഗോത്രമേഖലയിൽ സി.ആർ.പി.സി. (ക്രിമിനൽ നടപടിച്ചട്ടം) പോലും മാറിനിൽക്കണം. ഇതുപോലെ 371 'ബി' മുതൽ 'ഐ' വരെയുള്ള അനുച്ഛേദങ്ങൾ ചില വടക്കുകിഴക്കൻ

സംസ്ഥാനങ്ങളിലെ ഗോത്രവർഗ സംസ്കാരങ്ങൾക്കും ഭരണഘടനാ സംരക്ഷണം നൽകുന്നു.

മേഘാലയയിലെ ഗാരോ, ഖാസി ഗോത്ര വർഗങ്ങൾ സ്വത്തവകാശത്തിൽ തായ് വഴി സമ്പ്രദായമാണ് പിന്തുടരുന്നത്. കുടുംബത്തിലെ ചെറിയ മകൾ വഴിയാണ് സ്വത്തുക്കൾ അടുത്ത തലമുറയിലേക്കു പോവുക. ഗാരോ വിഭാഗത്തിൽ ഭാര്യയുടെ മാതാപിതാക്കൾക്കൊപ്പമാണ് ഭർത്താവ് കഴിയുക. മികീർ വിഭാഗങ്ങൾക്കിടയിലും മകൾക്കാണ് സ്വത്തവകാശം.മാത്രവുമല്ല, ഏകമകളാണെങ്കിൽ വിവാഹശേഷവും മാതാപിതാക്കളെ വിട്ടുപോകാൻ പാടില്ല.

ദിമാസ, ഗാരോ വിഭാഗങ്ങൾക്ക് ആറാം പട്ടികയുടെ സംരക്ഷണമുണ്ട്. എന്നാൽ, ഇവരോട് അടുത്തുനിൽക്കുന്ന അക്ക വിഭാഗങ്ങളുടെ ആചാരങ്ങൾ ആറാം പട്ടികയിൽ വരുന്നുമില്ലെന്ന് ദേശീയ വനിതാ കമ്മിഷന്റെ ഒരു റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. അംഗാമി ഗോത്രത്തിന്റെ ആചാരനിയമങ്ങൾക്ക് ഭരണഘടനയുടെ 371എ പ്രകാരമുള്ള സംരക്ഷണമുണ്ട്. എന്നാൽ ഇത്തരം ആചാരനിയമങ്ങളെ പുരുഷൻമാർക്ക് അനുകൂലമായി വ്യാഖ്യാനിക്കുന്ന സാഹചര്യങ്ങളുമുണ്ടെന്നും കമ്മിഷൻ ചൂണ്ടിക്കാട്ടുന്നു.

മേൽപ്പറഞ്ഞ, ഭരണഘടനാ സംരക്ഷണമുള്ള സാംസ്കാരിക, ആചാര വൈവിധ്യങ്ങളെ സിവിൽകോഡ് എങ്ങനെ കൈകാര്യം ചെയ്യുമെന്നാണ് അറിയേണ്ടത്. ഒരുപക്ഷേ, ആറാം പട്ടികയും 371-ാം വകുപ്പും സംരക്ഷണം നൽകുന്ന ഗോത്രവർഗ ആചാരങ്ങളെ തൊടാതെയുള്ള സിവിൽ കോഡാകുമോ നടപ്പാക്കുക എന്നറിയാൻ ബില്ലിന്റെ കരടിനായി കാത്തിരിക്കണം.

**സംസ്ഥാനങ്ങൾക്ക് നിയമനിർമാണം നടത്തി മറികടക്കാനാവില്ല**

കേന്ദ്രം കൊണ്ടുവരുന്ന ഏക സിവിൽകോഡ് സംസ്ഥാന താത്പര്യങ്ങൾക്ക് എതിരാണെന്നുവന്നാൽ സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമാണം നടത്തി അതിനെ മറികടക്കാനാകുമോ? സാധിക്കില്ല. കാരണം, വ്യക്തിനിയമങ്ങൾ പൊതുപട്ടികയിലാണ് (കൺകറൻറ് ലിസ്റ്റ്) വരുന്നത്. അവയിൽ നിയമനിർമാണത്തിന് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരമുണ്ടെങ്കിലും ഇരുനിയമവും തമ്മിൽ വൈരുധ്യമുണ്ടായാൽ കേന്ദ്രനിയമമേ നിലനിൽക്കൂ.

**സിവിൽകോഡും സുപ്രീംകോടതിയും**

ഒട്ടേറെത്തവണ ഏക സിവിൽ കോഡിനനുകൂലമായി സുപ്രീംകോടതി സംസാരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം 1985-ലെ ഷാബാനു കേസിലാണ്. മുസ്‌ലിം സ്ത്രീക്ക് ജീവനാംശത്തിന് അർഹതയുണ്ടെന്നായിരുന്നു വിധി. ദേശീയോദ്ഗ്രഥനത്തിന് സഹായിക്കുന്ന ഏക സിവിൽ കോഡ് കൊണ്ടുവരേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണെന്ന് സുപ്രീംകോടതി പറഞ്ഞത് ഈ കേസിലാണ്. ഏക സിവിൽകോഡ് തയ്യാറാക്കാൻ എന്തെങ്കിലും ഔദ്യോഗിക നടപടികളുണ്ടായതായി ഒരു തെളിവുമില്ലെന്നും ഭരണഘടനയ്ക്ക് എന്തെങ്കിലും അർഥമുണ്ടെങ്കിൽ അതിന് തുടക്കം കുറിക്കണമെന്നും കോടതി പറഞ്ഞു.

ഇദ്ദത്ത് കാലയളവിൽ (പരമാവധി മൂന്നുമാസം) മാത്രമേ ജീവനാംശം നൽകേണ്ടതുള്ളൂ എന്നാണ് മുസ്ലിം വ്യക്തിനിയമം പറയുന്നതെന്നും

അതുപ്രകാരമുള്ള ബാധ്യത നിർവഹിച്ചു വെന്നുമാണ് 73 കാരിയായ ഷാബാനുവിനെ മുത്തലാഖ് ചൊല്ലി വിവാഹമോചനം നടത്തിയ ഭർത്താവ് വാദിച്ചത്. ഇതംഗീകരിക്കാതെ ജില്ലാ കോടതിയും ഹൈക്കോടതിയും സുപ്രീംകോടതിയും ഷാബാനുവിന് അനുകൂലമായി വിധി പറഞ്ഞു. എന്നാൽ, വിധിയുമായി ബന്ധപ്പെട്ട് വലിയ രാഷ്ട്രീയതർക്കങ്ങൾ തന്നെ നടന്നു. തുടർന്ന്, വിധിയെ മറികടക്കുംവിധം പാർലമെന്റ് നിയമ നിർമാണവും നടത്തി.

ഏക സിവിൽകോഡ് വേണമെന്ന ആവശ്യത്തെ സംശയിക്കേണ്ടതില്ലെന്നാണ് സരള മുദ്ഗൽ കേസിൽ (1995) സുപ്രീംകോടതി പറഞ്ഞത്. എന്നാൽ, വ്യക്തിഗത നേട്ടങ്ങൾ മാറ്റിവെച്ച് സമൂഹവും നേതാക്കളും അതിനായി ഉയരണമെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

ബഹുഭാര്യത്വത്തിന്റെ ആനുകൂല്യം ലഭിക്കാൻ മുസ്‌ലിം മതത്തിലേക്ക് മാറിയ വിഷയമാണ് ഈ കേസിൽ പരിഗണിച്ചത്. മുസ്ലിം മതത്തിലേക്ക് മാറിയ ശേഷം വീണ്ടും വിവാഹം കഴിച്ചതു കൊണ്ട് നേരത്തേ കഴിച്ച ഹിന്ദുവിവാഹം ഇല്ലാതാവില്ലെന്ന് സുപ്രിംകോടതി വ്യക്തമാക്കി. അതിനാൽ മുസ്ലീമായ ശേഷം രണ്ടാംവിവാഹം കഴിച്ചത് കുറ്റകരമാണെന്നും സുപ്രീം കോടതി പറഞ്ഞു.

മുത്തലാഖ് ഭരണവിരുദ്ധമാണെന്നു വിധിച്ച 2017-ലെ ഷയറാബാനു കേസിലും നിയമനിർമാണത്തെക്കുറിച്ച് സുപ്രീംകോടതി പറഞ്ഞു. ഏക സിവിൽ കോഡിനെക്കുറിച്ചല്ലെങ്കിലും മുത്തലാഖ് നിയമവിരുദ്ധമാക്കാൻ മുസ്‌ലിം വിവാഹവും വിവാഹമോചനവും നിയന്ത്രിക്കാനുള്ള നിയമമാണ് സുപ്രീം കോടതി നിർദേശിച്ചത്. മുത്തലാഖ് ക്രിമിനൽക്കുറ്റമാക്കിക്കൊണ്ട് സർക്കാർ പിന്നീട് നിയമമുണ്ടാക്കി.

**നിയമത്തിന്റെ നിലപാട്**

ഏക സിവിൽകോഡ് നടപ്പാക്കുന്നതു സംബന്ധിച്ച് പരിശോധിക്കാൻ 2016ലാണ് നിയമകമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടത്. വിഷയം പഠിച്ച് കമ്മിഷൻ അന്തിമ റിപ്പോർട്ടിനുപകരം 2016-ൽ ഒരു കൺസൾട്ടേഷൻ പേപ്പർ ആണ് സമർപ്പിച്ചത്. നിയമനിർമാണം നടത്തുമ്പോൾ സാംസ്കാരിക വൈവിധ്യം ബലി കഴിക്കരുതെന്നാണ് കമ്മിഷൻ മുന്നറിയിപ്പുനൽകിയത്. ഏകത്വത്തിനു വേണ്ടിയുള്ള നമ്മുടെ ത്വരതന്നെ രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് ഭീഷണി യാകരുതെന്ന് കമ്മിഷൻ പറഞ്ഞു. വിവിധ മത, ഗോത്ര വിഭാഗങ്ങൾക്കിടയിലുള്ള ആചാരങ്ങളും അവയ്ക്കുള്ള നിയമ സംരക്ഷണവുമെല്ലാം കമ്മിഷൻ ചൂണ്ടിക്കാട്ടി.

ഐക്യരാഷ്ട്രം എന്നതിന് സമാനമായ ആവശ്യമൊന്നുമില്ലെന്ന് നിയമകമ്മിഷൻ പറഞ്ഞു. മതേതരത്വം ബഹുസ്വരതയ്ക്ക് വിരുദ്ധമാവരുത്. സാംസ്കാരിക വൈവിധ്യങ്ങൾ സമാധാനത്തോടെ ഒത്തു ചേർന്നു പോകുന്നത് ഉറപ്പുവരുത്തുകയാണ് ചെയ്യേണ്ടത്. വിവിധതരം ആളുകളെയും അവരുടെ വ്യത്യസ്തങ്ങളായ ഭാഷകളെയും വിശ്വാസങ്ങളെയുമെല്ലാം തിരിച്ചറിഞ്ഞ് സംരക്ഷിക്കുന്നതിലാണ് ഇന്ത്യയിലെ മതേതരത്വത്തിന്റെ അന്തഃസത്ത എന്ന്

ടി.എം.എ. പൈ കേസിൽ സുപ്രീം കോടതി പറഞ്ഞതും കമ്മിഷൻ ചൂണ്ടിക്കാട്ടി. എന്നാൽ, ഈ കൺസൾട്ടേഷൻ പേപ്പർ ഇറങ്ങി വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ 22-ാം നിയമകമ്മീഷൻ വീണ്ടും വിഷയം പരിശോധിക്കുകയാണ്. ഇക്കാര്യത്തിൽ കമ്മീഷൻ കഴിഞ്ഞമാസം വിവിധ മതസംഘടനകളുടെയും വ്യക്തികളുടെയും അഭിപ്രായം തേടിയിരിക്കുകയാണ്. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഏക സിവിൽ കോഡുമായി മുന്നോട്ടുപോവുകയെന്നാണ് നിയമമന്ത്രാലയവൃത്തങ്ങൾ പറയുന്നത്.

**ഗോവ ഏക സിവിൽ കോഡുള്ള ഏക സംസ്ഥാനം പക്ഷേ,**

ഇന്ത്യയിൽ ഏക സിവിൽ കോഡ് നടപ്പാക്കിയ ഏക സംസ്ഥാനമാണ് ഗോവ. പത്തൊമ്പതാം നൂറ്റാണ്ടിലെ പോർച്ചുഗീസ് സിവിൽകോഡാണ് ഇവിടെ പിന്തുടരുന്നത്. അതേസമയം, ഇതിനെ പരിപൂർണമായ ഏക സിവിൽ കോഡെന്ന് പറയാനുമാവില്ല കാരണം ചിലകാര്യങ്ങളിൽ ചില മതങ്ങൾക്ക് പ്രത്യേക ആനുകൂല്യം നൽകുന്നു.

സ്വത്തിലും വരുമാനത്തിലും ഭർത്താവിനും ഭാര്യക്കും ലിംഗവിത്യാസമില്ലാതെ മക്കൾക്കും തുല്യതനൽകുന്നതാണ് ഗോവയിലെ നിയമം. ദമ്പതിമാരിൽ രണ്ടുപേർക്കും സ്വത്തിൽ തുല്യഉടമസ്ഥതയാണ്. വിവാഹമോചനം നേടിയാൽ രണ്ടുപേർക്കും പകുതിസ്വത്ത് ലഭിക്കും. ഒരാൾ മരിച്ചാൽ മുഴുവൻ സ്വത്തും മറ്റേയാൾക്ക്. പകുതി സ്വത്തെങ്കിലും ദമ്പതിമാർ കുട്ടികൾക്ക് കൈമാറണം. പരമ്പരാഗത സ്വത്ത് മക്കൾക്ക് തുല്യമായി വീതിക്കണം.

ഗോവയിൽ വിവാഹം രജിസ്റ്റർ ചെയ്ത മുസ്‌ലിങ്ങൾക്ക് ബഹുഭാര്യാത്വമോ മുത്തലാഖോ (മുത്തലാഖ് നിലവിൽ രാജ്യത്തെല്ലായിടത്തും നിരോധിച്ചു) സാധിക്കില്ല.

അതേസമയം, ഗോവയിലെ സിവിൽ കോഡും വിമർശനം നേരിടുന്നുണ്ട്. ഉദാഹരണത്തിന് ചിലസാഹചര്യങ്ങളിൽ ഹിന്ദുക്കൾക്ക് ബഹുഭാര്യത്വം അനുവദിക്കുന്നുണ്ട്. ഇരുപത്തിയഞ്ചു വയസ്സായിട്ടും ഭാര്യ ഗർഭംധരിച്ചില്ലെങ്കിലോ 30 വയസ്സായിട്ടും ആൺകുട്ടിയുണ്ടായില്ലങ്കിലോ ഹിന്ദുക്കൾക്ക് ബഹുഭാര്യത്വമാകാമെന്ന് പറയുന്നു. മറ്റു സമുദായക്കാർക്ക് ബഹുഭാര്യത്വം പറ്റില്ല. വിവാഹം രജിറ്റർ ചെയ്തിരിക്കണമെന്ന നിർബന്ധം ഗോവയിൽ കത്തോലിക്കർക്കില്ല. വിവാഹമോചനം നടത്താൻ കത്തോലിക്കാ പുരോഹിതർക്ക് അധികാരവും നൽകുന്നു. അതുപോലെ, നിയമപരമല്ലാത്ത വിവാഹത്തിലൂടെയല്ലാതെയുണ്ടായ കുട്ടികളോടും ദത്ത്കുട്ടികളോടും ഗോവ സിവിൽ കോഡ് വിവേചനം കാട്ടുന്നുണ്ട്.

**മാതൃഭൂമി,**

**12, ജൂലൈ 2023.**

ജജജജജജജജ

# CITIZEN ACTION FOR CLEAN POLITICIANS, CLEANER POLITICS

**Trilochan Sastry**

The potential of India can be realised when its citizens firmly reject growing criminality in the political system.

What does a comprehensive look at the background of all the 4,001 sitting Members of the Legislative Assemblies across India tell us about the state of Indian politics? Can India's aspirations to be a globally respected economic and cultural power be fulfilled with the kind of politics it has?

All candidates now follow stipulations following a Supreme Court of India judgment, filing self-sworn affidavits which record the details of criminal cases they have, if any. Of the 4,001 sitting MLAs, 1,777 of them, or 44%, have a criminal case. The current Lok Sabha also has 43% Members of Parliament (MP) with criminal cases. In 2004, the percentage was around 22%, and has now doubled. Many people feel that the cases are either trivial ones or politically motivated. The point that these are not frivolous first information reports needs to be emphasised. These are cases registered after a due process of investigation, filing of charge sheets, a preliminary hearing of the case and being formally charged in a court of law. Even if we say that the cases are foisted by rival political parties, it shows that political parties are selectively using the law and the system needs to change. The law and order system was put in place by political parties and they need to change it. However, facts show that most cases were filed when the party to which the MLA or MPs belonged to was in power. So, the cases are not all politically motivated.

## The Data is an Eye-Opener

If we dig deeper and look at serious criminal cases—which on conviction would lead to a jail sentence of five years or more—there are 1,136 or 28% of such MLAs today. There are 47 MLAs with murder cases, 181 with attempt to murder cases another 114 with cases related to crimes against women, and 14 with rape cases. States/Union Territories with the highest number of serious criminal cases are Delhi 53%, Bihar 59%, Maharashtra, Jharkhand and Telangana 39% each, and Uttar Pradesh 38%.

No political party is free of this malaise. If one focuses only on those parties with at least 40 such MLAs, the Bharatiya Janata Party (BJP) leads with 479 MLAs with criminal cases, and 337 with serious criminal cases. The next largest party, the Indian National Congress (INC), has 334 MLAs with criminal cases, and 194 with serious criminal cases.

The other parties including the Dravida Munnetra Kazhagam (DMK), Trinamool Congress, Aam Aadmi Party, YSR Congress, Samajwadi Party, Bharat Rashtra Samithi (formerly the Telangana Rashtra Samithi), Rashtriya Janata Dal, Communist Party of India (Marxist) and Biju Janata Dal have a lower number of such MLAs but with a higher percentage of offences between 42% to 76% for criminal cases, and 32% to 43% for serious criminal cases. The other parties such as the Nationalist Congress Party, Shiv Sena, Janata Dal (United) or JD(U), Jharkhand Mukti Morcha and All India Anna Dravida Munnetra Kazhagam have far fewer seats, and so the number of their MLAs with criminal cases is also much lower.

In the 2019 Lok Sabha, the BJP had 116 MPs with a criminal record, the INC 29, DMK 10, Trinamool Congress 9, and JD(U) 13. When it came to serious criminal cases, the BJP has 87 MPs, INC 19, DMK 6, Trinamool Congress 4, and JD(U) 8. Even Union Ministers are tainted. In the case of their first swearing in during 2019, there were 22 Ministers out of 56 with criminal cases and a total of 61 cases against these 22 Ministers, all from the ruling party. The chances of those with a criminal record winning was over 15%. In comparison, it was 4.7% for those with a clean record. This shows that people with a criminal record are more likely to get elected. No other country has so many people with known criminal records in its Parliament or State Assemblies.

**Net Worth and Election Spend**

Gender representation is low with only 9% of elected women MLAs. Most MLAs are college graduates or more (66%). The average assets of MLAs was ₹13.63 crore, and of those with a criminal case, at ₹16.36 crore. Winning depends on the wealth of a candidate, with 30% of those with assets of ₹5 crore or more being elected, while only 8% of those with assets of ₹2 crore or less were elected.

In contrast, 75% of Indian citizens reported wealth of ₹8 lakh or less and a total of 98% reported wealth of 280 lakh or less.

The spend on elections now is at an all-time high. Clothes, mobiles, cooking equipment, liquor and cash are distributed to entice voters, thus violating the law. Estimates show that the expenditure in the Lok Sabha elections is more than that in the United States presidential elections.It is

well known that candidates spend crores of rupees and violate the spending limit of ₹ 40 lakh for MLAs and 70 lakh for MPs (enhanced to ₹ 90 lakh in 2022), which is the limit the Election Commission of India (ECI) has set in consultation with political parties. Public money is spent to promise freebies such as free water, electricity, travel and food to name a few.

The number of MLAs and MPs with criminal records has risen only because their party leaders continue to distribute more tickets to such candidates. In the so-called advanced countries, there is no such system of distributing tickets. Candidates are selected either by a first-round primary, as in the U.S., or by a more open and democratic process, as in many European countries.

In summary, India has a system where there are a very significant number of elected representatives with a serious criminal record. Such people are more likely to win than others. Electoral laws are flouted while spending money. So far, the ECI has taken very little action on this. Political leaders continue to distribute tickets to such people. Winning is the means by which to recover the money spent and accumulate it for the next election. Media management, especially through social media, passes off as good governance.

**The Catalyst**

We will see more of this in the next Lok Sabha election in 2024. Every party fears that it will lose if it undertakes reforms. Media management can impact public perception for some time. Eventually, more and more Indians will get to know the truth. Perhaps that is the moment when change will happen. That is when the potential of the country will be realised. Citizen action can speed up this process.

*(Trilochan Sastry is Professor, Indian Institute of Management Bangalore and Founder Chairman, Association for Democratic Reforms)*

**The Hindu,**

**12, July 2023.**

# A BILL THAT FENCES IN THE RIGHT TO INFORMATION

**Shailesh Gandhi**

The news that the Union Cabinet has approved the Digital Personal Data Protection Bill and will table it in the monsoon session of Parliament (July 20-August 11) raises certain issues. The draft Bill was placed in the public domain in December 2022 but the final Bill has not been placed before the public. Citizens are concerned that if two of its provisions are not changed, it may lead to a major regression for democracy.

The proposed Digital Personal Data Protection Bill has two provisions which would greatly weaken the Indian citizen's right to information. The Indian Right to Information (RTI) Act, effective since October 12, 2005, is one of the best transparency laws in the world, empowering citizens and is a practical recognition of their role as the rulers and owners of India. This is the outcome of people's struggles led by the Mazdoour Kisan Shakti Sangathan's fight starting in rural Rajasthan which culminated in the drafting of the law in 2004. There were intense discussions about its provisions and it took an all-party parliamentary committee to carefully craft its provisions. Its preamble elegantly states that democracy requires informed citizens and transparency in the affairs of their government so that they can hold it accountable and curb corruption. It harmonised the need for an efficient government while preserving the ideals of democracy.

### Embraced by the Citizen

Governments and those wielding the levers of power have been perturbed by this transfer of power to the ordinary citizen. Citizens have taken to the RTI like a fish to water. Despite public officials using various devices to deny citizens their legitimate right, many have used this democratic instrument to expose wrongdoing and corruption. The law recognises that the default mode is that each citizen has the right to access almost all the information with the government. Ten categories of information have been exempted from disclosure to prevent harm to certain interests and to ensure smooth working of the government. These are outlined in Section 8(1), with the 10 subsections from a to j.

The most widely misused exemption is Section 8(1)(j) which

exempts personal information which is not a part of public activity, or which is an invasion on the privacy of an individual. It has a proviso which is an acid test to help anyone claiming exemption which states: 'Provided that the information, which cannot be denied to the Parliament or a State Legislature shall not be denied to any person' . Thus, the law stated that personal information may be exempt if: it is not related to a public activity or interest, or would cause unwarranted invasion of the privacy of an individual

To help an officer, an Information Commissioner or judge to arrive at the right decision, the special proviso was provided as an acid test. Whoever claimed that a disclosure was exempt under Section 8(1)(j) should make a statement that he would not give this information to Parliament.

**The Basis of Refusals**

Many refusals of information did not adhere to the law but refused information with a bland statement that since it was personal information, they would not give it. This was illegal but has been widely used to cover arbitrary, corrupt or illegal acts of government officials. Some examples are: the Department of Personnel and Training refusing "Total number of Annual Performance Appraisal reports (APAR) of IAS officers pending presently for over one year, two years, three years and four years" by claiming exemption under Section 8(1)(j); request for details of Member of the Legislative Assembly funds being denied saying it was personal information; details of the beneficiaries of the Prime Minister's fund; bogus caste certificates, education certificates, ghost employees; gross arbitrariness and corruption in selections for jobs and non-conformance to rules and laws; disproportionate assets compared to declared income; verification of affidavits of elected representatives; unfair assessment of students and job seekers in government; disregard of corruption charges against officials that have been proven; file notings and minutes of meetings

**What is in Store**

However, many honest officers and commissioners often gave information if it was not covered by the exemption. Unfortunately, the proposed Data Protection Bill plans to amend RTI Act Section 8(1)(j) to read as exempting information under (j), which relates to personal information.

If this amendment is made, all information which can be related to a person could be legally denied. Most information could be shown as being related to a person, and hence the law would become a Right to Deny for

Public Information Officers (PIO) who do not wish to give out information. Incidentally, this proposal is a tacit admission that any current denial of information on the grounds of it being 'personal information' only, is illegal. Whenever a PIO wants to deny information, he will be able to link it to some person. The proposed Bill defines the term 'person' very widely to include individuals, companies and the state. Most information except budgets would be linked to one of these. Thus, the RTI would become a Right to Deny Information, rendering it an ineffective tool.

In 18 years no harm has come to any national or personal interest because of RTI. Therefore, the proposed amendment would lead to a major regression for democracy.

*(Shailesh Gandhi is a former Central Information commissioner)*

**The Hindu,**

**18, July 2023.**

# CHILD , LAW AND CONSENSUAL SEX

